

2024
മേയ്
03
വെള്ളി

അന്വേഷി
INDEPENDENT NEWS DAILY

Email: anveshinews11@gmail.com ■ തിരുവനന്തപുരം ■ കൊല്ലം ■ കോഴിക്കോട് ■ RNI NO. 5184, Vol - 4, Issue -164 ■ വില: 8.50 ■ പേജ് : 08

2 മേയർ ഡ്രൈവർ പോര് : കോർപറേഷൻ കൗൺസിലിൽ ബഹളം

3 അവധിക്കാലം കവർന്നെടുക്കുന്ന പരിശീലനം: അധ്യാപകർ പ്രതിഷേധത്തിൽ

മേയർക്കെതിരായ ഡ്രൈവറുടെ പരാതി

മനുഷ്യാവകാശ കമ്മിഷൻ ഇടപെട്ടു, അന്വേഷണത്തിന് ഉത്തരവ്

തിരുവനന്തപുരം: മേയർ ആര്യ രാജേന്ദ്രനെതിരെ കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവർ നൽകിയ പരാതിയിൽ മനുഷ്യാവകാശ കമ്മിഷന്റെ ഇടപെടൽ. യാത്രക്കാരുമായി പോകുകയായിരുന്ന ബസ് നടുറോഡിൽ തടഞ്ഞിട്ട് ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തി അപമാനിച്ചവർക്കെതിരെയും ഇത് സംബന്ധിച്ച പരാതിയിൽ കേസെടുക്കാത്ത കന്റോൺമെന്റ് എസ്.എച്ച്.ഒയ്ക്കെതിരെയും നിയമ നടപടി സ്വീകരിക്കണമെന്ന ബസ് ഡ്രൈവറുടെ പരാതിയിൽ അന്വേഷണത്തിന് കമ്മിഷൻ ഉത്തരവിട്ടു.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണറും കെ.എസ്.ആർ.ടി.സി. മാനേജിങ് ഡയറക്ടറും അന്വേഷണം നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മുഷ്യാവകാശ കമ്മിഷൻ ആക്റ്റിങ് ചെയർ പേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥാണ് ഉത്തരവിട്ടത്.

മേയ് ഒമ്പതിന് തിരുവനന്തപുരത്തെ കമ്മിഷൻ ഓഫീസിൽ നടക്കുന്ന സിറ്റിങ്ങിൽ കേസ് പരിഗണിക്കും. നേമം സ്വദേശി എൽ.എച്ച്. യദു സമർപ്പിച്ച പരാതിയിലാണ് നടപടി. ആര്യ രാജേന്ദ്രൻ, കെ.എം. സച്ചിൻദേവ്, അരവിന്ദ് കണ്ടാലറിയാവുന്ന രണ്ടു പേർ, എന്നിവർക്കെതിരെയാണ് പരാതി. ഇവർ ഏപ്രിൽ 27ന് യദു ഓടിച്ചിരുന്ന കെ.എസ്.ആർ.ടി.സി ബസിന്റെ യാത്ര തടസപ്പെടുത്തിയെന്ന് പരാതിയിൽ പറയുന്നു. തന്നെ അസഭ്യം പറയുകയും യാത്രക്കാരെ ബസിൽ നിന്നും ഇറക്കിവിടാൻ ശ്രമിക്കുകയും ചെയ്തുവെന്നും യദു പരാതിയിൽ ആരോപിച്ചു. അന്ന് രാത്രി പത്തരയ്ക്ക് കന്റോൺമെന്റ് എസ്.എച്ച്. ഒയ്ക്ക് പരാതി നൽകിയിട്ടും കേസെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തില്ല. ബസിന്റെ മുൻഭാഗത്തുള്ള ക്യാമറകൾ പരിശോധിച്ചാൽ നടന്നത് ബോധ്യമാവും. എന്നാൽ യാതൊരു അന്വേഷണവും നടത്താതെ തനിക്കെതിരെ കേസെടുത്തുവെന്നും യദു പരാതിയിൽ പറഞ്ഞു. കന്റോൺമെന്റ് എസ്.എച്ച്.ഒയെ അന്വേഷണ ചുമതലയിൽ നിന്നും മാറ്റി മറ്റൊരു ഏജൻസിയെ കൊണ്ട് അന്വേഷിക്കണമെന്നാണ് യദുവിന്റെ മറ്റൊരാവശ്യം. ഒന്നു മുതൽ അഞ്ചു വരെയുള്ള എതിർകക്ഷികൾക്കെതിരെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിനും തന്നെയും യാത്രക്കാരെയും സഞ്ചരിക്കാൻ അനുവദിക്കാത്തതിനുമെതിരേയും അന്വേഷണം നടത്തി നിയമ നടപടി സ്വീകരിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.

തുറമുഖ വകുപ്പുമന്ത്രി വി.എൻ. വാസവൻ അദാനി വിഴിഞ്ഞം തുറമുഖം സന്ദർശിക്കുന്നു

വിഴിഞ്ഞം തുറമുഖം: 3 കിലോമീറ്റർ പുലിമുട്ട് പൂർത്തിയായി

ചരക്ക് കയറ്റിറക്ക് ട്രയൽറൺ ജൂണിൽ

തിരുവനന്തപുരം : ക്രെയിനുകളെ ഓട്ടോമാറ്റിക് സംവിധാനം ഉപയോഗിച്ച് നിയന്ത്രിക്കുന്ന കൺട്രോൾ യൂണിറ്റും അദ്ദേഹം സന്ദർശിച്ചു. രാജ്യത്തിന് തന്നെ വിലപ്പെട്ട സമ്മാനമായി വിഴിഞ്ഞം തുറമുഖം മാറുമെന്നും അദ്ദേഹം പറഞ്ഞു. പരീക്ഷണാടിസ്ഥാനത്തിലാവും തുറമുഖത്ത് ചരക്കുകളുടെ കയറ്റിയിറക്കൽ നടത്തുക. കപ്പലിൽനിന്ന് കരയിലേക്കും കരയിൽനിന്ന് കപ്പലുകളിലേക്കും ചരക്കുകളുടെ കയറ്റിയിറക്കൽ നടത്തുന്ന ട്രയൽ റണ്ണാവും നടത്തുക. ഇതിനുള്ള എല്ലാ സാങ്കേതിക സംവിധാനവും അനുബന്ധ വിദഗ്ദ്ധരെയും സജ്ജമാക്കിയെന്ന് തുറമുഖ കമ്പനി അറിയിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

തുറമുഖത്ത് ചരക്കുകളുടെ കയറ്റിയിറക്കലിനായി 32 ക്രെയിനുകളാണ് വേണ്ടത്. ചൈനയിൽനിന്ന് കഴിഞ്ഞയാഴ്ച വരെ 27 ക്രെയിനുകളാണ് തുറമുഖത്ത് എത്തിച്ചിട്ടുള്ളത്. 21 യാർഡ് ക്രെയിനുകളും ആറ് ഷിപ്പ് ടു ഷോർ ക്രെയിനുകളുമാണ് വിവിധ കപ്പലുകളിൽ പല ഘട്ടങ്ങളായി എത്തിച്ചത്. ശേഷിക്കുന്ന രണ്ട് ഷിപ്പ് ടു ഷോർ ക്രെയിനുകളും മൂന്ന് യാർഡ് ക്രെയിനുകളും മേയ് 25 നുള്ളിൽ തുറമുഖത്ത് കൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു. ബൈപ്പാസിനെയും തുറമുഖത്തേയും ബന്ധിപ്പിക്കുന്നതിനുള്ള റോഡിന്റെ മൂന്നുറ് മീറ്റർ കൂടി പൂർത്തികരിക്കാനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മന്ത്രിക്കൊപ്പം ഫിഷറീസ് മന്ത്രി സജി ചെറിയാൻ, തുറമുഖ സി.ഇ.ഒ. പ്രദീപ് ജയരാമൻ, കോർപ്പറേറ്റ് അഫയേഴ്സ് മേധാവി ഡോ. അനിൽ ബാലകൃഷ്ണൻ, വിസിൽ എം.ഡി. ഡോ. ദിവ്യ. എസ്. അയ്യർ, സി.ഇ. ഒ. ശ്രീകുമാരൻ കെ. നായർ, തുറമുഖ സെക്രട്ടറി കെ.എസ്. ശ്രീനിവാസ് തുടങ്ങിയവർ എത്തിയിരുന്നു

ഉഷ്ണതരംഗ സാധ്യത: കോളേജുകൾ ഉൾപ്പടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിങ്കളാഴ്ചവരെ അടച്ചിടും

തിരുവനന്തപുരം: ഉഷ്ണതരംഗ സാധ്യതയെത്തുടർന്ന് മെയ് ആറ് വരെ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടാൻ നിർദേശം. ഉഷ്ണതരംഗ സാധ്യത വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗത്തിന്റേതാണ് നിർദേശം.

സ്കൂൾ വിദ്യാർഥികളുടെ അവധിക്കാല ക്ലാസുകൾ 11 മണിമുതൽ മൂന്നുമണിവരെയുള്ള സമയത്ത് നടത്തരുത്. പോലീസ്, അഗ്നിശമന രക്ഷാസേന, മറ്റ് സേനാവിഭാഗങ്ങൾ, എൻ.സി.സി, എസ്.പി.സി തുടങ്ങിയവയുടെ പരിശീലന കേന്ദ്രങ്ങളിൽ പകൽസമയത്തെ പരേഡും ഡ്രില്ലുകളും ഒഴിവാക്കണമെന്നും നിർദേശമുണ്ട്.

പകൽ 11 മുതൽ വൈകുന്നേരം മൂന്ന് വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മത്സ്യതൊഴിലാളികൾ, മറ്റ് കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ മുതലായവർ ഇതിനനുസരിച്ച് ജോലി സമയം ക്രമീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ഡെങ്കിപ്പനി ഗുരുതരമാകുന്നു: ഇതുവരെ അഞ്ചു മരണം

തൃശൂർ: ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ചു മരിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. ഇതുവരെ അഞ്ചു പേ രാണ് ഡെങ്കിപ്പനി ബാധിച്ചു മരിച്ചത്. എലിപ്പനി ബാധിച്ച് നാലു പേരും ഹെ പ്പറ്റൈറ്റിസ്എ ബാധിച്ച് ഒരാളും മരിച്ചതായി ഡപ്യൂട്ടി ഡിഎംഒ ഡോ. കെ. എൻ. സതീഷ് പറഞ്ഞു.

ജനുവരി മുതൽ ആദ്യ 16 ആഴ്ചവരെയുള്ള കണക്കു പ്രകാരമാണിത്. 508 പേർക്കു ഡെങ്കിപ്പനിയും 41 പേർക്ക് എലിപ്പനിയും നൂറിൽപരം ആളുകൾക്കു ഹെപ്പറ്റൈറ്റിസ് എയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി ഒരുതവണ വന്നയാൾക്കു വീണ്ടും വന്നാൽ അതീവഗുരുതരമാണ്. അതിനാൽതന്നെ ഡെ ങ്കിപ്പനി പരത്തുന്ന കൊതു കുകളെ തുരത്തുകയെന്നതാണ് പ്രധാനം.

കൊതുക് വീടിൻറെ പരിസരത്തും മറ്റു സ്ഥലങ്ങളിലുമൊക്കെ വളരുന്നില്ലെന്ന് ഉറപ്പുവരുത്തുകതന്നെയാണ് ഇതിനു പ്രതിവിധി. ആഴ്ചയിലൊരിക്കൽ ഇത്തരത്തി ൽ പരിശോധന നടത്തണം.

സഹപ്രവർത്തകനെ കൊന്ന് മാലിന്യക്കുഴിയിൽ തള്ളി; തമിഴ്നാട് സ്വദേശി അറസ്റ്റിൽ

കോട്ടയം : വാകത്താനത്ത് സഹപ്രവർത്തകനായ അസം സ്വദേശിയെ കൊലപ്പെടുത്തിയ കേസിൽ തമിഴ്നാട് സ്വദേശിയായ യുവാവിനെ പൊലീസ് അറസ്റ്റ് ചെയ്തു. തമിഴ്നാട് സ്വദേശിയായ പാണ്ടി ദുരൈ (29) എന്നയാളെയാണ് വാകത്താനം പൊലീസ് അറസ്റ്റ് ചെയ്തത്. വാകത്താനം ഭാഗത്ത് ഇരുവരും ജോലി ചെയ്തിരുന്ന കോൺക്രീറ്റ് കമ്പനിയിലെ പ്ലാന്റ് ഓപ്പറേറ്ററായ പാണ്ടി ദുരൈ ഇതേ കമ്പനിയിലെ ഹെൽപ്പർ ആയി ജോലി ചെയ്തിരുന്ന അസംസ്വദേശിയായ ലേമാൻ കിസ്ക് (19) എന്നയാളെ കമ്പനിയിലെ വേസ്റ്റ് കുഴിക്കുള്ളിൽ താഴ്ത്തി കൊലപ്പെടുത്തുകയായിരുന്നു.

ഏപ്രിൽ 28ന് വാകത്താനം ഭാഗത്തുള്ള പ്രീഫാബ് കോൺക്രീറ്റ് കമ്പനിയിലെ വേസ്റ്റ് കുഴിയിൽ യുവാവിനെ മരിച്ച നിലയിൽ കാണപ്പെട്ടതിനെ തുടർന്ന് വാകത്താനം പൊലീസ് അസ്വാഭാവിക മരണത്തിന് കേസ് റജിസ്റ്റർ ചെയ്യുകയായിരുന്നു. തുടർന്ന് ജില്ലാ പൊലീസ് മേധാവി കെ. കാർത്തിക്കിന്റെ നേതൃത്വത്തിൽ നടത്തിയ ശാസ്ത്രീയമായ അന്വേഷണത്തിലാണ് കൊലപാതകത്തിന്റെ ചുരുളഴിഞ്ഞത്. ഏപ്രിൽ 26ന് ജോലിക്ക് എത്തിയ ലേമാൻ കിസ്ക് മിക്സർ മെഷീനുള്ളിൽ ക്ലീൻ ചെയ്യാൻ ഇറങ്ങിയപ്പോൾ പാണ്ടി ദുരൈ മെഷീന്റെ സ്വിച്ച് ഓൺ ചെയ്യുകയായിരുന്നു. തുടർന്ന് മെഷീനുള്ളിൽനിന്ന് താഴെ വീണ യുവാവിനെ ജെസിബി ഉപയോഗിച്ച് കമ്പനിയുടെ വേസ്റ്റ് കുഴിയിൽ തള്ളി. ഇതിനുശേഷം ഇയാൾ കമ്പനിയിൽ സ്ലറി വേസ്റ്റ് സൂക്ഷിച്ചിരുന്ന സ്ഥലത്തെത്തി ജെസിബി കൊണ്ട് ഈ വേസ്റ്റ് ടിപ്പറിലാക്കി ലേമാൻ കിടന്നിരുന്ന വേസ്റ്റ് കുഴിയിൽ നിക്ഷേപിക്കുകയായിരുന്നു.

രണ്ടു ദിവസത്തിനുശേഷം മൃതദേഹം കൈ ഉയർന്ന നിലയിൽ വേസ്റ്റ് കുഴിക്കുള്ളിൽ കണ്ടതോടെയാണ് വിവരം പുറത്തറിഞ്ഞത്. കമ്പനിയിലെ ഇലക്ട്രീഷ്യൻ വർക്ക് കൂടി ചെയ്തിരുന്ന പാണ്ടി ദുരൈ, സംഭവസമയത്ത് സിസിടിവി ഇൻവെർട്ടർ തകരാർ ആണെന്ന് പറഞ്ഞ് ഓഫ് ചെയ്തിരുന്നതായും പൊലീസ് കണ്ടെത്തി. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

ഐസിയു പീഡനക്കേസ്: അതിജീവിത ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാൻ കമ്മിഷണർക്ക് നിർദേശം

കോഴിക്കോട് : മെഡിക്കൽ കോളജ് ഐസിയു പീഡനക്കേസിലെ അതിജീവിത ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാൻ കമ്മിഷണർക്ക് നിർദേശം നൽകിയതായി ഉത്തരമേഖല ഐജി അറിയിച്ചുവെന്ന് അതിജീവിത. ഡോ.കെ.വി.പ്രീതിക്കെതിരെ കൊടുത്ത പരാതിയിൽ എസിപി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അതിജീവിതയ്ക്ക് നൽകാനാണ് നിർദേശം. 12 ദിവസമായി കമ്മിഷണർ ഓഫിസിനു സമീപത്ത് അതിജീവിത സമരം ചെയ്യുകയാണ്. റിപ്പോർട്ട് ലഭിച്ച ശേഷം സമരം നിർത്തുമെന്നും അതിജീവിത അറിയിച്ചു.

പീഡനക്കേസിൽ ഡോ.കെ.വി.പ്രീതി തന്റെ മൊഴി പൂർണമായും രേഖപ്പെടുത്തിയില്ലെന്ന് അതിജീവിത സിറ്റി പൊലീസ് കമ്മിഷണർക്ക് പരാതി നൽകിയിരുന്നു. ഈ കേസിലെ പൊലീസ് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടാണ് സമരം ആരംഭിച്ചത്. റിപ്പോർട്ട നൽകാൻ കമ്മിഷണർ തയാറാകാതിരുന്നതോടെയാണ് അതിജീവിത സമരത്തിലേക്ക് തിരിഞ്ഞത്.

തമിഴ്നാട്ടിൽ കരിങ്കൽ ക്വാറിയിൽ വൻ സ്ഫോടനം; നാലു തൊഴിലാളികൾ മരിച്ചു, എട്ടുപേർക്ക് പരിക്ക്

ചെന്നൈ: തമിഴ്നാട്ടിൽ കരിങ്കൽ ക്വാറിയിൽ ഉണ്ടായ സ്ഫോടനത്തിൽ നാലു തൊഴിലാളികൾ മരിച്ചു. എട്ടുപേർക്ക് ഗുരുതരമായി പരിക്കേറ്റു. വിരുദുനഗർ ജില്ലയിലെ കരിയപെട്ടിയിലാണ് അപകടം. വെടിമരുന്ന് സൂക്ഷിച്ചിരുന്ന ഗോഡൗണിലാണ് സ്ഫോടനം ഉണ്ടായത്. അപകടത്തിൻറെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവിട്ടിട്ടുണ്ട്.

സ്ഫോടനത്തെ തുടർന്ന് ഗോഡൗണിനു സമീപം നിർത്തിയിട്ടിരുന്ന രണ്ട് ലോറികൾ കത്തിനശിച്ചു. സമീപത്തെ ഇരുപതോളം വീടുകൾക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്. 20 കിലോമീറ്റർ ദൂരെവരെ സ്ഫോടനത്തിൻറെ പ്രകമ്പനം അനുഭവപ്പെട്ടു.

നേരത്തേ ക്വാറിയിലെ സുരക്ഷാപ്രശ്നങ്ങളും അമിത ഭാരം കയറ്റിവരുന്ന ട്രക്കുകളുണ്ടാക്കുന്ന അപകടസാധ്യതകളും ഉന്നയിച്ച് പ്രദേശവാസികൾ പരാതികൾ ഉന്നയിച്ചിരുന്നു. അപകടത്തിനു പിന്നാലെ പ്രദേശവാസികൾ റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു.

ക്വാറിക്ക് ലൈസൻസ് ഉണ്ടായിരുന്നെന്നും എന്നാൽ അനുവദനീയം ആയതിലും കൂടുതൽ അളവിൽ സ്ഫോടകവസ്തുക്കൾ സൂക്ഷിച്ചിരുന്നോ എന്ന് സംശയിക്കുന്നതായും ജില്ലാ കളക്ടർ പറഞ്ഞു.

കിണറ്റിൽ വീണ ആടിനെ രക്ഷപെടുത്താനിറങ്ങി; യുവാവിന് ദാരുണാന്ത്യം

കൊല്ലം: കിണറ്റിൽ വീണ ആടിനെ രക്ഷപെടുത്താനിറങ്ങിയ യുവാവിന് ദാരുണാന്ത്യം. കൊല്ലം മടത്തറ മുല്ലശ്ശേരി വീട്ടിൽ അൽത്താഫ് (25) ആണ് മരിച്ചത്.

ഉച്ചയ്ക്ക് പന്ത്രണ്ടരയോടെയായിരുന്നു അപകടം. വീടിനോട് ചേർന്നുള്ള കിണറ്റിൽ ആട് വീണത് അറിഞ്ഞ് അൽത്താഫ് അതിൽ ഇറങ്ങുകയായിരുന്നു. 60 അടി താഴ്ചയുള്ള കിണറിൽ ആടിനെ കയർ കെട്ടി പുറത്തെടുക്കാൻ ശ്രമിക്കവേ ശ്വാസതടസമുണ്ടാകുകയും തുടർന്ന് വെള്ളത്തിലേക്ക് കുഴഞ്ഞുവീഴുകയായിരുന്നു.

നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് കടയ്ക്കലിൽ നിന്ന് അഗ്നിശമനസേനയെത്തി കിണറ്റിലിറങ്ങി അൽത്താഫിൻറെ മൃതദേഹം പുറത്തെടുത്തു. കടയ്ക്കൽ താലൂക്ക് ആശുപത്രിയിലേക്ക് മാറ്റിയ മൃതദേഹം പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുനല്കും.

പൊന്നാനിയിൽ ഭൂരിപക്ഷം കുറയും, മലപ്പുറത്ത് രണ്ട് ലക്ഷം കടക്കും: മുസ്ലീം ലീഗ്

മലപ്പുറം: ലോക്സഭാ തെരഞ്ഞെടുപ്പിൽ പൊന്നാനിയിൽ ഭൂരിപക്ഷം കുറയും, പതിനായിരത്തോളം വോട്ടുകൾ നഷ്ടമാകുമെന്നും ലീഗ് വിലിരുത്തൽ. എന്നാൽ വിജയത്തെ ഇത് ബാധിക്കില്ലെന്നുമാണ് ലീഗിൻറെ കണക്കുകൂട്ടൽ. ഇ. കെ. വിഭാഗം സമസ്തയുമായുണ്ടായ തർക്കം പൊന്നാനിയിലും മലപ്പുറത്തും ബാധിച്ചില്ല. മലപ്പുറത്ത് രണ്ട് ലക്ഷം ഭൂരിപക്ഷം ലഭിക്കും. വേങ്ങര, മലപ്പുറം മണ്ഡലങ്ങളിൽ ഇ. ടി. മുഹമ്മദ് ബഷീറിൻറെ ഭൂരിപക്ഷം നാൽപ്പതിനായിരമെത്തുമെന്നും ലീഗ് പ്രതീക്ഷിക്കുന്നു.

ഒരു ലക്ഷത്തിലധികം വോട്ടിൻറെ ഭൂരിപക്ഷമാണ് പൊന്നാനിയിൽ പ്രതീക്ഷിക്കുന്നത്. കാര്യങ്ങൾ മുൻകൂട്ടി കണ്ട് പ്രവർത്തിച്ചതിനാൽ വലിയ വോട്ടുചോർച്ച ഒഴിവാക്കാനായി.

മുസ്ലീം ലീഗ് മലപ്പുറം ജില്ലാ കമ്മറ്റി യോഗത്തിലാണ് പൊന്നാനി, മലപ്പുറം മണ്ഡ!ലങ്ങളിലെ തെരഞ്ഞെടുപ്പ് വിലയിരുത്തൽ നടന്നത്. ഫലം വന്നതിന് ശേഷം സമസ്ത നേതാക്കൾക്കെതിരെ പ്രതികരണം നടത്തരുതെന്ന് യോഗത്തിൽ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.

കേരള സ്റ്റാർട്ടപ്പായ ആലിബൈ ഗ്ലോബലും ഐഐടി ബോംബെയും ടെക്നോളജി കരാർ ഒപ്പുവെച്ചു

അത്യാധുനിക സ്ഫെറിക്കൽ റോബോട്ട് സാങ്കേതികവിദ്യ പങ്കിടും

സ്ഫെറിക്കൽ റോബോട്ട് സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിനുള്ള ധാരണാപത്രം ഐഐടി ബോംബെ ഡീൻ പ്രൊഫ. സച്ചിൻ പട്വർദ്ധനും ആലിബൈ ഓപ്പറേഷൻസ് ഡയറക്ടർ ഡോ.എസ്.പി. സുനിലും കൈമാറുന്നു. പ്രൊഫ. അഭിഷേക് ഗുപ്ത (ഐഐടി ബോംബെ), ആലിബൈ ബിസിനസ് ഡയറക്ടർ ശ്യാം കെ. എം, പ്രൊഫ. ലീന വാചാനി (ഐഐടി ബോംബെ), സന്ദീപ് (ഐഐടി ബോംബെ) എന്നിവർ സമീപം.

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള ആലിബൈ ഗ്ലോബലുമായി സ്ഫെറിക്കൽ റോബോട്ട് ടെക്നോളജി ട്രാൻസ്ഫർ കരാറിൽ ഒപ്പിട്ട് ഐഐടി ബോംബെ. ഡിഫെൻസ്, പാരാമിലിറ്ററി, സ്പെഷ്യൽ ഫോഴ്സ്, പോലീസ് തുടങ്ങിയ സുരക്ഷാ ഏജൻസികൾക്ക് ഉപയോഗപ്രദമായ അത്യാധുനിക സ്ഫെറിക്കൽ റോബോട്ട് സാങ്കേതികവിദ്യയാണ് ഇതിലൂടെ പങ്കിടുന്നത്.

സുരക്ഷാ ഏജൻസികൾക്ക് ആവശ്യമായ സ്ഫെറിക്കൽ റോബോട്ട് ടെക്നോളജി വികസിപ്പിക്കുന്നതിനും റോബോട്ട് നിർമ്മിക്കുന്നതിനുമുള്ള ഐഐടി ബോംബെയുടെ സാങ്കേതിക സേവനം ഈ കരാറിലൂടെ ആലിബൈക്ക് ലഭിക്കും.

തീവ്രവാദ ആക്രമണങ്ങൾ ഉൾപ്പടെയുള്ള അപകടകരമായ സാഹചര്യങ്ങളിൽ ചെറിയ പന്തിൻറെ വലിപ്പമുള്ള ടാക്ടിക്കൽ റോബോട്ടിനെ കെട്ടിടങ്ങൾക്ക് ഉള്ളിലേക്ക് എറിഞ്ഞാൽ അവിടെ നിന്നുള്ള ലൈവ് ഓഡിയോ, വീഡിയോ സ്ട്രീമിങ് വിവരങ്ങൾ സുരക്ഷാ ഏജൻസികൾക്ക് ലഭിക്കും. ഇത്തരം വിവരങ്ങൾ ലഭ്യമാക്കുന്ന 'സ്ഫെറിക്കൽ റോബോട്ട് ഫോർ റൂം ഇൻറർവെൻഷൻ' ആണ് ഐഐടി ബോംബെയും ആലിബൈയും ചേർന്ന് നിർമ്മിക്കുക.

മുംബൈ ഐഐടിയിൽ നടന്ന ചടങ്ങിൽ ഐഐടി ബോംബെ ഡീൻ പ്രൊഫ. സച്ചിൻ പട്വർദ്ധനും ആലിബൈ ഓപ്പറേഷൻസ് ഡയറക്ടർ ഡോ.എസ്.പി. സുനിലും കരാറുകൾ കൈമാറി.

സൈബർ ഫോറെൻസിക്സ്, സൈബർ ഇൻറലിജിൻസ് മേഖലയിൽ പ്രവർത്തിക്കുന്ന ആലിബൈ, ടാക്റ്റിക്കൽ ടെക്നോളജി രംഗത്ത് കൂടി പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായാണ് ഐഐടി ബോംബെയുമായി അഭിമാനകരമായ കരാർ ഒപ്പുവെച്ചതെന്ന് കമ്പനിയുടെ ബിസിനസ് ഡയറക്ടർ ശ്യാം കെ.എം. അറിയിച്ചു. മൂന്ന് വർഷത്തിലധികമായി ഡിഫെൻസ്, പോലീസ് ഏജൻസികൾക്ക് സൈബർ ഇൻറലിജൻസ് സേവനങ്ങളും ഫോറെൻസിക് സോഫ്റ്റ് വെയർഹാർഡ് വെയർ സൊല്യൂഷനുകളും നൽകുന്ന ആലിബൈ, ടാക്റ്റിക്കൽ സർവൈലൻസ് ഉത്പന്ന നിർമാണ മേഖലയിൽ കൂടുതൽ മുതൽ മുടക്കാൻ ഉദ്ദേശിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ആഭ്യന്തര സുരക്ഷാ മേഖലയിൽ സുരക്ഷാ സേനകൾക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ തദ്ദേശീയ സാങ്കേതികവിദ്യ വികസിപ്പിയ്ക്കാനാണ് നാഷണൽ സെൻറർ ഫോർ എക്സലൻസ് ഇൻ ടെക്നോളജി ഫോർ ഇൻറേണൽ സെക്യൂരിറ്റിയും (എൻസിഇടിഐഎസ്), ഐഐടി ബോംബെയും ലക്ഷ്യമിടുന്നത്. കേന്ദ്ര ഐടി വകുപ്പിൻറെ സാമ്പത്തിക പിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അത്തരത്തിൽ വികസിപ്പിച്ച സാങ്കേതികവിദ്യയാണ് മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ കീഴിൽ നിർമിക്കുവാനായി ആലിബൈ തയ്യാറെടുക്കുന്നത്.

ഐഐടി ബോംബെ പ്രൊഫസർ ലീന വാചാനിയുടെ നേതൃത്വത്തിൽ നടത്തിയ ഗവേഷണ ഫലമായിട്ടാണ് സുരക്ഷാ സേനകൾ അംഗീകരിക്കുന്ന സ്ഫെറിക്കൽ റോബോട്ട് ടെക്നോളജി വികസിപ്പിക്കാനായത് എന്ന് എൻസിഇടിഐഎസ് പ്രൊഫസർ ഇൻ ചാർജ് ബി.ജി. ഫെർണാണ്ടസ് പറഞ്ഞു.

വേനൽ മഴയിൽ പരക്കെ നാശനഷ്ടം

വിഴിഞ്ഞം: പലയിടത്തും തകർത്തുപെയ്ത വേനൽമഴയിൽ പരക്കെ നാശനഷ്ടം. ബൈപ്പാസിൽ ഓടിക്കൊണ്ടിരുന്ന കാറിന് മുകളിലേക്ക് മരവും ഇലക്ട്രിക് പോസ്റ്റുകളും വീണ് അപകടമുണ്ടായി. കാറിന് നേരിയ കേടുപാടുകൾ വന്നെങ്കിലും ഡ്രൈവർ അത്ഭുതകരമായി രക്ഷപ്പെട്ടു.പലയിടത്തും മരങ്ങൾ കടപുഴകി വീണതോടെ നിരവധി സ്ഥലങ്ങളിൽ ഇലക്ട്രിക് ലൈനുകൾ തകർന്നു. ഇതോടെ ഗതാഗതം തടസപ്പെട്ടു.

കോട്ടുകാൽ തലക്കോടിൽ കടപുഴകിയ കൂറ്റൻ പ്ലാവ് ഇലക്ട്രിക് ലൈൻ തകർത്ത് തിരക്കുള്ളബൈപ്പാസിലെ സർവീസ് റോഡിൽ പതിച്ചു.മൂന്ന് ഇലക്ട്രിക് പോസ്റ്റുകൾക്കും മരത്തിനുമിടയിൽ കാർ കുടുങ്ങി. പള്ളിച്ചൽ, മൊട്ടമൂട് രേഖാനിവാസിൽ വിശാഖിൻറെ കാറിന് മുകളിലാണ് കൂറ്റൻ മരം കടപുഴകി വീണത്. വിഴിഞ്ഞം ഫയർസ്റ്റേഷൻ ഓഫീസർ അജ!യ്യുടെ നേതൃത്വത്തിൽ എത്തിയ ഫയർഫോഴ്സ് സംഘം ഏറെ പണിപ്പെട്ടാണ് മരം വെട്ടിമാറ്റി കാർ പുറത്തെടുത്തത്.ഇതുവഴിയുള്ള ഗതാഗതവും ഒരു മണിക്കൂറിലധികം തടസപ്പെട്ടു. വിഴിഞ്ഞം കോലയിൽ സ്വകാര്യ പുരയിടത്തിലെ മരത്തിൻറെ കൂറ്റൻ ശിഖരം മുറിഞ്ഞ് വീട്ടുമുറ്റത്ത് നിർത്തിയിരുന്ന കാറിന് മുകളിൽ പതിച്ചു. മുല്ലൂർ സ്വദേശി ജോസ് സ്റ്റീഫൻറെ കാറിനാണ് കേടുപാട് സംഭവിച്ചതെന്ന് ഫയർഫോഴ്സ് അറിയിച്ചു.പനങ്ങോട് ചിറയിൽ ബേബിയുടെ വീടിന് മുകളിലൂടെ മരം ഒടിഞ്ഞ് വീണു. ഫയർഫോഴ്സ് സംഘം മരം മുറിച്ച് മാറ്റി . ഇന്നലെ ഉച്ചമുതൽ പെയ്ത മഴയും കാറ്റുമാണ് തീരദേശമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ നാശമുണ്ടാക്കിയത്. വിഴിഞ്ഞം, കോട്ടുകാൽ , വെങ്ങാനൂർ പൂവാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ മരച്ചില്ലകൾ ഒടിഞ്ഞ് വീണ് ഗതാഗത തടസപ്പെട്ടതായും അധികൃതർ അറിയിച്ചു.

എസ്എടി ആശുപത്രിക്ക് ദേശീയ ഗുണനിലവാര അംഗീകാരം

മെഡിക്കൽകോളജ്: തിരുവനന്തപുരം എസ്എടി ആശുപത്രിക്ക് മികച്ച സ്കോറോടെ ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു.ലേബർ റൂം 97.5 ശതമാനം, മറ്റേർണിറ്റി ഒടി 98.5 ശതമാനം എന്നീ സ്കോറുകളോടെയാണ് അംഗീകാരം ലഭിച്ചത്. പ്രസവം നടക്കുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിൻറെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്.മാതൃശിശു മരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോട് കൂടിയാണ് ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

ഐ സി എ ആർസി ടി സി ആർ ഐയിൽ ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആഘോഷിച്ചു

ഐ സി എ ആർ സി ടി സി ആർ ഐയിൽ ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആഘോഷിച്ചു. ' ബൗദ്ധിക സ്വത്തവകാശ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ: നവീകരണവും സർഗ്ഗാത്മകതയും ഉപയോഗിച്ച് നമ്മുടെ പൊതു ഭാവി കെട്ടിപ്പടുക്കുക' എന്ന പ്രമേയത്തിലാണ് ദിനാചരണം നടത്തിയത്. ഒരു വാരം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളാണ് ദിനാചരണത്തിന്റെ ഭാഗമായി നടക്കുക. ഐ സി എ ആർസി ടി സി ആർ ഐ ഡയറക്ടർ ഡോ. ജി ബൈജു ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിവിധ രാജ്യങ്ങളിൽ സ്ഥാപിതമായ ഐപി വിൻഡോയിലൂടെ കാര്യമായ ശാസ്ത്രീയ ഉൽപ്പാദനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. വിവിധ ഏജൻസികളുമായുള്ള പ്രവർത്തനപരമായ സഹകരണത്തിലൂടെ ഐപി അവബോധവും പരിശീലനവും ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം അധ്യക്ഷ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

സയന്റിസ്റ്റ് ജി (സീനിയർ ഗ്രേഡ്) എസ്. ബൽറാം ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. പേറ്റന്റുകൾ, ഡിസൈനുകൾ, പകർപ്പവകാശങ്ങൾ, വ്യാപാരമുദ്രകൾ എന്നിവ ഉൾപ്പെടുന്ന ശക്തമായ ഒരു ബൗദ്ധിക സ്വത്തവകാശ പോർട്ട്ഫോളിയോ ഒരു സാമൂഹിക മാറ്റത്തെ ത്വരിതപ്പെടുത്തുന്ന ഒരു ഗവേഷണ സ്ഥാപനത്തിന്റെ നൂതനവും ക്രിയാത്മകവുമായ ഗവേഷണ നേട്ടങ്ങളെ സൂചിപ്പിക്കുന്നു എന്ന കാഴ്ചപ്പാടോടെ, ഋൃ. എസ്. ബൽറാം നടത്തിയ 'ഐപി ടോക്കോ'ടു കൂടിയാണ് ദിനാചരണത്തിന് ആരംഭമായത്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി അതിന്റെ 'ഐപി പാത്' ആവിഷ്കരിച്ചതും ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ചെടുത്ത 'ജീവൻ രക്ഷാ സാങ്കേതിക വിദ്യകൾ' ഉപയോഗിച്ച് ഡൈനാമിക് സ്റ്റാർട്ടപ്പുകൾ സൃഷ്ടിച്ചതും അദ്ദേഹം വിവരിച്ചു. ഒരു സഹകരണ പ്ലാറ്റ്ഫോമിലൂടെ സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും ട്രൈമെഡ് പിന്തുടരുന്ന പ്രധാന ഇൻകുബേഷൻ തന്ത്രങ്ങൾ അദ്ദേഹം വിവരിച്ചു. 79 ഓളം ശാസ്ത്രജ്ഞരും ഗവേഷകരും വിദ്യാർത്ഥികളും ഐപി ടോക്കിൽ പങ്കെടുത്തു.

ഐപി ടോക്കിനൊപ്പം, ഐസിഎആർസിടിസിആർഐ അഗ്രിബിസിനസ് ഇൻകുബേറ്റർ (ഐസിഎആർ സിടിസിആർഐ എബിഐ), ഐപി ഉറവിടങ്ങളെ വാണിജ്യവൽക്കരിക്കാവുന്ന സാങ്കേതികവിദ്യകളാക്കി മാറ്റുന്നതിനുള്ള കഴിവുകൾ ആർജിക്കുന്നതിനായി വെള്ളായണിയിലെ കേരള കാർഷിക സർവകലാശാലയിലെ കോളേജ് ഓഫ് അഗ്രികൾച്ചറിലെ വിദ്യാർത്ഥികൾക്കായി ''സാങ്കേതിക വാണിജ്യവൽക്കരണത്തെയും ലൈസൻസിംഗിനെയും കുറിച്ചുള്ള ദ്വിദിന ശിൽപശാലയും'' സംഘടിപ്പിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റും ഐസിഎആർസിടിസിആർഐ എബിഐയുടെ ചുമതലയുമുള്ള ഡോ. പി. സേതുരാമൻ ശിവകുമാർ 23 കാർഷിക വിദ്യാർത്ഥികൾക്ക് ഐപി പോർട്ട്ഫോളിയോ മാനേജ്മെന്റ്, ടെക്നോളജി ലൈസൻസിംഗ് ഐപി മൂല്യനിർണ്ണയം, ലൈസൻസിംഗ് എന്നിവയിൽ നൈപുണ്യ പരിശീലന സെഷനുകൾ നടത്തി. ഐസിഎആർസിടിസിആർഐ എബിഐയിൽ ടെക്നോളജി പ്രദർശനവുമായി ബന്ധപ്പെട്ട് ഐസിഎആർസിടിസിആർഐ ശാസ്ത്രജ്ഞരുമായി വിദ്യാർഥികളുടെ ആശയവിനിമയവും പരിപാടിയുടെ സംഘടിപ്പിച്ചു.

ബൗദ്ധിക സ്വത്തവകാശങ്ങളെ (കജ) കുറിച്ചും മനുഷ്യപുരോഗതിയെ നയിക്കുന്നതിനുള്ള നവീകരണത്തെയും സർഗ്ഗാത്മകതയെയും അത് എങ്ങനെ പ്രോത്സാഹിപ്പിക്കുന്നു എന്നതിനെ കുറിച്ചുള്ള ബോധവത്ക്കരണ പ്രചരണത്തിനായി എല്ലാ വർഷവും ഏപ്രിൽ 26നാണ് ലോക ബൗദ്ധിക സ്വത്തവകാശ ദിനം ആഘോഷിക്കുന്നത്.

മേയർ ഡ്രൈവർ പോര് : കോർപറേഷൻ കൗൺസിലിൽ ബഹളം

തിരുവനന്തപുരം: മേയർ ആര്യ രാജേന്ദ്രനും കെഎസ്ആർടിസി ഡ്രൈവറും തമ്മിലുള്ള പോര് വിഷയമായപ്പോൾ നഗരസഭാ കൗൺസിലിൽ ബഹളവും വാക്കേറ്റവും. മേയറുടെ നടപടി തലസ്ഥാന ജനതയ്ക്ക് അപമാനമുണ്ടാക്കുന്നതാണെന്നു കൗൺസിൽ യോഗത്തിൽ നിലപാടെടുത്ത ബിജെപി കൗൺസിലർമാർ യോഗം ബഹിഷ്കരിച്ചു.

വിഷയത്തിൽ നിയമപരമായി ഡ്രൈവർക്കെതിരേ പരാതി നൽകുന്നതിനു പകരം ബസ് തടഞ്ഞിട്ടു യാത്രക്കാരെ പെരുവഴിയിലാക്കിയ മേയറുടെ നടപടി അപലപനീയമാണെന്ന് ചൂണ്ടിക്കാട്ടി കോൺഗ്രസ് അംഗങ്ങളും കൗൺസിൽ യോഗത്തിൽനിന്ന് ഇറങ്ങിപ്പോയി.

യോഗം ആരംഭിച്ചതിനു പിന്നാലെ ബിജെപി കൗൺസിലർ തിരുമല അനിലാണ് വിഷയം ഉന്നയിച്ചത്. അനിൽ സംസാരിച്ച് തുടങ്ങിയപ്പോൾ തന്നെ സിപിഎം കൗൺസിലർമാർ മേയറെ അനുകൂലിച്ച് രംഗത്തെത്തി. ഇതോടെ ഇരുകൂട്ടരും തമ്മിൽ വാക്കുതർക്കവും ബഹളവുമായി. ഇതിനിടെ മേയറോട് മോശമായി പെരുമാറിയ കെഎസ്ആർടിസി ഡ്രൈവറെ ജോലിയിൽനിന്നു പുറത്താക്കണമെന്നും ഡ്രൈവർക്കെതിരേ നിയമനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് എൽഡിഎഫ് കക്ഷി നേതാവ് ഡി.ആർ. അനിൽ വാക്കാൽ പ്രമേയം അവതരിപ്പിച്ചു.

മേയറുടെ നടപടി നഗരവാസികൾക്ക് അപമാനമുണ്ടാക്കിയെന്നും മാപ്പ് പറയണമെന്നും തിരുമല അനിൽ ആവശ്യപ്പെട്ടു. അനിൽ സംസാരിക്കുന്നതിനിടിയൽ മൈക്ക് ഓഫ് ചെയ്തതിലും അടുത്തയാൾക്ക് കൈമാറിയതിലും പ്രതിഷേധിച്ച് ബിജെപി അംഗങ്ങൾ നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചു. പിന്നാലെ യോഗം ബഹിഷ്കരിച്ച ബിജെപി അംഗങ്ങൾ കൗൺസിൽ ഹാളിനുചുറ്റും പ്രതിഷേധ പ്രകടനം നടത്തി.

തുടർന്ന് സംസാരിച്ച യുഡിഎഫ് കക്ഷി നേതാവ് പി. പദ്മകുമാറും ജോൺസൺ ജോസഫും മേയറുടെ നടപടിക്കെതിരേ രംഗത്തെത്തി. തെറ്റു തിരുത്താനും തലസ്ഥാനത്തെ ജനങ്ങളോടു മേയർ മാപ്പു പറയണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു. പിന്നാലെ പ്രസംഗിച്ച സിപിഎം അംഗം അംശു വാമദേവൻ ഡ്രൈവർ യദുവിനെതിരേ 2017ൽ പോലീസ് എടുത്ത കേസിലെ എഫ്ഐആർ കൗൺസിൽ യോഗത്തിൽ വായിച്ചു.

മേയർക്കെതിരേ മോശം പെരുമാറ്റമുണ്ടായപ്പോൾ ഒരു സ്ത്രീയെന്ന പരിഗണന നൽകി അവർക്കൊപ്പം നിൽക്കുന്നതിനു പകരം യുഡിഎഫും ബിജെപിയും വേട്ടക്കാരനൊപ്പം നിൽക്കുകയാണെന്നും അംശു വാമദേവൻ ആരോപിച്ചു.

അതിനിടയിൽ എഫ്ഐആറിലെ അശ്ലീല പരാമർശങ്ങൾ അംശു കൗൺസിലിൽ വായിച്ചതു സഭയ്ക്ക് ചേരുന്നതല്ലെന്നും ഇതിനു മേയർ അനുമതി നൽകിയതു നാണക്കേടാണെന്നും കോൺഗ്രസ് കൗൺസിലർ മേരി പുഷ്പം പറഞ്ഞു. മേയറുടെ ഭർത്താവ് യാത്രക്കാരെ ബസിൽ നിന്നിറക്കി വിട്ടതുശരിയല്ലെന്നും മേരി പുഷ്പം കൂട്ടിച്ചേർന്നു.

എന്നാൽ തൻറെ ഭർത്താവ് യാത്രക്കാരെ ബസിൽനിന്ന് ഇറക്കി വിട്ടതിന് എന്തു തെളിവാണുള്ളതെന്നു മേയർ തിരിച്ചു ചോദിച്ചു. ഇതിനു പിന്നാലെ എഴുന്നേറ്റ ഡപ്യൂട്ടി മേയർ മേരി പുഷ്പത്തിൻറെ പ്രസംഗം തടസപ്പെടുത്തിയെന്നാരോപിച്ച് യുഡിഎഫും കൗൺസിൽ ബഹിഷ്കരിച്ചു. തുടർന്ന് വിഷയത്തിലുള്ള തൻറെ വിശദീകരണം മേയർ സഭയെ അറിയിച്ചു. ഇതിനു ശേഷം ഔദ്യോഗിക അജണ്ടകൾ പാസാക്കി കൗൺസിൽ യോഗം പിരിഞ്ഞു.

ജില്ലയിൽ 7715 അധ്യാപകർക്കായി കൈറ്റിന്റെ എ.ഐ. പ്രായോഗിക പരിശീലനം തുടങ്ങി

തിരുവനന്തപുരം : ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ.ഐ) സാധ്യതകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് കൈറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നു ദിവസത്തെ പ്രായോഗിക പരിശീലനം ജില്ലയിലെ 6 കേന്ദ്രങ്ങളിൽ ആരംഭിച്ചു. എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന 7715 അധ്യാപകർക്കാണ് ആഗസ്റ്റ് മാസം വരെ നീണ്ടു നൽക്കുന്ന പരിശീലനം. ഉത്തരവാദിത്തത്തോടെയും അക്കാദമിക മൂല്യം ചോർന്നു പോകാതെയും നിർമിതബുദ്ധി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിൽ അധ്യാപകരുടെ പങ്ക് ഏറെ വർദ്ധിച്ചിരിക്കുകയാണെന്ന് കൈറ്റ് സി.ഇ.ഒ കെ അൻവർ സാദത്ത് പറഞ്ഞു. ലാപ്ടോപ്പും സ്മാർട്ട് ഫോണും ഉപയോഗിച്ചാണ് 25 പേരടങ്ങുന്ന വിവിധ ബാച്ചുകളിലായി അധ്യാപകർ പരിശീലനത്തിൽ പങ്കെടുക്കുന്നത്. എ.ഐ. ടൂളുകൾ ഉപയോഗിക്കുമ്പോൾ സ്വകാര്യത ഉറപ്പാക്കാൻ കൈറ്റ് നൽകിയ ജിസ്യൂട്ട് അക്കൗണ്ടുകൾ ഉപയോഗിക്കും. അതുപോലെ സ്ഥിരമായി കുറച്ച് എ.ഐ. ഉപയോഗിക്കുന്നതിന് പകരം കൈറ്റിന്റെ വിദഗ്ധ സമിതി ടൂളുകൾ മാത്രം ഉപയോഗ പരിശോധിച്ച് നിർദേശിക്കുന്ന എ.ഐ. ടൂളുകളായിരിക്കും അതത് സമയങ്ങളിൽ പരിശീലനത്തിന് ഉപയോഗിക്കുന്നത്. ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും റിസോഴ്സുകൾ ഭിന്നശേഷി സൗഹൃദമായി പരുവപ്പെടുത്താനും പരിശീലനം വഴി അധ്യാപകർക്ക് അവസരം നൽകും. മെയ് മാസത്തിൽ കൂടുതലും ഹയർ സെക്കണ്ടറി അധ്യാപകർക്കായിരിക്കും പരിശീലനം. ഇതിന് കൈറ്റ് വെബ് സൈറ്റിലെ ട്രെയിനിംഗ് മാനേജ്മെന്റ്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യണം. സെപ്റ്റംബർഡിസംബർ മാസങ്ങളിലായി പ്രൈമറി അധ്യാപകർക്കും പരിശീലനം നൽകും.

മെഡിക്കൽകോളജിൽ ജീവനക്കാരിയെ ആക്രമിച്ച യുവാവ് അറസ്റ്റിൽ

മെഡിക്കൽകോളജ്: എംആർഐ സ്കാൻ ബുക്ക് ചെയ്യുന്നതിന് എത്തിയ യുവാവും ജീവനക്കാരും തമ്മിൽ കൈയാങ്കളി. ഒരു വനിതാ ജീവനക്കാരിക്ക് പരിക്ക്. പരാതിയിൽ യുവാവിനെതിരേ പോലീസ് കേസെടുത്തു.

ഇന്നലെ ഉച്ചയ്ക്ക് 12.15 നാ യിരുന്നു സംഭവം. പൂവാർ പുല്ലുവിള പിപി വിളാകത്തിൽ അനിൽ (34) ആണ് പിടിയിലായത്. സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നത് ഇങ്ങനെ: വലതുകൈപ്പത്തിക്കു വേദന ഉണ്ടായതിനെത്തുടർന്ന് മെഡിക്കൽകോളജ് ആശുപത്രിയിലെത്തിയ അനിൽ ഡോക്ടറുടെ നിർദേശാനുസരണം എംആർഐ എടുക്കാനായി എത്തി. ക്യൂവിൽനിന്ന് ടോക്കണെടുത്ത അനിലിനു സ്കാനിംഗ് തീയതി ലഭിച്ചത് ജൂണിലാണ്.

ഇതോടെ തിരക്കൊഴിയുന്നതുവരെ കാത്തിരുന്ന ശേഷം ജീവനക്കാർ ഇരിക്കുന്ന മുറിയിലെത്തുകയും തീയതി കുറച്ചുകൂടി മുന്നിലേക്കു നീക്കി തരണമെന്നാവശ്യപ്പെടുകയും ചെയ്തു. അതിനിടെ എച്ച് ഡിഎസ് യൂണിറ്റിലെ ജീവനക്കാരിയായ ജയ (52) ജോലിസ്ഥലത്ത് യുവാവ് അതിക്രമിച്ചു കയറിയതിനെ ചോദ്യം ചെയ്തു. തുടർന്ന് വാക്കേറ്റമായി. വാക്കേറ്റത്തിനിടെ അനിൽ ധരിച്ചിരുന്ന മോതിരത്തിൻറെ കൂർത്ത അഗ്രം കൊണ്ട് ജയയുടെ കണ്ണിനു പരിക്കേറ്റു. തുടർന്ന് ഇവർ ബോധരഹിതയാകുകയും ചെയ്തു. ഇതോടെ മറ്റു ജീവനക്കാർ സ്ഥലത്തെത്തുകയും അനിലിനെ പിടിച്ചുമാറ്റാൻ ശ്രമിക്കുകയും ചെയ്തു. ഇതോടെ ഇവർ തമ്മിൽ മൽപ്പിടുത്തമായി.

ജീവനക്കാർ അറിയിച്ചതോടെ മെഡിക്കൽകോളജ് പോലീസ് സ്ഥലത്തെത്തി അനിലിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. പരിക്കേറ്റ വനിതാ ജീവനക്കാരിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ജോലി തടസപ്പെടുത്തിയതിനും ആക്രമണത്തിനുമാണ് അനിലിനെതിരെ കേസെടുത്തിരിക്കുന്നത്. ഇയാളെ കോടതിയിൽ ഹാജരാക്കി.

അവധിക്കാലം കവർന്നെടുക്കുന്ന പരിശീലനം: അധ്യാപകർ പ്രതിഷേധത്തിൽ

കാസർഗോഡ്: അവധിക്കാലം കവർന്നെടുക്കുന്ന തരത്തിലുള്ള പരിശീലനപരിപാടി പ്രതിഷേധാർഹമാണെന്ന് എയ്ഡഡ് ഹയർ സെക്കൻഡറി ടീച്ചേഴ്സ് അസോസിയേഷൻ. ഒരു വർഷം നീണ്ടുനിൽക്കുന്ന പഠന പാഠ്യേതര പ്രവർത്തനങ്ങൾക്കിടയിൽ അധ്യാപകർക്ക് ലഭിക്കുന്ന ആശ്വാസമായിരുന്നു ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാലം.

എന്നാൽ ഏപ്രിൽ മൂന്നിന് ആരംഭിച്ച ഒന്നും രണ്ടും വർഷ ഹയർസെക്കൻഡറി മൂല്യനിർണ്ണയ ക്യാമ്പുകൾക്കിടയിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പരിശീലന ക്ലാസുകളും ലോക്സഭാ തെരഞ്ഞെടുപ്പും വന്നതിനാൽ ഹയർസെക്കൻഡറി മൂല്യനിർണയ ക്യാമ്പുകൾ ഇനിയും പലയിടത്തും പൂർത്തിയായിട്ടില്ല. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി, ഹയർസെക്കൻഡറി അധ്യാപകർക്ക് മാത്രമായുള്ള 10 ദിവസത്തെ തുടർച്ചയായ റസിഡൻഷ്യൽ കോഴ്സുമുണ്ട്. ആകെ കുറച്ചു ദിവസങ്ങളായി ലഭിക്കുന്ന അവധികാലത്തു തന്നെ വീണ്ടും അധ്യാപകർ അഞ്ചുദിവസത്തെ നോൺ റസിഡൻഷ്യൽ ട്രെയിനിംഗ് ക്യാമ്പും മൂന്നു ദിവസത്തെ എഐ പരിശീലനത്തിലും പങ്കെടുക്കണമെന്ന് പറയുന്നത് തികച്ചും അധ്യാപക ദ്രോഹ നടപടിയാണ്.

ഹയർസെക്കൻഡറി മൂല്യനിർണയ ക്യാമ്പുകൾ പലതും ഇതുവരെ അവസാനിച്ചിട്ടില്ല. അതിനു ശേഷം എട്ടു ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാമുകളും എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചതിനുശേഷം ഒന്നാം വർഷ പ്രവേശന നടപടികളിലും അധ്യാപകർ പങ്കെടുക്കുന്നതിലൂടെ അധ്യാപകരുടെ അവധിക്കാലം പൂർണമായും കവർന്നെടുക്കുന്ന സ്ഥിതിയാണ്.

വെക്കേഷൻ കാലത്തിലെ പരിശീലനം ഒഴിവാക്കി, പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്നതിന് മുൻപായി ജൂൺ മാസത്തിൽ അധ്യാപക പരിശീലനം നടത്താനുള്ള സൗകര്യം ഉണ്ടാക്കണമെന്നാണ് അധ്യാപകർ ആവശ്യപ്പെടുന്നത്.

അനാവശ്യമായി ട്രെയിനിംഗ് മോഡ്യൂൾ വലിച്ചു നീട്ടാതെ രണ്ടോ മൂന്നോ ദിവസം കൊണ്ട് പരിശീലനം പൂർത്തിയാക്കണം. പരിശീലനത്തിനായി തയാറാക്കി പുറത്ത് വിട്ടിട്ടുള്ള എസ്ആർജി പട്ടിക പൂർണമായും ഭരണാനുകൂല സംഘടനയിൽപെട്ട അധ്യാപകരെ മാത്രം ഉൾക്കൊള്ളിച്ചുള്ളതാണ്.

ഈ പട്ടിക പിൻവലിച്ച് എല്ലാ സംഘടനയിലും ഉള്ള അധ്യാപകരെ ഉൾപ്പെടുത്താൻ അധികാരികൾ തയാറാകണം. ഹയർസെക്കൻഡറി അധ്യാപകർക്ക് മാത്രമായി പ്രത്യേകം പരിശീലന ക്ലാസുകൾ ഉണ്ടായിരിക്കേണ്ടതും ഡ്യൂട്ടി സർട്ടിഫിക്കേറ്റ് നൽകുന്നതടക്കമുള്ള പരിശീലന ക്ലാസുകളുടെ നിയന്ത്രണം അതാതു സെൻററുകളിലെ പ്രിൻസിപ്പൽമാർക്ക് ആയിരിക്കേണ്ടതുമാണെന്നും സംഘടന ആവശ്യപ്പെട്ടു. അധ്യാപക പരിശീലനം സംബന്ധിച്ച യാതൊരു വിവരങ്ങളും നാളിതു വരെ അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല.

ഇതുസംബന്ധിച്ച നിവേദനം അധികാരികൾക്ക് നൽകുന്നതാണ് . അനുകൂലമായ നിലപാടുണ്ടായില്ലെങ്കിൽ പരിശീലന പരിപാടിയിൽ നിന്നും ഹയർസെക്കൻഡറി അധ്യാപകർ വിട്ടു നിൽക്കുന്നതടക്കമുള്ള കാര്യങ്ങളുമായി മുന്നോട്ടു പോകുമെന്ന് എഎച്ച്എസ്ടിഎൽ ജില്ലാ കമ്മിറ്റി അറിയിച്ചു.

കാര്യങ്കോട് പുതിയ പാലം ഉടൻ തുറക്കും

നീലേശ്വരം: ദേശീയപാതയിൽ അപകടാവസ്ഥയിലായ കാര്യങ്കോട് പാലത്തിനു പകരം നിർമാണം പൂർത്തിയായ പുതിയ പാലം ഈ മാസംതന്നെ ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ ധാരണ. പുതിയ പാലത്തിലേക്കുള്ള സമീപന റോഡുകളുടെ പണി മാത്രമാണ് ഇനി തീരാനുള്ളത്.

ഇത് കഴിവതും വേഗത്തിൽ പൂർത്തിയാക്കി മഴക്കാലം തുടങ്ങുന്നതിനു മുമ്പു തന്നെ വാഹനഗതാഗതം പുതിയ പാലത്തിലൂടെ തിരിച്ചുവിടാനാണ് തീരുമാനം. തേജസ്വിനി പുഴയ്ക്ക് കുറുകേ അറുപതു വർഷത്തിലേറെ പഴക്കമുള്ള പഴയ പാലം അപകടാവസ്ഥയിലായ സാഹചര്യം കഴിഞ്ഞ ദിവസം ദീപിക റിപ്പോർട്ട് ചെയ്തിരുന്നു.

പുതിയ പാലത്തിൻറെ പൈലിംഗ് ജോലികൾ നടക്കുന്നതിനിടെ പഴയ പാലത്തിൻറെ വടക്കുവശത്തെ തൂണുകൾ താഴ്ന്നതിനെ തുടർന്ന് സ്പാനുകൾ ചരിഞ്ഞ നിലയിലാണ്.

ഇതോടെ പാലത്തിനു മുകളിൽ വിള്ളലുകളും രൂപപ്പെട്ടു. ഭാരമുള്ള വാഹനങ്ങൾ കടന്നുപോകുമ്പോൾ കുലുക്കം അനുഭവപ്പെടുന്നതും പതിവാണ്.

നിലവിലുള്ള പാലത്തിൻറെ കിഴക്കുവശത്തും പടിഞ്ഞാറുവശത്തുമായാണ് ദേശീയപാതാ വിഭാഗത്തിനു കീഴിൽ പുതിയ പാലങ്ങൾ നിർമിക്കുന്നത്. ഇതിൽ കിഴക്കുവശത്തെ പാലത്തിൻറെ നിർമാണമമാണ് പൂർത്തിയായിട്ടുള്ളത്. ഗതാഗതം ഇതുവഴി തിരിച്ചുവിട്ടതിനു ശേഷം പഴയപാലം പൊളിച്ചുമാറ്റി പടിഞ്ഞാറുവശത്തെ നിർമാണ പ്രവൃത്തികൾ വേഗത്തിലാക്കാനാണ് ധാരണ.

മൂന്നുവരിയിൽ ഗതാഗതം നടത്താവുന്ന വിധത്തിലാണ് പുതിയ പാലം നിർമിച്ചിട്ടുള്ളത്. വടക്കുഭാഗത്തെ സമീപന റോഡിൻറെ നിർമാണവും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്.

തെക്കുഭാഗത്തെ പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഇതോടൊപ്പം കൈവരികളുടെ നിർമാണവും തുടർന്ന് ടാറിംഗും പൂർത്തിയായാലുടൻ പുതിയ പാലം തുറന്നു കൊടുക്കാനാകും.

ഈ മാസംതന്നെ പ്രവൃത്തികളെല്ലാം പൂർത്തിയാക്കാനാകുമെന്ന് നിർമാണ ചുമതല വഹിക്കുന്ന മേഘ എൻജിനീയറിംഗ് കമ്പനി അധികൃതർ പറഞ്ഞു. പുതിയ പാലം തുറക്കുന്നതോടെ ദേശീയപാതാ നവീകരണത്തിൽ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടും.

സാൻറാ മോണിക്ക വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫെസ്റ്റ് മേയ് നാലിന്

കണ്ണൂർ: സാൻറാ മോണിക്ക സ്റ്റഡി എബ്രോഡ് സംഘടിപ്പിക്കുന്ന മെഗാ മില്യൺസ് വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫെസ്റ്റ് കണ്ണൂർ താവക്കര സെൻട്രൽ ബസ് ടെർമിനലിലെ ബ്രോഡ്!ബീൻ ഹോട്ടലിൽ മേയ് നാലിന് രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു വരെ നടക്കും.

കാനഡ, യുകെ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, യുഎസ്എ, അയർലൻഡ്, സ്വീഡൻ, ജർമനി, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഫിൻലൻഡ്, മാൾട്ട, ലാത്വിയ, സിംഗപ്പൂർ, മലേഷ്യ, യുഎഇ തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി മുൻനിര വിദേശ സർവകലാശാലകളും കോളജുകളും ഫെസ്റ്റിൽ നേരിട്ടെത്തും.

വിദേശത്ത് ഉപരിപഠനത്തിനായി തയാറെടുക്കുന്നവർക്ക് മാത്രമല്ല പ്ലസ്ടു, ഡിഗ്രി അവസാന വർഷ വിദ്യാർഥികൾക്കും ഈ 'വിദേശ സ്കോളർഷിപ്പ് ഉത്സവ'ത്തിൽ പങ്കെടുക്കാം. വിദ്യാർഥികൾക്ക് സൗജന്യമായി അപേക്ഷാഫോം നൽകാനും സ്പോട്ട് പ്രൊഫൈൽ അസസ്മെൻറ് നടത്താനും ഫാസ്റ്റ് ട്രാക്ക് അപേക്ഷ സമർപ്പിക്കാനും ഫെസ്റ്റിൽ സാധിക്കും. ഓരോ രാജ്യത്തെയും സാധ്യതകൾ ചോദിച്ചറിഞ്ഞ് അനുയോജ്യമായ കോഴ്സുകൾ തെരഞ്ഞെടുക്കാം.ഡോക്ടർമാർക്കും ഡെൻറിസ്റ്റുകൾക്കുമുള്ള കോഴ്സുകൾക്കായുള്ള പ്രത്യേക ഡെസ്കും നഴ്സിംഗ് പഠനം വർക്ക് പെർമിറ്റിനായുള്ള ഡെസ്കും സജ്ജീകരിച്ചിരിക്കുന്നു. വിദേശ വിദ്യാഭ്യാസ ലോൺ സേവനങ്ങൾക്കായി പ്രമുഖ ബാങ്കുകളുടെ കൗണ്ടറുകളും ഉണ്ടായിരിക്കും. കൂടാതെ വിവിധ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകൾ, സ്റ്റഡി വീസയുടെ ലഭ്യത, പാർട്ട് ടൈം തൊഴിലവസരങ്ങൾ, രാജ്യങ്ങളുടെ നയങ്ങളിൽ വന്ന മാറ്റങ്ങൾ! ഇവയെല്ലാം മനസിലാക്കാനുള്ള അവസരം കൂടിയാണ് സാൻറാ മോണിക്ക ഒരുക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ഡെന്നി തോമസ് വട്ടക്കുന്നേൽ പറഞ്ഞു.ഫെസ്റ്റിലേക്ക് പ്രവേശനം സൗജന്യമാണ്. www.san-tamon-i-c-a-edu.in എന്ന വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മെയിൽ വഴി ലഭിക്കുന്ന എൻട്രി പാസ് ഉപയോഗിച്ച് പ്രവേശനം നേടാം. ഇതിനു പുറമെ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0484 4150999, 9645222999 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

ഊരാളുങ്കൽ സൊസൈറ്റിക്ക് ദേശീയപാത അതോറിറ്റിയുടെ ബെസ്റ്റ് പെർഫോമർ പുരസ്കാരം

കാസർഗോഡ്: മികച്ച പ്രകടനം കാഴ്ചവെച്ചതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് ദേശീയപാതാ അതോറിറ്റിയുടെ അംഗീകാരം.

ബെസ്റ്റ് പെർഫോർമർ പുരസ്കാരം അതോറിറ്റി ചെയർമാൻ സന്തോഷ് കുമാർ യാദവ് ഊരാളുങ്കൽ സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിക്ക് തിരുവനന്തപുരത്ത് സമ്മാനിച്ചു. സംസ്ഥാനത്ത് 20ൽപരം റീച്ചുകളിലായി ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്ന പ്രവൃത്തിയിൽ രാജ്യത്തെ മുൻനിര നിർമാണസ്ഥാപനങ്ങളെക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചതിനാണ് അംഗീകാരം.

സമയക്ലിപ്തത, ഗുണമേന്മ, തൊഴിൽനൈപുണ്യം, പ്രൊജക്ട് മാനേജ്മെൻറ് എന്നിവയിലുള്ള സൊസൈറ്റിയുടെ സമർപ്പണവും അസാമാന്യവൈദഗ്ധ്യവും കണക്കിലെടുത്താണ് അംഗീകാരം. പുരസ്കാര സമർപ്പണത്തിൽ ദേശീയപാത അതോറിറ്റി മെമ്പർ (പിപിപി) വെങ്കിട്ടരമണ, റീജിയണൽ ഓഫീസർ ബി.എൽ.മീണ, യുഎൽസിസിഎസ് എംഡി എസ്.ഷാജു, പ്രൊജക്ട് മാനേജർ നാരായണൻ, കൺസഷണയർ പ്രതിനിധി ടി. പി.കിഷോർ കുമാർ, സിജിഎം രോഹൻ പ്രഭാകർ, ജിഎം റോഡ്സ് പി. ഷൈനു എന്നിവർ സംബന്ധിച്ചു.

ഭാരത് മാല പദ്ധതിയിൽ കേരളത്തിൽ നടക്കുന്ന പ്രവൃത്തികളിൽ ആദ്യം പൂർത്തിയായാകുക ഊരാളുങ്കൽ സൊസൈറ്റി നിർമ്മിക്കുന്ന തലപ്പാടി ചെങ്കള റീച്ചാണ്.

സംസ്ഥാനത്തെ വടക്കേയറ്റത്തെ ഈ റീച്ചിൽ ആറുവരിപ്പാതയുടെ 36ൽ 28.5 കിലോമീറ്ററും സർവ്വീസ് റോഡിൻറെ 66ൽ 60.7 കിലോമീറ്ററും ഡ്രയിൻ ലൈൻ 76.6ൽ 73 കിലോമീറ്ററും പൂർത്തിയായി.

വലിയ പാലങ്ങളിൽ രണ്ടെണ്ണം പൂർണ്ണമായും ഓരോന്ന് 85ഉം 80ഉം ശതമാനം വീതവും ചെറിയ പാലങ്ങളിൽ രണ്ടെണ്ണം പൂർണമായും ഓരോന്ന് 85ഉം 50ഉം ശതമാനം വീതവും പൂർത്തിയായിക്കഴിഞ്ഞു.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് കണ്ടൽ നടീൽ പരിശീലനം

തൃക്കരിപ്പൂർ: കാലാവസ്ഥ പൊരുത്തപ്പെടൽ ജലസുരക്ഷ ലക്ഷ്യമിട്ട് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ആയിറ്റിയിൽ തുടക്കമിട്ടു. പരിസ്ഥിതി സംരക്ഷണത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന കണ്ടൽ ചെടികൾ തയാറാക്കി കവ്വായിക്കായലിൽ നട്ടു സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്കാണ് തൃക്കരിപ്പൂർ പഞ്ചായത്തിൽ തൊഴിലാളികളെ പരിശീലിപ്പിച്ചത്. ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതി കേരളത്തിൽ പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ് നടപ്പാക്കുന്നത്.

വാസ്ക എന്ന ഏജൻസിയാണ് തൊഴിലാളികൾക്ക് സാങ്കേതിക പരിശീലനം നൽകുന്നത്. ആദ്യഘട്ടത്തിൽ ജില്ലയിൽ തൃക്കരിപ്പൂർ ഉൾപ്പെടെ അഞ്ച് പഞ്ചായത്തുകളിലാണ് പൈലറ്റ് പദ്ധതി നടപ്പാക്കിയത്.

കായലോരത്തും ചതുപ്പുകളിലും ഉൾപ്പെടെ നട്ടുവളർത്താൻ കണ്ടൽ ചെടികൾ ഒരുക്കുന്ന നഴ്സറികൾ സ്ഥാപിക്കുകയാണ് പ്രാഥമിക ഘട്ടത്തിൽ നടത്തിയത്. കായലോരത്ത് 1000 കണ്ടലുകൾ ശാസ്ത്രീയ രീതിയിൽ നട്ടു. അടുത്ത ഘട്ടമായി 37 പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാനുള്ള തയ്യാറെടുപ്പിലാണ് വാസ്ക.

ആയിറ്റി, വെള്ളാപ്പ് ഭാഗങ്ങളിൽ കവ്വായി കായലോരത്ത് തൊഴിലുറപ്പ് തൊഴിലാളികൾ നൂറുകണക്കിന് കണ്ടൽ ചെടികൾ ശാസ്ത്രീയമായി നട്ടുപിടിപ്പിക്കുന്ന പ്രവർത്തി പഞ്ചായത്ത് പ്രസിഡൻറ് വി.കെ.ബാവ കണ്ടൽ ചെടികൾ നട്ട് ഉദ്ഘാടനം നിർവഹിച്ചു.പഞ്ചായത്തംഗം കെ.എം.ഫരീദാബീവി അധ്യക്ഷതവഹിച്ചു. വാസ്ക അസോസിയേറ്റ് സയൻറിസ്റ്റുകളായ എസ്.സജിൻ, എസ്.മോണിഷ, പ്രൊജക്ട് അസോസിയേറ്റ് എ.വി.ആതിര, ജി.രാജവേലൻ, ബി.സെൽവ മുകിലൻ, തൊഴിലുറപ്പ് പദ്ധതി നീലേശ്വരം ബ്ലോക്ക് അസി.എൻജിനിയർ ടി.അമ്പിളി, പഞ്ചായത്ത് അസി.എൻജിനിയർ പി.ശ്യാമിലി, ഓവർസിയർ മുഹമ്മദ് ബദറുദ്ദീൻ, എ.ജി.സാജിദ്, സിനിജ, കെ.സുഗതകുമാരി, എ.അഞ്ജലി എന്നിവർ നേതൃത്വം നൽകി.

തൊഴിലുറപ്പ് തൊഴിലാളികളുടെ 42 തൊഴിൽ ദിനങ്ങൾ ഉപയോഗിച്ചാണ് പരിശീലന പദ്ധതി നടപ്പാക്കുന്നത്.

കണ്ണൂർറാസൽഖൈമ വിമാന സർവീസ് ഇന്നു മുതൽ

മട്ടന്നൂർ: വേനൽക്കാല ഷെഡ്യൂളിൽ ഉൾപ്പെടുത്തി കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് റാസൽഖൈമയിലേക്ക് എയർഇന്ത്യ എക്സ്പ്രസ് സർവീസ് ഇന്നു മുതൽ തുടങ്ങും. ചൊവ്വ, ബുധൻ, വെള്ളി ദിവസങ്ങളിലാണ് സർവീസുകൾ.

വൈകുന്നേരം 6.15ന് കണ്ണൂരിൽ നിന്ന് പുറപ്പെട്ട് 8.45ന് റാസൽഖൈമയിലെത്തും. തിരികെ പ്രാദേശികസമയം 9.45ന് പുറപ്പെട്ട് പുലർച്ചെ 3.10ന് കണ്ണൂരിലെത്തും.ദമാമിലേക്ക് നാളെ മുതൽ എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് തുടങ്ങുന്നത്. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലാണ് സർവീസുകൾ. പുലർച്ചെ 5.15ന് കണ്ണൂരിൽ നിന്ന് പുറപ്പെട്ട് 7.30ന് ദമാമിലെത്തും.

തിരികെ പ്രാദേശിക സമയം 8.30ന് പുറപ്പെട്ട് വൈകീട്ട് 3.45ന് കണ്ണൂരിലെത്തും. ഗോഫസ്റ്റ് സർവീസ് അവസാനിപ്പിച്ച ശേഷം കണ്ണൂർദമാം സെക്ടറിൽ സർവീസുകളുണ്ടായിരുന്നില്ല.വേനൽക്കാല ഷെഡ്യൂളിൽ അബുദാബിയിലേക്ക് ആഴ്ചയിൽ 10 സർവീസുകളും ഷാർജയിലേക്ക് 12 സർവീസുകളും നടത്തും.

ഞായർ, ബുധൻ ദിവസങ്ങളിൽ മസ്ക്കറ്റിലേക്കും സർവീസ് നടത്തും. എയർഇന്ത്യ എക്സ്പ്രസുമായി കിയാൽ ഒപ്പുവച്ച ധാരണ പ്രകാരമാണ് സർവീസുകൾ വർധിപ്പിക്കുന്നത്.

എൻസിസി വാർഷിക പരിശീലന ക്യാമ്പിന് തോമാപുരത്ത് തുടക്കമായി

ചിറ്റാരിക്കാൽ: എൻസിസി 32 കേരള ബറ്റാലിയൻറെ സംയുക്ത വാർഷിക പരിശീലന ക്യാമ്പിന് തോമാപുരം സെൻറ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ തുടക്കമായി. കമാൻഡൻറ് കേണൽ സി.സജീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

മുഖ്യാധ്യാപിക സിസ്റ്റർ കെ.എം.ലിനറ്റ് അധ്യക്ഷത വഹിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ലഫ്. കേണൽ ടി.വി.അനുരാജ്, സുബേദാർ കൈലാഷ് ശർമ, ക്യാമ്പ് അഡ്ജുടൻറ് ലഫ്. കെ.ലക്ഷ്മി എന്നിവർ പ്രസംഗിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നായി 600 കേഡറ്റുകളാണ് പത്തുദിവസത്തെ ക്യാമ്പിൽ പങ്കെടുക്കുന്നത്.

ക്യാമ്പിൻറെ ഭാഗമായി ഫയറിംഗ്, മാപ്പ് റീഡിംഗ് പരിശീലനവും സൈബർ ബോധവത്കരണം, ട്രാഫിക് സുരക്ഷ, വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളിൽ ക്ലാസുകളും സംഘടിപ്പിക്കും.

യുവാവിനെ കഴുത്തറുത്ത് കൊലപ്പെടുത്തിയ പ്രതിക്ക് ജീവപര്യന്തവും പിഴയും

തലശേരി: പശ്ചിമ ബംഗാൾ സ്വദേശിയായ യുവാവിനെ സ്റ്റീൽ ബ്ലേഡുകൊണ്ട് കഴുത്തറുത്ത് കൊലപ്പെടുത്തിയ കേസിൽ സുഹൃത്തും സഹപ്രവർത്തകനുമായ യുവാവിന് ജീവപര്യന്തവും ഒരു ലക്ഷം പിഴയും ശിക്ഷ വിധിച്ചു.പശ്ചിമ ബംഗാൾ സ്വദേശി സുബ്രതോ മണ്ഡൽ (30) കൊല്ലപ്പെട്ട സംഭവത്തിൽ പശ്ചിമ ബംഗാൾ സൗത്ത് പർഘാനയിലെ രത്തൻ മണ്ഡലിനെയാണ് (49)തലശേരി ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് എ.വി. മൃദുല ശിക്ഷിച്ചത്. പ്രതി പിഴ അടച്ചാൽ സംഖ്യ കൊല്ലപ്പെട്ട സുബ്രതോ മണ്ഡലിൻറെ ആശ്രിതർക്ക് നൽകണം.

പിഴ അടച്ചില്ലെങ്കിൽ മൂന്ന് മാസം കൂടി തടവ് അനുഭവിക്കണം. തളിപ്പറമ്പ് തൃച്ചംബരം ജീവൻ പ്രകാശ് ഓഡിറ്റോറിയത്തിന് സമീപം പണി നടന്നുവന്ന റസിഡൻഷ്യൽ ഫ്ളാറ്റിൽ കോൺക്രീറ്റ് സെൻട്രിംഗ് ജോലിക്കായി വന്നതായിരുന്നു ഇരുവരും. 2012 ഡിസംബർ മൂന്നിന് വൈകിട്ടാണ് കേസിനാസ്പദമായ സംഭവം.കലഹസ്വഭാവമുള്ള രത്തന് കരാറുകാരൻ ജോലി നിഷേധിച്ചിരുന്നു. ഇതിന് പിന്നിൽ സുബ്രതോ മണ്ഡലാണെന്ന ധാരണയിലാണ് കൊലപ്പെടുത്തിയതെന്നാണ് പ്രോസിക്യൂഷൻ കേസ്. നിർമാണ കരാറുകാരനായ ടി.വി.പ്രഭാരെൻറെ പരാതി പ്രകാരമാണ് പോലീസ് കേസെടുത്തത്.നേരത്തെ ചുടലയിലെ കെട്ടിട നിർമാണ സ്ഥലത്ത് വച്ച് ഇരുവരും തർക്കമുണ്ടായിരുന്നു.അന്നത്തെ തളിപ്പറമ്പ് സിഐ എ.വി. ജോണാണ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്.

എയർ പിസ്റ്റളുമായി രണ്ട് യുവാക്കൾ പിടിയിൽ

കണ്ണൂർ: കണ്ണൂർ നഗരത്തിൽ എയർ പിസ്റ്റളുമായി രണ്ടുപേർ പിടിയിൽ. മലപ്പുറം സ്വദേശികളായ സി.പി. റഹാൻ (21), എം. കെ. ഷാഹൽ (20) എന്നിവരാണ് പിടിയിലായത്. ഇന്നലെ പുലർച്ചെ 1.15 ഓടെ കണ്ണൂർ ടൗൺ പോലീസിൻറെ നൈറ്റ് പട്രോളിംഗിനിടെ സ്വാമിമഠം ജംഗ്ഷനിൽ വച്ചാണ് ഇരുവരും പിടിയിലായത്.പോലീസിനെ കണ്ടതിനെ തുടർന്ന് ഇരുവരും പരിഭ്രമിക്കുന്നത് കണ്ട് പരിശോധിച്ചപ്പോഴാണ് സഹലിൻറെ അരയിൽനിന്ന് എയർപിസ്റ്റളും ഹോൾസ്റ്ററും കണ്ടെത്തിയത്.

മലപ്പുറത്ത് നിന്ന് എന്തിനാണ് ഇരുവരും ഇവിടെ എത്തിയതെന്ന് ചോദിച്ചപ്പോൾ വ്യക്തമായ മറുപടിയില്ലാത്തതിനെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കരുതൽ തടങ്കലിൽ പാർപ്പിക്കുകയായിരുന്നു.

ആശയക്കുഴപ്പം ഒഴിവായി; താലൂക്ക് ഓഫീസിനു മുന്നിൽ പുതിയ ബോർഡ്

ആലത്തൂർ: ഇപ്പോൾ താലൂക്ക് ഓഫീസിൻറെ പ്രധാന കവാടത്തിനു മുമ്പിൽ വരുന്ന സാധാരണക്കാർക്ക് സംശയലേശമെന്യെ കടന്നു ചെല്ലാം. താലൂക്ക് ഓഫീസ്, ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്ന സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്, സബ് ജയിൽ എന്നിവ വ്യക്തമായി കാണുന്ന തരത്തിലുള്ള പുതിയ ബോർഡ് സ്ഥാപിച്ചതോടെയാണ് ഇത് സാധ്യമായത്.

ചെറിയ ബോർഡിൽ കവാടത്തിൻറെ ഒരു വശത്ത് ഓഫീസുകളുടെ പേരുകൾ പ്രദർശിപ്പിച്ചിരുന്നെങ്കിലും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. നേരത്തെ താലൂക്ക് ഓഫീസിൻറെ പ്രധാന കവാടത്തിൽ ജനസേവനകേന്ദ്രം എന്നാണ് എഴുതി വച്ചിരുന്നത്. ഇത് ആശയക്കുഴപ്പത്തിന് ഇടയാക്കിയിരുന്നു.

താലൂക്ക് ഓഫീസ് അങ്കണത്തിൽ പണി നടന്നുകൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിലാണ് ജനസേവന കേന്ദ്രം പ്രവർത്തനക്ഷമമാകുന്നത്. ഇവിടെ സ്ഥാപിക്കേണ്ട ബോർഡ് പ്രധാന കവാടത്തിൽ സ്ഥാപിച്ചതാണ് ഇവിടേക്ക് വരുന്ന ആളുകൾക്ക് സംശയം ഉണ്ടാക്കിയത്.

മാലിന്യ സംസ്കരണം: മലയോരമേഖലയിൽ ജില്ലാ എൻഫോഴ്സ്മെൻറ് സ്ക്വാഡിൻറെ പരിശോധന

ചിറ്റാരിക്കാൽ: മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മലയോരമേഖലയിലെ വിവിധയിടങ്ങളിൽ ജില്ലാ എൻഫോഴ്സ്മെൻറ് സ്ക്വാഡ് പരിശോധന നടത്തി. വിവിധ സ്ഥാപനങ്ങളിലും വിനോദസഞ്ചാരകേന്ദ്രങ്ങളിലും കോട്ടേജുകളിലും പുഴയോരങ്ങളിലും പരിശോധനയും നിരീക്ഷണവും നടത്തി. ചിറ്റാരിക്കാലിലെ മാരിക്കൽ പന്നി ഫാമിനും അറവുശാലയ്ക്കും 10000 രൂപ പിഴ ചുമത്തി.

കോടോം ബേളൂർ പഞ്ചായത്തിലെ ബൺ ബേക്കറിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന് 5000 രൂപ പിഴ ചുമത്തി. വരുംദിവസങ്ങളിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പരിശോധനകൾ തുടരും. എൻഫോഴ്സ്മെൻറ് സ്ക്വാഡ് ലീഡർ കെ.വി.മുഹമ്മദ് മദനി, സ്ക്വാഡ് അംഗം എം.സനൽ, പഞ്ചായത്ത് ജീവനക്കാരായ അരുൺ രാജ്, പി.അനീഷ് എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

വ്യാപരസ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പിൻെറ മിന്നൽ പരിശോധന

ഇരിട്ടി: വള്ളിത്തോട് കുടുംബരോഗ്യകേന്ദ്രം ആരോഗ്യ വിഭാഗത്തിൻറെ നേതൃത്വത്തിൽ മാടത്തിൽ, പാട്ടാരം എന്നിവിടങ്ങളിലെ വ്യപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി. പരിശോധനയിൽ പഴകിയ ഭക്ഷണ സാധനങ്ങൾ പിടികൂടി നശിപ്പിച്ചു.

വൃത്തിഹീനമായ പ്രവർത്തിച്ചതിന് മാടത്തിലുള്ള രണ്ട് സ്ഥാപനങ്ങൾ താത്കാലികമായി അടപ്പിച്ചു. മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിട്ട സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി. പരിശോധനയിൽ നിരോധിത പ്ലാസ്റ്റിക്കും പിടികൂടി. ഹെൽത്ത് ഇൻസ്പെക്ടർ ബിനോജ് കുറ്റ്യാനി, കെ. സിജു, സന്തോഷ്കുമാർ, അബ്ദുള്ള എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

ടൂറിസത്തിൻറെ സാധ്യതകളിൽ ചിറകുവിരിക്കാൻ ഇരിട്ടി

ഇരിട്ടി: ടൂറിസത്തിൻറെ സാധ്യതകളിൽ ചിറകുവിരിക്കാൻ ഇരിട്ടി. പ്രതീക്ഷകൾ പങ്കുവച്ച് നഗരസഭ ഒരുക്കിയ ടൂറിസം ശില്പശാലയിൽ ഉരുത്തിരിഞ്ഞത് ചെറുതും വലുതുമായ ഒട്ടേറെ പദ്ധതികൾ. പഴശി പദ്ധതി ഭാഗമയ പായംമുക്ക് കടവ് മുതൽ ഇരിട്ടി തോണിക്കടവ്, ഇരിട്ടി ടൗൺ, നേരമ്പോക്ക്, വടക്കേക്കര, വള്ള്യാട് സഞ്ജീവനി ഔഷധ ഉദ്യാനം, അകംതുരുത്തി ദ്വീപ്, എടക്കാനം വ്യൂ പോയിൻറ്, പഴശി ഡാം സൈറ്റ് വരെയുള്ള ഇരുപത് കിലോമീറ്ററിലധികം ദൂരത്തിൽ ഇടവിട്ട് നടപ്പാക്കാവുന്ന പദ്ധതി നിർദേശങ്ങൾ ശില്പശാലയിൽ ഉയർന്നു.

വട്ടത്തോണി മുതൽ സോളാർ ബോട്ട് വരെയുള്ള ജല ടൂറിസം സംരംഭങ്ങൾ, ചെറുതും വലുതുമായ ഉദ്യാനങ്ങൾ, വടക്കേക്കരയിൽ ഇക്കൊ പാർക്ക്, അകം തുരുത്തിയിൽ ബട്ടർഫ്ലൈ പാർക്ക്, റോപ്‌വേ, ആയുർവേദ റിട്രീറ്റ് സെൻറർ, ഔഷധ ചെടികളുടെ പഠന കേന്ദ്രം, നക്ഷത്ര വനം എന്നീ പദ്ധതികൾ പഴശി പദ്ധതി അധികൃതരുടെ അനുമതി നേടി നടപ്പാക്കാൻ ശില്പശാലയിൽ തീരുമാനിച്ചു. വള്ള്യാട് വഴിയോര കേന്ദ്രങ്ങളിൽ സൗരോർജ വിളക്കുകളും ഇരിപ്പിടങ്ങളും സജ്ജമാക്കി പഴശി ഡാമിലേക്കുള്ള പ്രധാനപാത പ്രകാശപൂരിതമാക്കാനും തീരുമാനമായി.

രണ്ട് മാസത്തിനകം പദ്ധതികളുടെ രൂപരേഖ തയാറാക്കാനും പദ്ധതി ചെലവ് കണക്കാക്കിയുള്ള എസ്റ്റിമേറ്റും പ്ലാനും തയാറാക്കി വിനോദ സഞ്ചാരജലവിഭവ മന്ത്രിമാർക്കും മുഖ്യമന്ത്രിക്കും സമർപ്പിച്ച് അനുമതി നേടാനും ശില്പശാല തീരുമാനിച്ചു.

ഇരിട്ടി ഹരിത ടൂറിസം; തുടർ പ്രവർത്തനങ്ങൾസംബന്ധിച്ച നിർദേശങ്ങൾ

പവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കമ്മറ്റി രൂപീകരികരിച്ചു.

ടൂറിസം, ഇറിഗേഷൻ, സോഷ്യൽ ഫോറസ്ട്രി, ലാൻഡ് സർവേ, ഹരിത കേരളം മിഷൻ, നഗരസഭ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗം ഉടൻ ചേരും.

ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് കോണ്ടൂർ സർവേ നടത്തും.

പാർക്കുകൾ രൂപകല്പന ചെയ്യാൻ എം. പാനൽ അംഗീകാരമുള്ള ആർക്കിടെക്ടിനെ കണ്ടെത്തും.

പ്രോജക്ട് റിപ്പോർട്ട് ഡിപിആർ പരമാവധി മൂന്ന് മാസത്തിനകം തയാറാക്കും

വിശദമായ നിവേദനം തയാറാക്കി ഇറിഗേഷൻ, ടൂറിസം മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും നല്കും.

2024 സെപ്റ്റംബറിൽ നഗരസഭയുടെയും വിനോദ സഞ്ചാര വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ഇരിട്ടി ടൂറിസം നിക്ഷേപ സംഗമം.

2024 ഡിസംബർ മുതൽ ഫെബ്രുവരി വരെ ഇരിട്ടി ടൂറിസം മേള നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.

കനത്ത വേനലിൽ വാഴകൾ ഒടിഞ്ഞ് വീഴുന്നു; കണ്ണീർ കയത്തിൽ കർഷകർ

മുക്കം: വേനൽ കനത്തതോടെ ജില്ലയിലെ വാഴ കർഷകർ ദുരിതത്തിൽ. വേനൽ കനത്തതോടെ വ്യാപകമായി വാഴകൾ ഒടിഞ്ഞു വീഴുന്നതിനൊപ്പം വിലകുറയുകയും ചെയ്തതോടെ വലിയ പ്രതിസന്ധിയിലാണ് കർഷകർ.

ജില്ലയുടെ കിഴക്കൻ മേഖലയിൽ കാരശേരിയിൽ മാത്രം നിരവധി കർഷകരുടെ വാഴയാണ് നശിച്ചത്. ദിവസവും രണ്ടുനേരം വെള്ളം പമ്പ് ചെയ്ത് നനച്ചിട്ടും കനത്ത ചൂട് കാരണം വാഴകൾ ഒടിഞ്ഞുവീണ് നശിക്കുകയാണ്. കുലച്ച് വിളവെടുക്കാനായ വാഴകളാണ് ഇത്തരത്തിൽ ഒടിയുന്നത്. വേനൽ മഴ ലഭിക്കാതായതോടെ തോടുകൾ വറ്റി വരളുകയും പുഴയിലെ ജലനിരപ്പ് താഴുകയും ചെയ്തതോടെ കർഷകർ തോടുകളിലെ മണ്ണെടുത്ത് നീക്കി വെള്ളം പമ്പ് ചെയ്താണ് വാഴ നനക്കുന്നത്. ഇത്തരത്തിൽ നനച്ച് വളർത്തിയ വാഴ വിളവെടുത്ത് വിപണിയിൽ എത്തിയാൽ തുച്ഛമായ വിലയാണ് ലഭിക്കുന്നത്.

കഴിഞ്ഞ വിഷുവിന് 45 രൂപ വരെ ലഭിച്ച പച്ചക്കായക്ക് 27 രൂപമാത്രമാണ് ഇപ്പോൾ വില.ഈ വിലക്ക് പച്ചക്കായ വിൽക്കാൻ എത്തിയാൽ ആർക്കും വേണ്ടാത്ത സാഹചര്യമാണുള്ളതെന്നും കാലാവസ്ഥാ വ്യതിയാനം മൂലം പച്ചക്കായ പുക വെച്ചിട്ടു പോലും പഴുക്കാത്ത സാഹചര്യമാണെന്നും പ്രദേശത്തെ വരൾച്ചാ ബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിക്കണമെന്നുമാണ് കർഷകരുടെ ആവശ്യം.

എന്നാൽ മാത്രമേ കർഷകന് ഇൻഷ്വറൻസ് ഉൾപ്പടെയുള്ള നഷ്ടപരിഹാരം ലഭിക്കുകയുള്ളുവെന്നും കർഷകർ പറയുന്നു. വാഴകൾക്ക് മറ്റ് രോഗങ്ങളും ബാധിക്കുന്നുണ്ടെന്നും ലക്ഷങ്ങൾ പാട്ടം കൊടുത്തും ലോണെടുത്തും ഇറക്കുന്ന കൃഷി വൻതോതിൽ നശിക്കുന്നതോടെ വലിയ നഷ്ടമാണ് കർഷകന് ഉണ്ടാവുന്നതെന്നും കാരശേരിയിലെ കർഷകനായ രജീഷ് പറഞ്ഞു.പ്രശ്നം എംഎൽഎ ഉൾപ്പടെയുള്ളവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും സർക്കാർ കർഷകർക്ക് അനുകൂലമായ നടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷയെന്നും കർഷകർ പറയുന്നു.

ജലക്ഷാമം രൂക്ഷമാക്കിയത് തടയണകൾ നിർമിക്കാത്തതിനാലെന്ന് പരാതി

കരുവാരകുണ്ട്: മുമ്പെങ്ങുമില്ലാത്ത വിധം പുഴകൾ വറ്റിവരണ്ട് ജലക്ഷാമം രൂക്ഷമാകാൻ പ്രധാന കാരണം തടയണുകൾ നിർമിക്കാത്തതിനാലെണെന്ന് പരാതി.

ജലസമൃദ്ധിയുടെ നാടെന്ന് പേരുകേട്ട മലയോര മേഖലയായ കരുവാരകുണ്ട് അതിരൂക്ഷമായ വരൾച്ചയാണ് നേരിടുന്നത്. പ്രധാന ജലസ്രോതസുകളായ ഒലിപ്പുഴയും കല്ലൻപുഴയും വറ്റിവരണ്ടിരിക്കുകയാണ്. അരുവികളും ചോലകളും നേരത്തെ തന്നെ വറ്റിയിരുന്നു. സാധാരണ പുഴ മുഴുവനായും വറ്റി വരളാറില്ല.

ചെറിയതോതിൽ നീരൊഴുക്കും തടയണ കെട്ടിനിർത്തുന്നയിടങ്ങളിൽ വെള്ളക്കെട്ടും ഉണ്ടാവാറുണ്ട്. എന്നാൽ ഇക്കൊല്ലം പുഴ മുഴുവനായും വറ്റി വരണ്ട നിലയിലായി. വേനൽ ആരംഭത്തിൽ തന്നെ പുഴയിൽ വിവിധ ഭാഗങ്ങളിൽ തടയണകൾ നിർമിക്കൽ പതിവായിരുന്നു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിലാണ് ഇത്തരം തടയണകൾ നിർമിക്കാറ്. ഇതിനായി പ്രത്യേകം ഫണ്ടും വകയിരുത്താറുണ്ട്.

എന്നാൽ ഇക്കൊല്ലം തടയണകൾ നിർമിക്കാത്തതാണ് ജലക്ഷാമം രൂക്ഷമാക്കിയതെന്നാണ് നാട്ടുകാർ പരാതിപ്പെടുന്നത്. പുഴകളിൽ എവിടെയും ഇക്കൊല്ലം തടയണകൾ നിർമിച്ചിട്ടില്ലെന്ന് നാട്ടുകാർ പറഞ്ഞു. മുൻ വർഷങ്ങളിൽ തടയണകൾ നിർമിച്ചത് കൊണ്ട് തന്നെ പുഴയിൽ വെള്ളം കെട്ടി നിന്നിരുന്നു. നാട്ടുകാർക്ക് കുളിക്കാനും കൃഷിയിടങ്ങൾ നനക്കുന്നതിനും വെള്ളം ഉപയോഗപ്പെടാറുണ്ട്.

മാത്രമല്ല പുഴകളിൽ വെള്ളം കെട്ടി നിൽക്കുന്നതുകൊണ്ട് പരിസര പ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് താഴാതിരിക്കുകയും ശുദ്ധജലക്ഷാമം അനുഭവപ്പെടാതിരിക്കുകയും ചെയ്യാറുണ്ട്. തടയണകൾ നിർമിക്കാത്തതിനാൽ പുഴകൾ വറ്റി വരണ്ടതോടെ പുഴയോരങ്ങളിലെ കിണറുകളിൽ പോലും വെള്ളം വറ്റിയിരിക്കുന്നു. ഇതോടെ മലയോരമേഖലയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലുള്ളവരും കുടിവെള്ളത്തിനായി നെട്ടോട്ടമോടേണ്ട അവസ്ഥയാണ്.

പ്രളയത്തിന് ശേഷം പുഴകളിൽ വന്നടിഞ്ഞ ചെളിയും മണ്ണും മണലും കോരി ഒഴിവാക്കുന്ന പ്രക്രിയകൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്നും നാട്ടുകാർ പറഞ്ഞു. പുഴകളിൽ നിന്ന് ചെളിയും മണ്ണും മണലും കോരി ഒഴിവാക്കി നീർച്ചാലുകളെങ്കിലും രൂപപ്പെടുന്ന അവസ്ഥയിലേക്ക് മാറ്റം വരുത്താൻ ഗ്രാമപഞ്ചായത്ത് അടിയന്തരമായി ഇടപെടണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

ശബരി എയർപോർട്ട് നിർമാണ സ്റ്റേ: സർക്കാരിനു മൗനം

കോട്ടയം: എരുമേലിയിൽ നിർദിഷ്ട ശബരി എയർപോർട്ട് നിർമാണം അനിശ്ചിതത്വത്തിൽ. സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം ഹൈക്കോടതി സ്റ്റേ ചെയ്തതിനുശേഷം തുടർനടപടികൾക്ക് സർക്കാർ നീക്കം നടത്തുന്നില്ല. അഡ്വക്കറ്റ് ജനറൽ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തിയശേഷം വേണം സ്റ്റേ അഴിക്കാനുള്ള നടപടിയിലേക്ക് കടക്കാൻ.

441 കൈവശക്കാരുടെ 1000.28 ഹെക്ടർ ഏറ്റെടുക്കാനാണ് മാർച്ചിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഉടമകൾക്ക് നോട്ടീസ് നൽകി സ്ഥലം അളന്ന് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾക്കിടയിലാണ് സ്റ്റേ വന്നത്. ചെറുവള്ളി എസ്റ്റേറ്റിൻറെ കൈവശക്കാരായ ബിലീവേഴ്സ് ചർച്ചിന് കീഴിലുള്ള അയന ചാരിറ്റബിൾ ട്രസ്റ്റ് നൽകിയ ഹർജിയിലാണ് സ്റ്റേ. സാമൂഹികാഘാത പഠനം നടത്തിയതിലും ഭൂമിയുടെ ഉടമസ്ഥാവകാശം നിർണയിച്ചതും ചട്ടവിരുദ്ധമായാണെന്ന വാദം പരിഗണിച്ചാണ് അപ്രതീക്ഷിത നടപടിയുണ്ടായത്.ചെറുവള്ളി എസ്റ്റേറ്റിൻറെ ഉടമസ്ഥാവകാശം ചർച്ചിനോ സർക്കാരിനോ എന്നതിൽ പാലാ കോടതിയിൽ കേസ് നിലവിലുണ്ട്. സർക്കാറിന് ഉടമസ്ഥാവകാശമുള്ള ഭൂമി എന്ന പേരിലാണ് വിജ്ഞാപനമെന്നായിരുന്നു ഹർജിക്കാരുടെ വാദം. സാമൂഹിക ആഘാത പഠനം നടത്തിയ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറ് സംസ്ഥാന സർക്കാറിന് കീഴിലുള്ള ഏജൻസിയാണെന്നും കേന്ദ്രസംസ്ഥാന ചട്ടങ്ങൾക്ക് വിരുദ്ധമാണിതെന്നും ഹർജിക്കാർ വാദിച്ചു.2005ൽ ബിലീവേഴ്സ് ചർച്ച് 2,263 ഏക്കർ എസ്റ്റേറ്റ് വാങ്ങിയതു മുതൽ എസ്റ്റേറ്റ് തട്ടിയെടുക്കാൻ രാഷ്ട്രീയതാത്പര്യമുള്ള ചിലർ നീക്കം നടത്തുന്നുണ്ട്. എരുമേലിക്കും ശബരിമലയ്ക്കും സമീപമുള്ള എസ്റ്റേറ്റിൽ സർക്കാരിനും രാഷ്ട്രീയ ബിനാമികൾക്കും താത്പര്യമുണ്ട്. സ്ഥലം ഏറ്റെടുക്കുമ്പോൾ പൊന്നുംവില നഷ്ടപരിഹാരം നൽകാനോ മൂവായിരം കോടി രൂപ മുടക്കി എയർപോർട്ട് പണിയാനോ സർക്കാരിനു പണമില്ല.എയർപോർട്ടിന് ആവശ്യമുള്ള 1800 ഏക്കറിനുശേഷം ബാക്കി സ്ഥലം ടൗൺഷിപ്പും സർക്കാർ ഓഫീസുകളും ഗസ്റ്റ് ഹൗസുകളും നിർമിക്കാനാണ് ആലോചന. ഉന്നത ഇടപെടലിൽ തന്ത്രപ്രധാനമായി ഈ സ്ഥലം ബിനാമികളുടെയും ഭൂമാഫിയകളും കൈകളിൽ എത്തിപ്പെടാനുള്ള സാധ്യതയുമുണ്ട്. ഇത്തരത്തിൽ വിവിധ വാദങ്ങളാണ് കോടതിയിൽ ഉന്നയിക്കപ്പെട്ടത്.

അപകടത്തിൽ മരിച്ചവർക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

ഭീമനടി: ചെറുകുന്ന് പുന്നച്ചേരിയിൽ കാർ ലോറിയുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ചവർക്ക് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി.കാർഓടിച്ചിരുന്ന കാലിച്ചാനടുക്കം ശാസ്താംപാറ ശ്രീശൈലത്തിൽ കെ.എൻ.പദ്മകുമാർ (59), ഒപ്പമുണ്ടായിരുന്ന മണ്ഡപം കമ്മാടത്തെ ചൂരിക്കോട്ട് സുധാകരൻ (49), ഭാര്യ കരിവെള്ളൂർ പുത്തൂർ സ്വദേശിനി അജിത (39), അജിതയുടെ പിതാവ് പുത്തൂരിലെ കൊഴുമ്മൽ കൃഷ്ണൻ (61), അജിതയുടെ സഹോദരൻ അജിത്തിൻറെ മകൻ ആകാശ് (ഒമ്പത്) എന്നിവരാണ് മരിച്ചത്.

കോഴിക്കോട് സിഎ കോഴ്സിന് പഠിക്കുന്ന മകൻ സൗരവിനെ ഹോസ്റ്റലിലാക്കി കുടുംബാംഗങ്ങൾക്കൊപ്പം തിരിച്ചുവരികയായിരുന്നു സുധാകരനും അജിതയും.

പിന്നിലുണ്ടായിരുന്ന മറ്റൊരു ലോറി കാറിൽ ഇടിച്ചതിനെ തുടർന്ന് കാർ നിയന്ത്രണം വിട്ട് എതിരെ വരികയായിരുന്ന ഗ്യാസ് സിലിണ്ടർ കയറ്റിവന്ന ലോറിയിൽ ഇടിക്കുകയായിരുന്നുവെന്നാണ് വിവരം. കാറിൻറെ ഒരു ഭാഗം ലോറിക്കടിയിലേക്ക് കയറിപ്പോയ നിലയിലായിരുന്നു. നാട്ടുകാരും കണ്ണപുരം പോലീസും അഗ്നിരക്ഷാ സേനയും കാർ വെട്ടിപ്പൊളിച്ചാണ് ഉള്ളിലുണ്ടായിരുന്നവരെ പുറത്തെടുത്തത്.

കരിവെള്ളൂർ പുത്തൂർ സ്കൂളിലെ പൊതുദർശനത്തിന് ശേഷമാണ് സുധാകരൻറെയും അജിതയുടെയും മൃതദേഹങ്ങൾ കമ്മാടത്തേക്ക് കൊണ്ടുവന്നത്. കോടംകല്ല് ജവഹർ വായനശാലയ്ക്കു മുന്നിൽ പൊതുദർശനത്തിന് ശേഷം ഇരുവരുടെയും മൃതദേഹങ്ങൾ വീട്ടുവളപ്പിൽ സംസ്കരിച്ചു.അജിതയുടെ പിതാവ് കൃഷ്ണൻ, സഹോദരപുത്രൻ ആകാശ് എന്നിവരുടെ മൃതദേഹങ്ങൾ കരിവെള്ളൂർ പുത്തൂരിലെ വീട്ടുവളപ്പിലാണ് സംസ്കരിച്ചത്.കമ്മാടത്തെ പരേതനായ തമ്പാൻ നായർ തമ്പായി അമ്മ ദന്പതികളുടെ മകനായ സുധാകരൻ മണ്ണാട്ടിക്കവലയിൽ സ്വന്തമായി മില്ല് നടത്തിവരികയായിരുന്നു. നേരത്തേ ഭീമനടിയിലെ ടേസ്റ്റി ഫ്ലവർ മില്ലിൽ 15 വർഷത്തിലേറെ ജോലി ചെയ്തിരുന്നു. വ്യാപാരി വ്യവസായി ഏകോപന സമിതി ചിറ്റാരിക്കാൽ യൂണിറ്റംഗമായിരുന്നു. ഭാര്യ അജിത ഹരിത കർമസേന വെസ്റ്റ് എളേരി പഞ്ചായത്ത് സെക്രട്ടറിയായിരുന്നു. സഹോദരങ്ങൾ: മോഹനൻ, സുമതി. കമ്മാടം ഭഗവതി ക്ഷേത്രം മാതൃസമിതിയിലും കുടുംബശ്രീയിലും സജീവമായിരുന്നു. സൗരവ് ഇവരുടെ ഏക മകനാണ്.എം.രാജഗോപാലൻ എംഎൽഎ, മുൻ എംഎൽഎ കെ.പി.സതീഷ് ചന്ദ്രൻ, വെസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡൻറ് ഗിരിജ മോഹനൻ, ഈസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡൻറ് ജോസഫ് മുത്തോലി, കുന്നുംകൈ സെൻറ് സെബാസ്റ്റ്യൻ പള്ളി വികാരി ഫാ.ജോജി ചക്കനാനി എന്നിവർ അന്തിമോപചാരമർപ്പിക്കാൻ എത്തിയിരുന്നു.

അപകടത്തിൽ മരിച്ച കെ.എൻ.പദ്മകുമാറിൻറെ മൃതദേഹം സ്വദേശമായ കാലിച്ചാനടുക്കത്ത് പൊതുദർശനത്തിനു ശേഷം മുള്ളേരിയ കാടകത്തെ കുടുംബവീട്ടിലെത്തിച്ച് സംസ്കരിച്ചു. പരേതനായ ആർ.നാരായണപിള്ളയുടെയും പദ്മിനിയുടെയും മകനാണ്. ഭാര്യ: രാധാമണി. മക്കൾ: ശൈലനാഥ്, ശൈലശ്രീ. സഹോദരങ്ങൾ: ഗീതാമണി (വെളിയന്നൂർ, കൂത്താട്ടുകുളം), ബിന്ദു എൻ.നായർ (കാലിച്ചാനടുക്കം).

നിലമ്പൂരിലെ റെയിൽവേ അടിപ്പാത നിർമാണം: വൺവേ സംവിധാനം ഏർപ്പെടുത്തണമെന്ന്

നിലമ്പൂർ: നിലമ്പൂർ റെയിൽവേയുടെ അടിപ്പാത നിർമാണത്തിനായി റെയിൽവേ സ്റ്റേഷന് മുന്നിലെ റോഡ് അടച്ചതിനാൽ ബദൽ സംവിധാനമായ ലിങ്ക് റോഡുകളിൽ വൺവേ സംവിധാനം ഏർപ്പെടുത്തുന്നതിനും വാഹനങ്ങൾ തിരിച്ച് വിടുന്നതിനു അടയാള ബോർഡുകൾ സ്ഥാപിക്കണമെന്നും ഓൾ കേരള ബസ് ഓപറേറ്റേഴ്സ് ഓർഗനൈസേഷൻ നിലമ്പൂർ താലൂക്ക് കമ്മിറ്റി അധികൃതരോട് അഭ്യർഥിച്ചു.

റോഡ് തിരിച്ച് വിടുന്ന ഭാഗത്ത് താത്കാലിക ജീവനക്കാരെ നിയമിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ, നിലമ്പൂർ ജോയിൻറ് ആർടിഒ, നിലമ്പൂർ സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവർക്ക് നിവേദനം നൽകി.റെയിൽവേ ഗേറ്റിനടുത്തും സമീപ പ്രദേശങ്ങളായ സ്ഥലങ്ങളിലേക്കുമാണ് ബസുകളിൽ യാത്രക്കാർ അധികവും യാത്ര ചെയ്യുന്നത്. ഇതിനു വേണ്ടി ലിങ്ക് റോഡുകൾ ഉപയോഗിക്കാമെന്നിരിക്കെ ഒരു വാഹനത്തിന് പോകാൻ കഴിയുന്ന വീതി കുറഞ്ഞ റോഡിൽ ഇടതടവില്ലാതെ വാഹനങ്ങൾ രണ്ടു ഭാഗത്തേക്കും നിയന്ത്രണമില്ലാതെ പോകുന്നതിനാൽ വാഹനങ്ങൾ കുരുക്കിൽപ്പെടുന്നുവെന്നും ബസുകൾ സമയത്തിന് പോകാൻ കഴിയാതെ ട്രിപ്പുകൾ മുടക്കേണ്ടതായ സ്ഥിതിയാണെന്നും ഭാരവാഹികൾ പറഞ്ഞു.ഈ റൂട്ടിൽ 40 ബസുകൾ നൂറിലധികം ട്രിപ്പുകൾ സർവീസ് നടത്തുന്നുണ്ടെന്നും നിവേദനത്തിൽ പറഞ്ഞു. പൂക്കോട്ടുംപാടത്ത് നിന്നു നിലമ്പൂർ ഭാഗത്തേക്ക് വരുന്ന ബസുകളും മറ്റു വാഹനങ്ങളും കൂറ്റമ്പാറയിൽ നിന്നു ഇടത്ത്ഭാഗം തിരിഞ്ഞു രാമംകുത്ത് വഴി റെയിൽവേ ഭാഗത്ത് ഇറങ്ങി മുക്കട്ട ജംഗ്ഷനിൽ വന്ന് നിലമ്പൂരിലേക്കും നിലമ്പൂരിൽ നിന്നു പൂക്കോട്ടുംപാടം ഭാഗത്തേക്ക് പോകുന്ന ബസുകൾ മുക്കട്ട ജംഗ്ഷനിൽ നിന്നു കരുളായി റോഡിലൂടെ വല്ലപ്പുഴ പയ്യമ്പള്ളി റോഡ് വഴി ഡിപ്പോ ഭാഗം റോഡിൽ ഇറങ്ങി പൂക്കോട്ടുംപാടം ഭാഗത്തേക്കും പോകുന്നതിന് ഈ രണ്ടു ഭാഗം റോഡുകൾ വൺവേ ആക്കിയാൽ മാത്രമേ തടസമില്ലാതെ പോകാനും വരാനും സാധിക്കുകയുള്ളൂവെന്നും ഓൾ കേരള ബസ് ഓപറേറ്റേഴ്സ് ഓർഗനൈസേഷൻ നിലമ്പൂർ താലൂക്ക് കമ്മിറ്റി നിവേദനത്തിൽ ചൂണ്ടിക്കാട്ടി.ബസ് ഓപറേറ്റേഴ്സ് ഓർഗനൈസേഷൻ ജില്ലാ പ്രസിഡൻറ് മുസ്തഫ കളത്തുംപടിക്കൽ അധ്യക്ഷത വഹിച്ചു.നിയാസ് ചാലിയാർ, ഷൗക്കത്തലി ഉള്ളാട്ട് പറമ്പൻ, കെ.ടി. മെഹബൂബ്, ബാബു മമ്പാട്, അറക്കൽ ഷെമീർ ബാബു, ജലീഷ് മോനുട്ടൻ, പി.ടി. ഷിഹാസ് ബാബു എന്നിവർ പ്രസംഗിച്ചു.

ലൈസൻസിന് അപേക്ഷിച്ചവരുടെ ഡ്രൈവിംഗ് ടെസ്റ്റിനുള്ള സ്ലോട്ട് റദ്ദാക്കി; ആർടിഒ ഓഫീസിൽ പ്രതിഷേധവുമായി അപേക്ഷകർ

പെരിന്തൽമണ്ണ: സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ലൈസൻസിന് അപേക്ഷിച്ചവരുടെ ഡ്രൈവിംഗ് ടെസ്റ്റിനുള്ള സ്ലോട്ട് റദ്ദാക്കി. ഇതിനെ തുടർന്ന് ലൈസൻസിന് അപേക്ഷിച്ച വനിതകൾ ഉൾപ്പെടെയുള്ളവർ കൂട്ടമായി എത്തി ആർടിഒ ഓഫീസിൽ പ്രതിഷേധിക്കുകയും ജോയിൻറ് ആർടിഒക്ക് പരാതിയും നൽകി.കഴിഞ്ഞ ജനുവരി മാസം മുതൽ ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിച്ചവരുടെ ഡ്രൈവിംഗ് ടെസ്റ്റിനുള്ള സ്ലോട്ടാണ് റദ്ദാക്കിയത്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലേക്കാണ് സ്ലോട്ട് അനുവദിച്ചിരുന്നത്.അപേക്ഷകരുടെ മൊബൈൽ ഫോണുകളിൽ സ്ലോട്ട് റദ്ദായതായുള്ള മെസേജ് ലഭിക്കുകയായിരുന്നു. ഡ്രൈവിംഗ് ടെസ്റ്റിനുള്ള 1500 ഓളം അപേക്ഷകൾ റദ്ദ് ചെയ്തതായാണ് വിവരം. ഇവർക്കിനി ഡ്രൈവിംഗ് ടെസ്റ്റിന് അവസരം ലഭിക്കണമെങ്കിൽപുതുതായി അപേക്ഷ നൽകി കാത്തിരിക്കേണ്ട സ്ഥിതിയാണ്.ലൈസൻസ് എടുത്ത് വിദേശത്ത് പോകാൻ കാത്തിരുന്നവർ, വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരുടെയടക്കം ടെസ്റ്റിനുള്ള അവസരം നഷ്ടപ്പെട്ടു. ലൈസൻസിന് അപേക്ഷിച്ചവരുടെ പരാതിയെ തുടർന്ന് ജോയിൻറ് ആർടിഒ മേൽ ഘടകങ്ങൾക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ദിവസവും120 പേർക്ക് ഡ്രൈവിംഗ് ടെസ്റ്റ് നടത്തിയിരുന്നത് മെയ് മാസം മുതൽ 50 പേർക്ക് മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്.

മദ്യപസംഘം മാരകായുധങ്ങളുമായെത്തി അക്രമിച്ചതായി പരാതി

വണ്ടൂർ: മദ്യപിച്ചെത്തി സംഘർഷാവസ്ഥ സൃഷ്ടിച്ചവരെ പിടികൂടി പോലീസിൽ ഏൽപ്പിച്ച് 30 മിനിട്ട് കഴിഞ്ഞതോടെ അതേ സംഘം മാരകായുധങ്ങളുമായി വീണ്ടുമെത്തി ആക്രമിച്ചതായി നാട്ടുകാരുടെ പരാതി.വണ്ടൂർ പാലാമടത്താണ് കഴിഞ്ഞ ദിവസം രാത്രി സംഘർഷാവസ്ഥ ഉടലെടുത്തത്. അതേസമയം സംഭവവുമായി ബന്ധപ്പെട്ട് ഇതുവരെ പോലീസ് കേസെടുത്തിട്ടില്ലെന്നറിയുന്നു. കഴിഞ്ഞ ദിവസം വൈകുന്നേരം അഞ്ചുമണിയോടെയാണ് രണ്ടു വാഹനങ്ങളിലായി മദ്യം വാങ്ങാൻ എത്തിയവർ പാലാമടത്തു വച്ച് പരസ്പരം ഏറ്റുമുട്ടുകയും തുടർന്നു റോഡിലൂടെ അപകടകരമായ രീതിയിൽ വാഹനം ഓടിക്കുകയായിരുന്നു. റോഡിലുണ്ടായിരുന്ന പലരും അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. തുടർന്നു നാട്ടുകാർ ഒത്തുകൂടി ഇവരെ പിടികൂടി തൊട്ടടുത്തുള്ള ക്ലബിലേക്ക് മാറ്റി പോലീസിനെ വിവരം അറിയിച്ചു.

പോലീസെത്തി പരിഭ്രാന്ത്രി സൃഷ്ടിച്ച നാലു പേരെ കസ്റ്റഡിയിലെടുത്തു. എന്നാൽ അരമണിക്കൂറിനുള്ളിൽ ഇതേ സംഘം കൂടുതൽ ആളുകളും മാരകായുധങ്ങളുമായി വീണ്ടുമെത്തി പാലാമടത്ത് ഉണ്ടായിരുന്നവർക്കെതിരേ ആക്രമിക്കുകയായിരുന്നുവെന്നും പ്രദേശവാസികൾ പറയുന്നു.

രാത്രി ഒമ്പതുമണിയോടെ പോലീസ് ഇവരെ കസ്റ്റഡിയിലെടുത്തു. മാരകായുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. അതേസമയം നാട്ടുകാർ തങ്ങളെയാണ് മദിച്ചതെന്നാണ് അംഞ്ചംഗ സംഘം പോലീസിനോട് പറഞ്ഞിട്ടുള്ളത്.

ഈ അഞ്ചു പേരെയും പോലീസ് താലൂക്ക് ആശുപത്രിയിൽ എത്തിച്ചു വൈദ്യ പരിശോധന നടത്തി. അതേസമയം നാട്ടുകാരായ രണ്ടുപേരും ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്.

കാർഷികനിർമാണമേഖല പ്രതിസന്ധിയിൽ ; ഇതര സംസ്ഥാന തൊഴിലാളികൾ ഇടുക്കി വിടുന്നു

ചെറുതോണി: ഇതര സംസ്ഥാന തൊഴിലാളികളും ഇടുക്കിയെ ഉപേക്ഷിക്കുന്നു. കാർഷികനിർമാണ മേഖലയിൽ തൊഴിലാളി ക്ഷാമം രൂക്ഷമാകുന്നു. ഏറ്റവുമധികം പ്രതിസന്ധിയിലാകുന്നത് നിർമാണമേഖലയാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ തമിഴ്നാട്ടുകാർക്കു പുറമെ ബംഗാൾ, ഓറീസ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളടക്കം നല്ലൊരു ശതമാനം പേരും ഇടുക്കി വിട്ടു.

തൊഴിലാളികളുടെ കുറവിൽ നിർമാണ പ്രവർത്തനം പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാകുകയാണ്. തെരഞ്ഞെടുപ്പിൻറെ പേരിൽ ഇടുക്കി വിട്ട നല്ലൊരു ശതമാനം തൊഴിലാളികളും പണിനിർത്തിയാണു പോയത്.

സ്ഥിരമായിട്ടുള്ള ജോലിക്കാർക്ക് താമസം, ഭക്ഷണം എന്നിവയ്ക്ക് പുറമേ രണ്ടു തവണ വീട്ടിൽ പോയിവരുന്നതിനുള്ള ട്രെയിൻ ടിക്കറ്റ് എന്നിവയും വേതനത്തിനു പുറമേ നൽകുന്നുണ്ട്. ഇത്രയൊക്കെയുണ്ടായിട്ടും ഇവരിൽ 20 ശതമാനം തൊഴിലാളികൾ മാത്രമാണ് ഇടുക്കിയിൽ അവശേഷിക്കുന്നത്. നിർമാണമേഖല 50 ശതമാനത്തോളം യന്ത്രവത്കരിക്കപ്പെട്ടു കഴിഞ്ഞുവെങ്കിലും തൊഴിലാളികൾ ഇല്ലാതെ നിർമണ പ്രവർത്തനങ്ങളൊന്നും നടക്കില്ല.

സ്വന്തം നാട്ടിൽ തൊഴിലുറപ്പു പദ്ധതി വ്യാപകവാവുകയും റേഷൻ തുടങ്ങി വീട്ടിലേക്കു വേണ്ടതെല്ലാം സൗജന്യമായി കിട്ടുകയും ചെയ്യാൻ തുടങ്ങിയതും തൊഴിലാളികൾ കേരളം വിടാൻ കാരണമായി. തൊഴിലാളികളെ കൂട്ടമായി പാർപ്പിച്ച് തൊഴിലുടമയ്ക്ക് വിതരണം ചെയ്യുന്ന ഇടനിലക്കാരുടെ ചൂഷണവും തൊഴിലാളികളെ കേരളം വിടാൻ പ്രേരിപ്പിക്കുന്നു.

ഇതിനു പുറമേ സ്വന്തം സംസ്ഥാനത്ത് ദേശീയ പാതകളുടെയും സൂപ്പർ ഹൈവേകളുടെയും നിർമാണങ്ങളടക്കമുള്ള ജോലികൾ വ്യാപകമായതും തൊഴിലാളികളെ സ്വന്തം നാട്ടിൽ ഉറപ്പിച്ചു നിർത്താൻ പ്രേരിപ്പിച്ചതായി കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡവലപ്പേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ കേരള ചാപ്റ്റർ ഭാരവാഹികൾ പറയുന്നു.

എന്നാൽ, തൊഴിൽവകുപ്പിൽ ഇതുസംബന്ധിച്ച് വിവരങ്ങളൊന്നുമില്ല. കെട്ടിട നിർമാണ ക്ഷേമനിധി ബോർഡിൻറെ കീഴിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമപദ്ധതി 2010 മുതൽ സർക്കാർ ഏർപ്പെടുത്തിയിരുന്നു. 10 കോടി രൂപാ ഇതിലേക്കായി നീക്കിവച്ചെങ്കിലും നിസാര തൊഴിലാളികൾ മാത്രമാണ് ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വരുംനാളുകളിൽ ഗുരുതരമായ തൊഴിലാളിക്ഷാമമാണു വരാൻ പോകുന്നത്. കഴിഞ്ഞ മൂന്നുമാസമായി ഹൈറേഞ്ചിലെ പല തോട്ടംമേഖലകളും തൊഴിലാളി ക്ഷാമം മൂലം പ്രതിസന്ധിയിലായിരിക്കുകയാണ്.ഇതര സംസ്ഥാന തൊഴിലാളികളെ ഇവിടെ പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ സർക്കാർ ഭാഗത്തുനിന്നുണ്ടാവണമെന്ന് കോൺട്രാക്ഴ്സ് അസോസിയേഷൻ ഭാരവാഹികളും ആവശ്യപ്പെട്ടു.

വന്യമൃഗങ്ങളെ കൊല്ലാനുള്ള അധികാരം കർഷകർക്ക് നൽകണമെന്ന്

കൂരാച്ചുണ്ട്: റബർ തോട്ടങ്ങളിൽ ടാപ്പിംഗ് പ്രവർത്തിയിലേർപ്പെടുന്ന വരെ അക്രമിക്കുന്ന വന്യമൃഗങ്ങളെ കൊല്ലുന്നതിനുള്ള അധികാരം കർഷകർക്ക് നൽകണമെന്ന് എരപ്പാൻതോട് റബർ ഉത്പാദക സംഘത്തിൻറെ വാർഷിക ജനറൽബോഡി യോഗം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു.

ആർപിഐഎസ് സ്കീമിൽ ഇപ്പോൾ റബർ കൃഷിക്കാർക്ക് നൽകുന്ന സബ്സിഡി തുക കിലോയ്ക്ക് 180 രൂപയിൽ നിന്ന് 250 രൂപയാക്കി വർധിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഉദ്ഘാടനം കോഴിക്കോട് റബർ ബോർഡ് ഡെവലപ്പ്മെൻറ് ഓഫീസർ വി.ജി. സന്തോഷ് ഉദ്ഘാടനം നിർവഹിച്ചു. സംഘം പ്രസിഡൻറ് ജോർജ് ചിരട്ടവയലിൽ അധ്യക്ഷത വഹിച്ചു.

പുതിയ ഭാരവാഹികളായി ജോർജ് ചിരട്ടവയലിൽ (പ്രസിഡൻറ്), ജോയി കുര്യൻ മുട്ടുമുഖത്ത് (വൈസ് പ്രസിഡൻറ്) എന്നിവരെ തെരഞ്ഞെടുത്തു. ഫീൽഡ് ഓഫീസർ വി.എം. താജ് പദ്ധതി വിശദീകരണം നൽകി. വൈസ് പ്രസിഡൻറ് ജോയി കുര്യൻ മുട്ടുമുഖത്ത്, ദേവസ്യാച്ചൻ കൊച്ചുവീട്ടിൽ എന്നിവർ പ്രസംഗിച്ചു.

കൂരാച്ചുണ്ടിൽ മഴക്കാല മുന്നൊരുക്ക യോഗം ചേർന്നു

കൂരാച്ചുണ്ട്: മഴക്കാലപൂർവ മുന്നൊരുക്കത്തിൻറെ ഭാഗമായി പഞ്ചായത്ത്, ആരോഗ്യ വകുപ്പ്, വ്യാപാര സംഘടനകളുടെയും സർവകക്ഷി യോഗം പഞ്ചായത്ത് ഹാളിൽ ചേർന്നു.

പഞ്ചായത്ത് പ്രസിഡൻറ് പോളി കാരക്കട അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അംഗങ്ങളായ ഒ.കെ. അമ്മദ്, സിമിലി ബിജു, ഡാർളി ഏബ്രഹാം, മെമ്പർമാരായ വിൻസി തോമസ്, അരുൺ ജോസ്, വിജയൻ കിഴക്കേമീത്തൽ, ജെസി കരിമ്പനയ്ക്കൽ, സെക്രട്ടറി ഇ. ഷാനവാസ്, ഹെൽത്ത് ഇൻസ്പെക്ടർ അരവിന്ദൻ, ജെഎച്ച്ഐ ജയേഷ് കുമാർ, പയസ് വെട്ടിക്കാട്ട്, എ.കെ. പ്രേമൻ, സണ്ണി പാരഡൈസ്, പ്രബീഷ് തളിയോത്ത് എന്നിവർ പ്രസംഗിച്ചു.

കുഴൽപ്പണം പിടികൂടി

പാണ്ടിക്കാട്: രേഖകളില്ലാതെ കടത്തിയ 16.83 ലക്ഷം കുഴൽപ്പണവുമായി യുവാവ് പാണ്ടിക്കാട് പോലീസിൻറെ പിടിയിൽ. വള്ളുവമ്പ്രം സ്വദേശി എടത്തൊടി ഷമീർ (38)ആണ് പിടിയിലായത്.

ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ, പെരിന്തൽമണ്ണ ഡിവൈഎസ്പി കെ.കെ. സജീവ് എന്നിവർക്ക് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ പാണ്ടിക്കാട് സ്റ്റേഷൻ ഹൗസ് ഓഫീസർ വിപിൻ കെ. വേണുഗോപാലും സംഘവും ഒറവംപുറംപാലത്തിന് സമീപം നടത്തിയ പരിശോധനയിലാണ് ഷമീർ പിടിയിലായത്.

പണത്തിൻറെ ഉറവിടം സംബന്ധിച്ച് പോലീസ് അന്വേഷണം ഊർജിതമാക്കി. എസ്എമാരായ മോഹൻദാസ്, ജയരാജൻ, എസ്സിപിഒമാരായ ഷൈലേഷ് ജോൺ, ഷമീർ, ഷൈജു, സിപിഒമാരായ രാജേഷ്, അരുൺ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

ഹാജിമാർക്ക് കരിപ്പൂർ എയർപോർട്ടിൽ സൗകര്യമൊരുക്കണം’

മഞ്ചേരി: മലബാർ ഏരിയയിൽ നിന്ന് ഹജ്ജിന് പോകുന്ന ഹാജിമാർക്ക് വിമാനനിരക്ക് മിതമാക്കിക്കൊണ്ട് കരിപ്പൂർ എയർപോർട്ടിൽ നിന്ന് തന്നെ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് കെഎൻഎം ജില്ലാ ഹജ്ജ് ക്യാമ്പ് ആവശ്യപ്പെട്ടു.അഞ്ഞൂറിലേറെ പ്രതിനിധികൾ പങ്കെടുത്ത ക്യാമ്പ് സംസ്ഥാന പ്രസിഡൻറ് ടി.പി. അബ്ദുല്ലക്കോയ മദനി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് പി.കെ. അബ്ദുല്ല ഹാജി അധ്യക്ഷത വഹിച്ചു.

അലി ശാക്കിർ മുണ്ടേരി, നസീറുദ്ദീൻ റഹ്മാനി, മൗലവി ശഫീഖ് അസ് ലം , ഡോ. സി. മുഹമ്മദ് കോട്ടക്കൽ, അബൂബക്കർ മദനി മരുത, ടി. യൂസുഫലി സ്വലാഹി, എൻ. അബ്ദുല്ല സ്വലാഹി എന്നിവർ പ്രസംഗിച്ചു. ജില്ലാ സമിതി പുറത്തിറക്കിയ ഹജ്ജ് ഉംറ കൈപുസ്തകം ടി.പി. അബ്ദുല്ലക്കോയ മദനി, കളത്തിങ്ങൽ ബഷീറിന് കോപ്പി നൽകി പ്രകാശനം ചെയ്തു.

ജനകീയ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പൊതുകുളം വൃത്തിയാക്കി

വണ്ടൂർ: വണ്ടൂർ പഞ്ചായത്ത് ഓഫീസിന് പിറകിൽ തച്ചുണ്ണിക്കുന്നിലെ അമ്പതോളം വരുന്ന യുവാക്കളും കുട്ടികളും അടങ്ങുന്ന സംഘം പഞ്ചായത്ത് കുളം വൃത്തിയാക്കി.

അഞ്ചു വർഷങ്ങൾക്കു മുമ്പാണ് അവസാനമായി കുളം വൃത്തിയാക്കിയത്. അതുകൊണ്ടുതന്നെ മൂന്നടിയോളം ഉയരത്തിൽ ചെളി കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. ടൗൺപ്രദേശങ്ങളിലുള്ള കുട്ടികൾക്ക് നീന്തൽ പഠിക്കാനുള്ള ഏക ആശ്രയമായിരുന്നു ഈ കുളം . എന്നാൽ വർഷങ്ങളായി ക്ലീനിങ് പ്രവൃത്തി നടക്കാത്തതിനാൽ കുളം ഉപയോഗശൂന്യമായിരുന്നു.

പഞ്ചായത്ത് മുഖേന ക്ലീനിംഗ് പ്രവൃത്തി നടത്തണമെങ്കിൽ സമയം എടുക്കുമെന്ന നിർദേശം ലഭിച്ചതിനെ തുടർന്ന് മഴക്ക് മുൻപായി കുളം വൃത്തിയാക്കാൻ ജനകീയ കൂട്ടായ്മ തീരുമാനിച്ചത്. പ്രദേശവാസികളിൽ നിന്നും പ്രവാസികളിൽ നിന്നുമായി പിരിവെടുത്താണ് ഇതിനു വേണ്ട ഫണ്ട് കണ്ടെത്തിയത്.

വേനലവധിക്കാലമായതുകൊണ്ട് കൊച്ചുകുട്ടികളുടെ സാന്നിധ്യം ശ്രദ്ധേയമായി. ക്ലീനിംഗിന് ഒപ്പം മീൻ പിടിക്കാനും കുട്ടികൾ മുൻപന്തിയിൽ ഉണ്ടായിരുന്നു. മുഹസിൻ നാലകത്ത്, അജ്മൽ കുഴിക്കാടൻ, നവാസ് കുരിക്കൾ ,നിഷാദ് കുഴിക്കാടൻ, സുധീർ ബാബു എ.പി., ഷിബു തോപ്പിൽ, ജിൻസാജ് ആനങ്ങാടൻ, സുജിത്ത്.ടി, യദു.ഇ , അശ്വിൻ.ടി, വിനീഷ് .ടി, റിഷിൻ സി.എം എന്നിവർ പ്രവൃത്തികൾക്ക് നേതൃത്വം നൽകി.

അതിജീവിതയുടെ കുടുംബം തെരുവിലേക്ക്: മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

മലപ്പുറം: തേഞ്ഞിപ്പലം പോക്സോ കേസിൽ ജീവനൊടുക്കിയ അതിജീവിതയുടെ കുടുംബം വാടക നൽകാൻ കഴിയാത്തതിനാൽ തെരുവിലിറങ്ങേണ്ടി വരുമെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് അധികൃതർക്ക് നോട്ടീസയച്ചു. മലപ്പുറം വിമൻ ആൻറ് ചൈൽഡ് ഡെവലപ്പ്മെൻറ് ഓഫീസർ പരാതിയെ കുറിച്ച് അന്വേഷണം നടത്തി ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണണമെന്ന് കമ്മീഷൻ ആക്റ്റിംഗ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.മൂന്നു വർഷമായി ഇവർ വാടക കെട്ടിടത്തിലാണ് താമസിക്കുന്നത്.പത്താം ക്ലാസിൽ പഠിക്കുന്ന മകനുമൊത്താണ് അതിജീവിതയുടെ ഉമ്മ താമസിക്കുന്നത്. ആരോഗ്യ കാരണങ്ങളാൽ ജോലിക്ക് പോകാൻ കഴിയുന്നില്ല.

അയൽ വീടുകളിൽ നിന്നും നൽകുന്ന ഭക്ഷണം കഴിച്ചാണ് ഇവർ ജീവിക്കുന്നത്. മകൾ ആത്മഹത്യ ചെയ്ത സമയത്ത് വീടും സ്ഥലവും നൽകുമെന്ന് അധികൃതർ വാഗ്ദാനം നൽകിയിരുന്നു. ദൃശ്യ മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. കേസ് മേയ് 14 ന് തിരൂർ റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ പരിഗണിക്കും.

കുടിവെള്ള വിതരണം കാര്യക്ഷമമല്ലെന്ന് കൗൺസിലർമാരുടെ പരാതി

കട്ടപ്പന: കട്ടപ്പന നഗരസഭയിൽ കുടിവെള്ള വിതരണം കാര്യക്ഷമമല്ലെന്ന് കൗൺസിസിൽ ആക്ഷേപം. വേനൽ കടുത്ത മാർച്ച് അവസാനത്തോടെ എല്ലാ വാർഡുകളിലും കട്ടപ്പന നഗരസഭ കുടിവെള്ള വിതരണം ആരംഭിച്ചിരുന്നു.

ഒരു കുടുംബത്തിന് 200 ലിറ്റർ വെള്ളം ആഴ്ചയിൽ രണ്ടു ദിവസം വീതമാണ് നൽകുന്നത്. അഞ്ച് ടാങ്കറുകളിലായി ഒരു ലക്ഷം ലിറ്ററോളം വെള്ളമാണ് ദിവസേന നൽകുന്നത്. എന്നാൽ, പലയിടങ്ങളിലും കുടിവെള്ള വിതരണം കാര്യക്ഷമമല്ലെന്നാണ് കൗൺസിലർമാരുടെ പരാതി.വെള്ളമെത്തിക്കുന്നവരുടെ താത്പര്യമനുസരിച്ചാണ് വിതരണം നടക്കുന്നത് എന്നും കുടിവെള്ള ക്ഷാമം രൂക്ഷമായ സ്ഥലങ്ങളിൽ വെള്ളം കൃത്യമായി എത്തിക്കുന്നില്ലെന്നുമാണ് കൗൺസിലർമാരുടെ പരാതി.

കട്ടപ്പന നഗരസഭയുടെ പൊതുടാപ്പുകൾ വഴി വാട്ടർ അതോറിറ്റി നൽകുന്ന വെള്ളത്തിൻറെ ബില്ലിൽ കുടിശിക വരുത്തിയത് നഗരസഭയുടെ അനാസ്ഥയാണെന്ന് പ്രതിപക്ഷ അംഗങ്ങൾ കുറ്റപ്പെടുത്തി.

വർഷങ്ങളായുള്ള കുടിശികയെക്കുറിച്ച് അറിവില്ലാത്തതിനാൽ പഠിച്ച ശേഷം അടുത്ത കൗൺസിലിൽ കത്തിൻറെ കാര്യം ചർച്ച ചെയ്യുമെന്നാണ് ഭരണസമിതിയുടെ വിശദീകരണം. കുടിവെള്ള വിതരണം വീഴ്ചയില്ലാതെ തുടരുമെന്നും എല്ലാ വാർഡുകളിലും വെള്ളമെത്തിക്കുന്നുണ്ടെന്നും ചെയർപേഴ്സൺ ബീന ടോമി വ്യക്തമാക്കി.

ഭൂമിക്കടിയിലൂടെ വലിച്ച വൈദ്യുത കേബിൾ കത്തിപ്പോയി ചൂടേറ്റു വാടി നഗരവാസികൾ

കൊച്ചി: അമിതവൈദ്യുതി പ്രസരണം താങ്ങാനാകാതെ ഭൂമിക്കടിയിലൂടെയുള്ള വൈദ്യുത കേബിളുകൾ കത്തിപ്പോയതിനെ തുടർന്ന് എറണാകുളം നോർത്ത് മേഖലയിൽ ഇന്നലെ പകൽ വൈദ്യുതി വിതരണം നിലച്ചു. ചൊവ്വാഴ്ച പുലർച്ചെ നാലേകാലോടെ നിലച്ച വൈദ്യുതി ബന്ധം രാത്രിയോടെയാണ് പുനഃസ്ഥാപിക്കാനായത്.വേനൽക്കാലത്തെ അമിത വൈദ്യുതി ഉപഭോഗത്തെ തുടർന്ന് ലോഡ് കൂടി ട്രാൻസ്ഫോർമറുകൾ ട്രിപ്പ് ആകുന്നതിന് പിന്നാലെയാണ് വൈദ്യുതി കേബിളുകൾ കത്തിപ്പോകുന്ന അസാധാരണ സംഭവങ്ങളും റിപ്പോർട്ട് ചെയ്യുന്നത്.പോൾ ആബ്രോ റോഡിലെ അഡ്വക്കേറ്റ് ജനറലിൻറെ വസതിക്കു മുന്നിലെ ട്രാൻസ്ഫോമറാണ് ഒരു ദിവസം മുഴുവൻ പണിമുടക്കി ജനജീവിതം ദുരിതപൂർണമാക്കിയത്. ട്രാൻസ്ഫോർമറിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി മണ്ണിനടിയിലൂടെ സ്ഥാപിച്ച ഹൈടെൻഷൻ കേബിളാണ് അമിത ലോഡിനെ തുടർന്ന് കത്തിപ്പോയത്.

ട്രാൻസ്ഫോർമർ ട്രിപ്പായതാകാമെന്ന ധാരണയിൽ ഉദ്യോഗസ്ഥരെത്തിയെങ്കിലും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനായില്ല. പിന്നീട് നടത്തിയ പരിശോധനയിലാണ് കേബിളുകൾ കത്തിയതാണെന്ന് കണ്ടെത്തിയത്.

ഗാന്ധിനഗറിൽ നിന്ന് ഈ മേഖലയിലെ വിദഗ്ധരെത്തി ഒരു പകൽ നീണ്ട അറ്റകുറ്റപ്പണികൾക്കൊടുവിലാണ് കേബിൾ മുറിച്ചു മാറ്റി പുതിയത് കൂട്ടിച്ചേർത്ത് വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനായത്.

യാത്രക്കാർക്ക് ദുരിതം; വേണാട് എക്സ്പ്രസ് എറണാകുളം ജംഗ്ഷൻ ഒഴിവാക്കൽ

ഏറ്റുമാനൂർ: വേണാട് എക്സ്പ്രസ് എറണാകുളം ജംഗ്ഷൻ ഒഴിവാക്കി സർവീസ് നടത്തുന്നതോടെ കോട്ടയം, ഏറ്റുമാനൂർ സ്റ്റേഷനുകളിൽനിന്ന് യാത്ര ചെയ്യുന്ന സ്ഥിരം യാത്രക്കാരുടെ യാത്ര ദുരിതമാകുമെന്ന് യാത്രക്കാർ. ഈ ദുരിതമകറ്റാൻ പാലരുവി എക്സ്പ്രസിനും വേണാടിനും ഇടയിൽ ഒരു മെമു വേണമെന്ന് യാത്രക്കാരുടെ സംഘടനയായ ഫ്രണ്ട്സ് ഓൺ റെയിൽസ് ആവശ്യപ്പെടുന്നു.

എറണാകുളം സൗത്ത് സ്റ്റേഷൻറെ ചുറ്റുവട്ടത്തായുള്ള അനേകം സ്ഥാപനങ്ങളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന നൂറുകണക്കിന് ജീവനക്കാർക്ക് ബുദ്ധിമുട്ടാകുമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് ചൂണ്ടിക്കാട്ടുന്നു.എറണാകുളം ടൗണിൽ ഇറങ്ങി മെട്രോയിൽ കയറി ജംഗ്ഷനിലെത്തി ജോലി സ്ഥലത്തേക്ക് പോകാമെന്നു വച്ചാലും സമയത്ത് ജോലിസ്ഥലത്ത് എത്താനാകില്ല. വലിയ സാമ്പത്തിക നഷ്ടവുമുണ്ടാകും. കോട്ടയത്തുനിന്ന് എറണാകുളത്തേക്ക് സീസൺ ടിക്കറ്റിൽ ഒരു മാസത്തേക്ക് 270 രൂപ മുടക്കുന്ന യാത്രക്കാരൻ തൃപ്പൂണിത്തുറയിൽനിന്ന് മെട്രോയിൽ സൗത്തിലെത്താൻ 1440 രൂപ മുടക്കേണ്ടിവരും.

ഉച്ചയ്ക്ക്1.35നുള്ള 06769 എറണാകുളം കൊല്ലം മെമുവിനുശേഷം 6.15ന് മാത്രമാണ് കോട്ടയത്തേക്ക് ജംഗ്ഷനിൽ നിന്ന് സർവീസ് ഉണ്ടാകുക. നിലവിൽത്തന്നെ മെമുവിലെ തിരക്ക് അസഹനീയമാണ്. വേണാട് എറണാകുളം ജംഗ്ഷൻ ഒഴിവാക്കുമ്പോൾ മെമുവിലെ യാത്ര അതിദുരിതമാകും. 12 കോച്ചുകൾ മാത്രമുള്ള തിങ്ങിനിറഞ്ഞ മെമുവിൽ വേണാടിലെ യാത്രക്കാരെക്കൂടി ഉൾക്കൊള്ളാനാവില്ല.

രാവിലെ 6.58ന് കോട്ടയത്തുനിന്ന് പുറപ്പെടുന്ന പാലരുവി കഴിഞ്ഞാൽ ഒന്നരമണിക്കൂറിന് ശേഷമാണ് വേണാട് സർവീസ് നടത്തുന്നത്. ട്രെയിനിലെ തിരക്കുകൾക്ക് അടിസ്ഥാന കാരണം ഈ ഇടവേളയാണ്. പാലരുവിയ്ക്കും വേണാടിനും ഇടയിൽ മെമു വന്നാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് പറയുന്നു.

പുതിയ ഒരു മെമു വന്നാൽ രാവിലെ 6.25ന് കോട്ടയത്തുനിന്നു പുറപ്പെടുന്ന 06444 കൊല്ലംഎറണാകുളം മെമുവിനുശേഷം കടുത്തുരുത്തി, കാഞ്ഞിരമറ്റം സ്റ്റേഷനുകളിൽനിന്നുള്ള യാത്രക്കാർക്കും കൂടി ആശ്വാസമാകും.

പുലർച്ചെ തിരുവനന്തപുരത്തുനിന്ന് കാസർഗോഡേക്ക് സർവീസ് നടത്തുന്ന വന്ദേഭാരത് കായംകുളം കടന്നുപോയശേഷം 6.50ന് കായംകുളത്തുനിന്ന് പുറപ്പെടുന്ന വിധം ഒരു മെമുവിൻറെ സമയക്രമം ചിട്ടപ്പെടുത്തിയാൽ യാതൊരു തടസങ്ങളും കൂടാതെ സർവീസ് നടത്താൻ സാധിക്കുമെന്ന് ഫ്രണ്ട്സ് ഓൺ റെയിൽസ് ഭാരവാഹി അജാസ് വടക്കേടം പറഞ്ഞു.

കർഷകരുടെ ഉത്പന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കാൻ പദ്ധതി

നിലമ്പൂർ: കൃഷി കൂട്ടാധിഷ്ഠിത ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച നിലമ്പൂർ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ കർഷകരുടെ ഉത്പ്പന്നങ്ങൾ നേരിട്ട് സംഭരിച്ച് വിപണിയിലെത്തിക്കാൻ ഒരുങ്ങുന്നു.

202324 വർഷത്തിൽ പദ്ധതി വിഹിതമായി ലഭിച്ച അഞ്ചു ലക്ഷം രൂപക്ക് വാങ്ങിയ വാഹനത്തിലാണ് ഉത്പ്പന്നങ്ങൾ വിപണിയിലെത്തിക്കുക.

വാഹനം ഫ്ളാഗ്ഓഫ് ചെയ്തു നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി. പുഷ്പവല്ലി ഉദ്ഘാടനം ചെയ്തു ആദ്യവിൽപ്പന നടത്തി. പ്രസിഡൻറ് കെ.ടി. മാത്യു അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.പി. മത്തായി, ബ്ലോക്ക് പഞ്ചായത്തംഗങ്ങളഗായ വാളപ്ര റഷീദ്, സി.കെ. സുരേഷ്, മറിയാമ്മ ജോർജ്, ഏലക്കാടൻ ബാബു, അനിജ സെബാസ്റ്റ്യൻ, സൂസമ്മ മത്തായി, എടക്കര പഞ്ചായത്ത് ഉപാധ്യക്ഷ ആയിഷക്കുട്ടി എന്നിവർ പ്രസംഗിച്ചു.

ആശ്വാസമായി വേനൽമഴ: തൊടുപുഴയിൽ വെള്ളക്കെട്ട്

തൊടുപുഴ: ഇന്നലെ പെയ്ത വേനൽമഴ ചൂടിന് താത്കാലികാശ്വാസമായെങ്കിലും നഗരവാസികൾക്കും വ്യാപാരികൾക്കും ദുരിതമായി പതിവുപോലെ വെള്ളക്കെട്ട് രൂപപ്പെട്ടു. ഇന്നലെ വൈകുന്നേരം നാലരയോടെയാണ് നഗരത്തിൽ മഴ ആരംഭിച്ചത്. മഴയ്ക്കൊപ്പം മിന്നലുമുണ്ടായി. അരമണിക്കൂറോളം നീണ്ടുനിന്ന മഴയിൽ കാഞ്ഞിരമറ്റം മങ്ങാട്ടുകവല ബൈപാസിൽ ന്യൂമാൻ കോളജിനു സമീപം വലിയ വെള്ളക്കെട്ടുണ്ടായി.മങ്ങാട്ടുകവല കാരിക്കോട് റോഡ്, പ്രൈവറ്റ് ബസ് സ്റ്റാൻഡ്, മണക്കാട് ജംഗ്ഷൻ, റോട്ടറി ജംഗ്ഷൻ, മാവിൻചുവട്, മൗണ്ട് സിനായ് റോഡ്, കെഎസ്ആർടിസി ജംഗ്ഷൻ, നഗരസഭ പാർക്കിനു മുൻവശം എന്നിവിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെട്ടു. റോഡുകളിലൂടെയുള്ള വാഹന ഗതാഗതവും ഏറെ നേരം ദുഷ്കരമായി. പോക്കറ്റ് റോഡുകളിൽനിന്ന് കുത്തൊഴുക്കിൽ കല്ലും മണ്ണും മെയിൻ റോഡിലേക്ക് ഒഴുകിയെത്തിയതും വാഹനയാത്രക്കാർക്ക് ദുരിതമായി.

പലയിടത്തും ഓടകൾ അടഞ്ഞതിനാൽ മഴ പെയ്താൽ വെള്ളം ഒഴുകിപോകാൻ സൗകര്യം ഇല്ലാത്തതാണ് വെള്ളക്കെട്ടിന് പ്രധാന കാരണം. ഓടകൾ നഗരസഭയുടെ നേതൃത്വത്തിൽ ഇടയ്ക്കിടെ വൃത്തിയാക്കാറുണ്ടെങ്കിലും മാലിന്യം നിറഞ്ഞ് വീണ്ടും അടയും.മഴവെള്ളം യഥേഷ്ടം ഒഴുകുന്നതിന് സൗകര്യപ്രദമായ തരത്തിൽ വീതിയുണ്ടായിരുന്ന ഓടകൾ പലതും കൈയേറ്റത്തിൻറെ ഫലമായി ഇടുങ്ങിപ്പോയി. ഇതോടെയാണ് ഓടകളിലൂടെയുള്ള സുഗമമായ വെള്ളമൊഴുക്കിന് തടസമുണ്ടായത്.

കൂടരഞ്ഞിയിൽ റോഡ് കൈയേറി അനധികൃത തടയണ നിർമാണം

മുക്കം: കൂടരഞ്ഞി പഞ്ചായത്തിൽ പൊതുമരാമത്ത് റോഡ് കയ്യേറി അനധികൃത തടയണ നിർമാണം. കോഴിക്കോട് മലപ്പുറം ജില്ലകളിലൂടെ കടന്നു പോവുന്ന പൂവാറംതോട് നായാടം പൊയിൽ റോഡ് കയ്യേറിയാണ് അനധികൃത തടയണ നിർമാണം നടക്കുന്നത്.

സ്വാഭാവിക നീരുറവ തടഞ്ഞു നിർത്തിയാണ് അനധികൃതമായി തടയണ നിർമാണം നടക്കുന്നതെന്നും പഞ്ചായത്തിലെ പൂവാറം തോട് മേടപ്പറയിലെ ജാതിക്ക റിസോട്ട് ഉടമകളാണ് റോഡ് കയ്യേറി തടയണ നിർമിക്കുന്നതെന്നും നാട്ടുകാർ പറഞ്ഞു. ഇതു സംബന്ധിച്ച് നാട്ടുകാർ പഞ്ചായത്തിൽ പരാതി നൽകിയിട്ടുണ്ട്.

പത്ത് മീറ്റർ വീതിയുള്ള റോഡ് രണ്ട് മീറ്ററോളം റിസോട്ട് ഉടമകൾ കെട്ടിയെടുത്തിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമാണിത്. സ്വാഭാവിക നീരുറവ തടഞ്ഞു നിർത്തിയുള്ള തടയണ നിർമാണം കുടിവെള്ള ക്ഷാമം രൂക്ഷമാക്കും. നിർമാണത്തിനുള്ള കല്ല് ഇതേ പറമ്പിൽ നിന്നും അനധികൃതമായി പൊട്ടിച്ചെടുക്കുകയാണെന്നും നാട്ടുകാർ പറയുന്നു. നിർമാണം അനധികൃതമാണെന്ന് പഞ്ചായത്ത് പ്രസിഡൻറ് ആദർശ് ജോസഫ് പറഞ്ഞു.

റിസോട്ട് ഇപ്പോൾ പ്രവർത്തിക്കുന്നത് ലൈസൻസ് ഇല്ലാതെയാണ്. ലൈസൻസ് പുതുക്കുന്നതിന് ഫീസ് അടച്ചിട്ടുണ്ടെന്നും പുതുക്കി നൽകിയിട്ടില്ലെന്നും പഞ്ചായത്ത് പ്രസിഡൻറ് പറഞ്ഞു. അതേ സമയം കയ്യേറ്റം ഉടൻ പൊളിച്ചുമാറ്റുമെന്ന് റിസോട്ട് അധികൃതർ പറഞ്ഞു.

പെണ്ണെഴുത്ത് ശിൽപശാല സമാപിച്ചു

മലപ്പുറം: കവിതകൊണ്ടൊരു പകൽ. അതിൽ നിറയെ വെളിച്ചവും എന്ന തലക്കെട്ടിൽ ബുക്ക് പ്ലസ് സംഘടിപ്പിച്ച മൂന്നാമത് പെണ്ണെഴുത്ത് ശിൽപശാല സമാപിച്ചു.പാണക്കാട് ഹാദിയ സെൻററിൽ നടന്ന പരിപാടിയിൽ ശരീഫ് ചെമ്മാട് ആമുഖഭാഷണം നടത്തി. അനുഭവങ്ങളില്ലെങ്കിലും ഭാവനകൾ കോർത്തുവച്ച് നല്ല കൃതികൾ രചിക്കാമെന്ന് അദ്ദേഹം പറഞ്ഞു. സർഗസമീക്ഷ എന്ന ആദ്യ സെഷനിൽ കവി വീരാൻകുട്ടി സംസാരിച്ചു.കവിത ഒരു പൊതിക്കാത്ത തേങ്ങ പോലെയാണെന്നും ചകിരി മാറ്റി ചിരട്ട പൊളിച്ചാൽ മാത്രം കിട്ടുന്നതാകണം അതിൻറെ സത്തയെന്നും അദ്ദേഹം സൂചിപ്പിച്ചു. കവിതക്ക് ധാരാളം ശൈലികൾ നിലവിലുണ്ടെന്നും ആ കൈവഴികളെല്ലാം ഒറ്റക്കടലിലാണ് ചെന്നുപതിക്കുന്നതെന്നും ഇനിയും പുതിയ ശൈലികൾ കണ്ടെത്താൻ അവസരമുണ്ടെന്നും എഴുത്തുകാരിയുടെ മുറി എന്ന രണ്ടാം സെഷനിൽ നൂറ വരിക്കോടൻ പറഞ്ഞു.

കവിതയുടെ ജൈവചിത്രം എന്ന അവസാന സെഷനിൽ പുതിയകാല കവിതകൾ പാടിയും പറഞ്ഞും നാഫി ചേലക്കോട് സംവദിച്ചു. ബുക്ക്പ്ലസിൻറെ വിവിധ പ്രൊജക്ടുകളിലെ എഴുത്തവസരങ്ങളും അദ്ദേഹം പരിചയപ്പെടുത്തി. അഫീഫ ജാസ്മിൻ, മുഹ്സിന ഖദീജ, ഫാത്തിമ ഷെറിൽ എന്നിവർ മികച്ച കവിതകൾക്കുള്ള അവാർഡുകൾ നേടി. എഴുപതോളം നവാഗത എഴുത്തുകാരികൾ പങ്കെടുത്ത പരിപാടിയിൽ ഹന്ന മെഹ്തർ, ഇർശാന അയ്യനാരി, സലീം ദേളി, ശാഫി ചെങ്ങര എന്നിവർ സംസാരിച്ചു.

ചരിത്രം രചിച്ച് ആദ്യമായി ഒരു പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത് ഗ്രേറ്റ് നിക്കോബാറിലെ ഷോംപെൻ ഗോത്രം

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ജഢംഏ (പ്രത്യേകിച്ച് ദുർബലരായ ആദിവാസി വിഭാഗങ്ങൾ) കമ്മ്യൂണിറ്റികളെയും മറ്റ് ആദിവാസി ഗ്രൂപ്പുകളെയും ഉൾപ്പെടുത്തുന്നതിനുള്ള ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ കഴിഞ്ഞ രണ്ട് വർഷമായുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിയതിന്റെ തെളിവാണ് വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗോത്ര വിഭാഗങ്ങൾ പൊതു തെരഞ്ഞെടുപ്പിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നതിന്റെ പോളിംഗ് സ്റ്റേഷനുകളിലെ ദൃശ്യങ്ങളിലൂടെ വ്യക്തമാകുന്നത്. ഗ്രേറ്റ് നിക്കോബാറിലെ ഷോംപെൻ ഗോത്രം ആദ്യമായി ഒരു പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തത് ചരിത്രപരമായ ഒരു നീക്കമായി. തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ജഢംഏകളെ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ബോധവാന്മാരായിരുന്ന ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ കഴിഞ്ഞ രണ്ട് വർഷമായി അവരെ വോട്ടർമാരായി രജിസ്റ്റർ ചെയ്യുന്നതിനും വോട്ടിംഗ് പ്രക്രിയയിൽ പങ്കെടുക്കുന്നതിനും പ്രത്യേക ശ്രമങ്ങൾ നടത്തിയിരുന്നു. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള പ്രത്യേക സംഗ്രഹ പുനരവലോകന വേളയിൽ, വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പിവിടിജികൾ താമസിക്കുന്ന പ്രത്യേക സംസ്ഥാനങ്ങളിൽ പ്രത്യേക ഔട്ട്റീച്ച് ക്യാമ്പുകൾ നടന്നു. 2022 നവംബറിൽ പുണെയിൽ നടന്ന വാർത്താ സമ്മേളനത്തിൽ, സ്പെഷ്യൽ സമ്മറി റിവിഷൻ 2023 ന്റെ ദേശീയതല സമാരംഭത്തിന്റെ അവസരത്തിൽ, രാജ്യത്തിന്റെ അഭിമാനകരമായ വോട്ടർമാരായി ജഢംഏകളെ എൻറോൾ ചെയ്യുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള കമ്മീഷന്റെ കേന്ദ്രീകൃത ഇടപെടലുകളെക്കുറിച്ച് ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ രാജീവ് കുമാർ ഊന്നിപ്പറഞ്ഞത് ഓർക്കാം.

മധ്യപ്രദേശിൽ നിന്നുള്ള ബൈഗ ഗോത്രവും ഗ്രേറ്റ് നിക്കോബാറിൽ നിന്നുള്ള ഷോംപെൻ ഗോത്രവും വിവിധ സംസ്ഥാനങ്ങളിലെ ദൃശ്യങ്ങളിലൂടെ മധ്യപ്രദേശ് സംസ്ഥാനത്ത് ആകെ മൂന്ന് പിവിടിജികളുണ്ട്; ബൈഗ, ഭരിയ, സഹരിയ. 23 ജില്ലകളിലെ മൊത്തം 9,91,613 ജനസംഖ്യയിൽ, 6,37,681 പേർ 18 വയസിന് മുകളിലുള്ള യോഗ്യരായ പൗരന്മാരാണ്, എല്ലാവരും വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടന്ന വോട്ടെടുപ്പിൽ പുലർച്ചെ തന്നെ പോളിങ് സ്റ്റേഷനിലെത്തി വോട്ട് ചെയ്യാൻ ഊഴം കാത്ത് ജനാധിപത്യത്തിന്റെ മഹത്തായ ഉത്സവത്തിൽ പങ്കാളിത്തം ഉറപ്പാക്കിയ ബൈഗ, ഭാരിയ വിഭാഗങ്ങളിലെ വോട്ടർമാർക്കിടയിൽ ആവേശം നിറഞ്ഞിരുന്നു.പോളിംഗ് സ്റ്റേഷനുകളിൽ ഗോത്രവർഗ ഗ്രൂപ്പുകളെ സ്വാഗതം ചെയ്യുന്നതിനായി ആദിവാസി തീം അടിസ്ഥാനമാക്കിയുള്ള പോളിംഗ് സ്റ്റേഷനുകളും സജ്ജീകരിച്ചിരുന്നു. മധ്യപ്രദേശിലെ ഡിൻഡോരിയിൽ നിന്നുള്ള ഗ്രാമീണർ പോളിംഗ് സ്റ്റേഷനുകൾ സ്വയം അലങ്കരിച്ചു.

നരേന്ദ്ര മോദിക്കെതിരെ പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ് റാലി

കോയന്പത്തൂർ: റാലിയെ കുറിച്ച് മോശമായി സംസാരിച്ച മോദിയെ അപലപിച്ച് കോയമ്പത്തൂർ ജില്ലാ മഹിളാ കോൺഗ്രസ് കളക്ടറുടെ ഓഫീസിന് സമീപമുള്ള ബിഎസ്എൻഎൽ ഓഫീസിനു മുന്നിൽ പ്രതിഷേധിച്ചു. മഹിളാ കോൺഗ്രസ് അധ്യക്ഷ ഉമാ മഹേശ്വരിയുടെ നേതൃത്വത്തിൽ നടന്ന പ്രകടനത്തിൽ സിറ്റി ജില്ലാ കോൺഗ്രസ് പ്രസിഡൻറ് വക്കീൽ കർപ്പുസാമി, സംസ്ഥാന ജനറൽ സെക്രട്ടറി ഗണപതി ശിവകുമാർ എന്നിവർ പങ്കെടുത്തു.

കോയമ്പത്തൂർ ബോസ്, തമിഴ്ചെൽവൻ, കാന്തകുമാർ, തോമസ് വർഗീസ്, അഡ്വ. ജെറോം, സംഗനൂർ രാജഗോപാൽ, കാമാച്ചി സുന്ദരേശ്വരർ, അനീസ്, മധുസൂദനൻ, ഗണേഷ്, ചെക്ക് മുഹമ്മദ്, ശക്തിവേൽ, നാരായണൻ, ഡെന്നീസ് സെൽവരാജ്, ശിവപെരുമാൾ, തിലകാവതി, രംഗനായകെ, സെൽവി, ഉഷ, അനിത, ഗണപതി തിലകാവതി, ചിത്ര, സ്റ്റെപിന റോസ്, കോകില, ജയക്കൊടി, വിജയലക്ഷ്മി, വാസന്തി, സുധ, മാലതി, താര, ബ്രിട്ടോ, ഷൺമുഖസുന്ദരം, ഫ്രാൻസിസ്, മരുതൂർ സെൽവരാജ്, മുരുകൻ, മുത്തുസ്വാമി ചെട്ടിയാർ, രമേഷ്, പുഷ്പരാജ് തുടങ്ങിയവർ പങ്കെടുത്തു. പ്രതിഷേധത്തിനിടെ മോദിയുടെ അസഭ്യ പ്രസംഗത്തിനെതിരെ മുദ്രാവാക്യം വിളിക്കുകയും മതവികാരം വ്രണപ്പെടുത്തുന്ന പ്രധാനമന്ത്രിക്കെതിരെ നടപടിയെടുക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തു.

ദേശീയപാതയുടെ ഓടയിൽ കൂടി റോഡിലേക്ക് വെള്ളം ഒഴുകുന്നു

ചാത്തന്നൂർ: ചിറക്കര ഗ്രാമപഞ്ചായത്ത് ഏറം തെക്ക് വാർഡിലെ കൊച്ചുപാറ സെവൻത് ഡേ ചർച്ചിന് സമീപത്തു കൂടിയുള്ള ദേശീയപാതയുടെ ഓടയിൽ കൂടി റോഡിലേക്ക് വെള്ളം ഒഴുകുന്നത് നാട്ടുകാർക്ക് റോഡിലൂടെ നടക്കാൻ പറ്റാത്ത അവസ്ഥയായി. ഓടയിൽ കൂടി റോഡിലേക്ക് വെള്ളം ഒഴുക്കി വിടുന്ന രീതിയിൽ ഓട നിർമാണം നടത്തിയതിനെതിരെ സമീപവാസികൾ വാർഡ് മെമ്പർ മേരി റോസിൻറെ നേതൃത്വത്തിൽ നിർമാണ പ്രവർത്തനം തടഞ്ഞിരുന്നു.കല്ലുവാതുക്കൽ ജംഗ്ഷൻ മുതൽ ശീമാട്ടി ജംഗ്ഷൻ വരെയുള്ള ഓടയിൽ കൂടി വരുന്ന വെള്ളം ചർച്ചിന് സമീപം എത്തിച്ച് അവിടെ നിന്ന് സഞ്ചാരയോഗ്യമായ റോഡിലേക്ക് ഒഴുക്കിവിടുന്ന രീതിയിലാണ് നിലവിലെ ഓട നിർമാണം.ഈ ഇടറോഡിൽ ഓട ഇല്ലാത്തതിനാൽ റോഡിലേക്ക് ഒഴുക്കിവിടുന്ന വെള്ളം സമീപ പ്രദേശത്തേക്കും വീടുകളിലേക്കും എത്തും. മഴ പെയ്തതോടെ ഓടയിൽ കൂടി ധാരാളം വെള്ളം റോഡിലേക്ക് ഒഴുകിയെത്തുന്നു. ഇതോടെ റോഡിലൂടെ നടക്കാൻ പോലുമാവാത്ത അവസ്ഥയായി.വർഷങ്ങൾ പഴക്കമുള്ള ഈ റോഡിൽ കൂടിയാണ് ഉളിയനാട്, കണ്ണേറ്റ പ്രദേശങ്ങളിലുള്ളവർ കല്ലുവാതുക്കൽ മാർക്കറ്റിലും മറ്റും പോകുന്നത്. ഈ റോഡിൽ കൂടിയാണ് ഇന്നലത്തെ മഴയിൽ ഓടയിൽ കൂടി വന്ന വെള്ളം ഒഴുകി ഇറങ്ങിയത്. റോഡിൽ കൂടി കാൽ നാടയാത്രക്കാർക്ക് പോലും പോകാൻ പറ്റാത്ത അവസ്ഥ ആയി. റോഡിലേക്ക് വെള്ളം തുറന്നു വിടാനുള്ള നീക്കം അവസാനിപ്പിക്കണമെന്ന് കാണിച്ചു സമീപവാസികൾ പഞ്ചായത്തിൽ പരാതി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല.

ഒമാനിൽ ഡിഎസി മാതൃക നടപ്പാക്കുന്നതിനുള്ള ചർച്ചകൾക്കു തുടക്കം

തിരുവനന്തപുരം: തിരുവനന്തപുരത്ത് ഡിഫറൻറ് ആർട് സെൻറർ ഭിന്നശേഷിക്കുട്ടികൾക്കായി വികസിപ്പിച്ചെടുത്ത ഇന്ദ്രജാലാധിഷ്ഠിതമായ ബോധന മാതൃക ഒമാനിൽ നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾക്ക് ആരംഭം കുറിച്ചു.

ഒമാൻ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓട്ടിസം അവബോധ പരിപാടിയിൽ ഡിഎസി ബോധന മാതൃക അവതരിപ്പിച്ചിരുന്നു. തുടർന്നാണ് ഡിഎസി മാതൃക ഒമാനിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തിയത്. ചർച്ചയിൽ ഒമാൻ സോഷ്യൽ ഡെവലപ്മെൻറ് അണ്ടർ സെക്രട്ടറി റാഷിദ് ബിൻ അഹമ്മദ് അൽ ഷംസി, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വൈസ് ചാൻസലർ ഡോ. അലിഅൽ ബിമാനി, ഓട്ടിസം സൊസൈറ്റി ചെയർമാൻ പ്രഫ. യഹിയ അൽ ഫാരിസി, ഗൾഫാർ മുഹമ്മദാലി, ഇന്ത്യൻ സോഷ്യൽ ക്ലബ് ചെയർമാൻ ബാബു രാജേന്ദ്രൻ, ലോകാരോഗ്യസംഘടന നാഷണൽ പ്രഫഷണൽ ഓഫീസർ ഡോ. മുഹമ്മദ് അഷീൽ, ഡിഫറൻറ് ആർട് സെൻറർ എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് എന്നിവർ പങ്കെടുത്തു. ഡിഎസി മാതൃക ഒമാനിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത് സെൻററിൻറെ പഠനരീതിയുടെ സ്വീകാര്യതയെയാണ് സൂചിപ്പിക്കുന്നതെന്നും ഡിഎസിക്ക് ലഭിച്ച വലിയൊരു ബഹുമതിയാണെന്നും ഗോപിനാഥ് മുതുകാട് പറഞ്ഞു.

ഭിന്നശേഷിക്കുട്ടികളിൽ ഇന്ദ്രജാലാധിഷ്ഠിതമായി നൃത്തം, സംഗീതം, ഉപകരണസംഗീതം, ചിത്രരചന തുടങ്ങിയ വിവിധ കലാരൂപങ്ങളിൽ പരിശീലനം നൽകുന്ന നൂതന പഠനരീതിയാണ് ഡിഫറൻറ് ആർട് സെൻററിൽ നടപ്പിലാക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അവബോധ പരിപാടിയിൽ ഡിഫറൻറ് ആർട് സെൻററിൽനിന്നു പരിശീലനം നേടിയ കുട്ടികളുടെ പ്രകടനങ്ങൾ സദസ് കരഘോഷത്തോടെ യാണ് സ്വീകരിച്ചത്.

ദക്ഷിണ റെയിൽവേ വരുമാനത്തിൽ മുന്നിൽ ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷൻ

കോയമ്പത്തൂർ: കഴിഞ്ഞ സാമ്പത്തിക വർഷം (202324) ദക്ഷിണ റെയിൽവേയിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന 100 സ്റ്റേഷനുകളുടെ പട്ടിക പ്രസിദ്ധീകരിച്ചു. 1216 കോടി വരുമാനവുമായി ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷൻ ഒന്നാം സ്ഥാനത്തും 564 കോടി വരുമാനവുമായി എഗ്മോർ റെയിൽവേ സ്റ്റേഷൻ രണ്ടാം സ്ഥാനത്തുമാണ്. 325 കോടി രൂപ വരുമാനവുമായി കോയമ്പത്തൂർ റെയിൽവേ സ്റ്റേഷനാണ് മൂന്നാം സ്ഥാനം.

കോയമ്പത്തൂർ, തിരുവനന്തപുരം, എറണാകുളം, മധുര റെയിൽവേ സ്റ്റേഷനുകൾക്കു പിന്നാലെ റവന്യൂ ലിസ്റ്റിലുണ്ട്.

കോയമ്പത്തൂരിലെ രണ്ട് റെയിൽവേ സ്റ്റേഷനുകളായ ബോത്തനൂർ, വടകോമ്പായ് എന്നിവ ഇപ്പോൾ നവീകരിക്കുന്നുണ്ടെങ്കിലും കോയമ്പത്തൂർ റെയിൽവേ സ്റ്റേഷനിൽ അധിക അറ്റകുറ്റപ്പണി സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യവും യാത്രക്കാരുടെ ഭാഗത്തിനിന്ന് ഉയർന്നിട്ടുണ്ട്.

നിരീക്ഷണ കാമറ അന്ധനായി; ലക്ഷങ്ങൾ പാഴായി

ചാവക്കാട്: അഞ്ചുംകൂടിയ കവലയിൽ ട്രാഫിക് ഐലൻറിനോടു ചേർന്നു സ്ഥാപിച്ചിരുന്ന നിരീക്ഷണ കാമറ അന്ധനായിട്ടു വർഷങ്ങൾ കഴിഞ്ഞു; തിരിഞ്ഞു നോക്കാൻ ആളില്ലാതെ കാറ്റിൽ ആടുകയാണ്. കെ. വി. അബ്ദുൽ ഖാദർ എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് 16 ലക്ഷം രൂപ ചെലവഴിച്ചാണ് ആധുനിക കാമറകൾ ചാവക്കാടിൻറെ വിവിധ ഭാഗങ്ങളിൽ ആറുവർഷം മുമ്പു സ്ഥാപിച്ചത്. തിരിയുന്നതുൾപ്പെടെ മൂന്നു കാമറ ചാവക്കാട് സെൻററിൽ, ബീച്ച് റോഡിൽ രണ്ട്, പോസ്റ്റ് ഓഫിസ് കവലയിൽ രണ്ട്, താലൂക്ക് ഓഫീസ് പരിസരം തുടങ്ങിയ ഇടങ്ങളിലാണ് 360 ഡിഗ്രി തിരിയുന്ന നിരീക്ഷണ കാമറകൾ 18 എണ്ണം സ്ഥാപിച്ചത്.

നഗരത്തിൽ നടക്കുന്ന ചെറുതും വലുതുമായ സംഭവങ്ങൾ പോലീസ് സ്റ്റേഷനിൽ ഇരുന്ന് അവിടെത്തെ രണ്ട് മോണിറ്ററുകളിൽ കാണാവുന്ന സംവിധാനമാണ് ഒരുക്കിയിരുന്നത്. നഗരത്തിൻറെ ചലനം കാണാൻ സ്ഥാപിച്ച കാമറകൾ ആദ്യവും പിന്നീട് മോണിറ്ററുകളും ചലനമറ്റു.

കാമറ സ്ഥാപിച്ചത് എംഎൽഎ ഫണ്ടിൽനിന്നാണ്. പക്ഷേ, അതിൻറെ അറ്റകുറ്റപ്പണികൾ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഏതു വകുപ്പിനുവേണ്ടിയാണ് എംഎൽഎ ഫണ്ട് ഉപയോഗിച്ചതെങ്കിൽ അതിൻറെ അറ്റകുറ്റപ്പണികളും സംരക്ഷണവും അവരാണു നിർവഹിക്കേണ്ടത്. എന്നാൽ, പോലീസിന് ഇതേക്കുറിച്ച് അറിവില്ല. നഗരത്തിൽ എന്തെങ്കിലും സംഭവിച്ചാൽ തുടർനടപടികൾ ഉടനെ സ്വീകരിക്കുന്നതിനു വേണ്ടിയാണു ലക്ഷകണക്കിനു രൂപ ചെലവഴിച്ചത്. ഏറ്റെടുക്കാൻ ആളില്ലാതെ അനാഥപ്രേതമായി പട്ടണത്തിൻറെ ഹൃദയഭാഗത്തും സമീപസ്ഥലങ്ങളിലും അവ തൂങ്ങിക്കിടക്കുന്നതാണ് നഗരത്തിലെ ഇപ്പോഴത്തെ നിരീക്ഷണം.

മെമ്മറി കാർഡ് അപ്രത്യക്ഷമായതിന് പിന്നിൽ രാഷ്ട്രീയ ഗൂഢാലോചന; മേയർക്കും ഡ്രൈവർക്കും ഇരട്ടനീതി പാടില്ല

തിരുവനന്തപുരം : തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി ഡ്രൈവറുമായുള്ള തർക്കത്തിൽ ബസിനുള്ളിലെ സി.സി ടി.വി ക്യാമറയുടെ മെമ്മറി കാർഡ് കാണാതായത് ദുരൂഹമാണ്. മേയറുടെ ഭർത്താവും എം.എൽ.എയുമായ സച്ചിൻ ദേവ് ബസിനുള്ളിൽ കയറി യാത്രക്കാരെ ഇറക്കിവിട്ടെന്ന ആരോപണം നിലനിൽക്കെയാണ് മെമ്മറി കാർഡ് അപ്രത്യക്ഷമായത്. ദൃശ്യങ്ങൾ പുറത്തുവന്നാൽ തങ്ങളുടെ വാദങ്ങൾ പൊളിയുമെന്ന ആശങ്കയിൽ മെമ്മറി കാർഡ് ബോധപൂർവം എടുത്തുമാറ്റുകയും നശിപ്പിക്കുകയും ചെയ്തതായി സംശയമുണ്ട്. കേസിൽ നിർണായക തെളിവാകുമായിരുന്ന മെമ്മറി കാർഡ് അപ്രത്യക്ഷമായതിന് പിന്നിൽ രാഷ്ട്രീയ ഗൂഢാലോചനയുണ്ടോയെന്നും പരിശോധിക്കണം. മേയറും എം.എൽ.എയും സംഘവും നടത്തിയ നിയമ ലംഘനങ്ങളിൽ കേസെടുക്കാത്തത് അംഗീകരിക്കാനാകില്ല. ഒരാളുടെ പരാതിയിൽ കേസെടുക്കുകയും മറു ഭാഗത്തിന്റെ പരാതി തള്ളിക്കളയുകയും ചെയ്യുന്നത് ഇരട്ട നീതിയാണ്. ഈ സംഭവത്തിൽ പോലീസിനും കെ.എസ്.ആർ.ടി.സി മാനേജ്മെന്റിനും ഗുരുതരമായ വീഴ്ച പറ്റി. നഗരമധ്യത്തിൽ കാർ ബസിന് കുറുകെയിട്ട് പതിനഞ്ചോളം യാത്രക്കാരെ നടുറോഡിൽ ഇറക്കി വിട്ടിട്ടും കെ.എസ്.ആർ.ടി.സി അധികൃതർ പ്രതികരിച്ചില്ല. യാത്രക്കാരോട് കെ.എസ്.ആർ.ടി.സിക്ക് ഒരു ഉത്തരവാദിത്വവുമില്ലേ? ബസിന്റെ ട്രിപ്പ് മുടക്കിയിട്ടും പോലീസിൽ പരാതി നൽകിയില്ല. ഒരു സാധാരണക്കാരൻ ഇങ്ങനെ ചെയ്താലും ഇതാണോ കെ.എസ്.ആർ.ടി.സിയുടെ സമീപനം? അതോ മേയർക്കും എം.എൽ.എയ്ക്കും എന്തെങ്കിലും പ്രിവിലേജുണ്ടോ? മേയർക്കും സംഘത്തിനുമെതിരെ പരാതി നൽകാതെ ആരുടെ താൽപര്യമാണ് കെ.എസ്.ആർ.ടി.സി സംരക്ഷിക്കുന്നത്? മേയറും സംഘവും ബസ് തടഞ്ഞെന്ന് സി.സി ടി.വി ദൃശ്യങ്ങളിൽ വ്യക്തമാണ്. എന്നിട്ടും എന്തുകൊണ്ടാണ് പൊലീസ് കേസെടുക്കാത്തത്? ജനകീയ സമരങ്ങളുടെ ഭാഗമായി ബസ് തടഞ്ഞാൽ പോലും കേസെടുക്കുന്ന കേരള പോലീസ് മേയറേയും എം.എൽ.എയേയും കണ്ട് വിറച്ചതാണോ? അതോ കേസ് എടുക്കേണ്ടെന്ന് മുകളിൽ നിന്നും നിർദ്ദേശമുണ്ടോ? ഇരു ഭാഗത്തിന്റേയും പരാതികൾ അന്വേഷിച്ച് ആര് കുറ്റം ചെയ്താലും ഉചിതമായ നടപടി വേണം. മേയർക്കും എം.എൽ.എയ്ക്കും കെ.എസ്.ആർ.ടി.സി ഡ്രൈവർക്കും ഒരേ നിയമമാണെന്ന്മറക്കരുത്.

വിവാദങ്ങളെക്കുറിച്ച് പ്രതികരിക്കവേ തൊണ്ടയിടറി മേയർ ആര്യ രാജേന്ദ്രൻ

തിരുവനന്തപുരം: കെഎസ്ആർടിസി ബസ് തടഞ്ഞ് ഡ്രൈവറുമായി തർക്കമുണ്ടായ സംഭവത്തിൽ ഡ്രൈവർക്കെതിരെ നടപടി ആവശ്യപ്പെട്ട് നഗരസഭാ കൗൺസിലിൽ ഭരണപക്ഷം കൊണ്ടുവന്ന പ്രമേയത്തിനു മറുപടി പറയവേ തൊ ണ്ടയിടറി മേയർ ആര്യ രാജേന്ദ്രൻ.

മേയറായതിനാൽ പ്രതികരിക്കാതിരിക്കാനാവുമോ.? ഏതു സ്ഥാനത്തിരിക്കുന്നവ രായാ ലും ജനപ്രതിനിധികളും സാധാരണ മനുഷ്യരാണ്. നമ്മൾ ചിന്തിക്കേണ്ട കാര്യം ഇത്തരം വിഷയങ്ങൾ ഉണ്ടാകുന്പോൾ ഒരു രീതിയിലും പ്രതികരിക്കാത്ത സമൂഹമാണ് വളർന്നു വരുന്നതെന്നാണ്. സമൂഹത്തിൽ ഇത്തരം വിഷയങ്ങൾ ഉണ്ടാകുന്പോൾ പെൺകുട്ടികൾ അത് ജനപ്രതിനിധികളോടു വന്നുപറയുണ്ട്.

എന്നാൽ എന്തുകൊണ്ടാണ് അപ്പോൾ പ്രതികരിക്കാതിരുന്നതെന്നാണ് അവരോട് ആദ്യം ചോദിക്കുക. ഇത്തരം ചോദ്യങ്ങളാണ് പലരെയും പ്രതികരിക്കുന്നതിൽനിന്ന് പിൻതിരിപ്പിക്കുന്നത്. ഒരു സ്ത്രീയെ സംബന്ധിച്ച് ഇതൊരു പ്രശ്നം തന്നെയാണ്. ഈ വിവാദം തനിക്ക് വലിയ പ്രയാസമുണ്ടാക്കി. കൂടുതൽ സംസാരിച്ചാൽ വികാരാധീനയാവുമെന്നതിനാൽ പല കാര്യങ്ങളും പറയുന്നില്ലെന്നു മേയർ പറഞ്ഞു.

തനിക്കും കുടംബത്തിനുമെതിരെ രൂക്ഷമായി സൈബർ അക്രമണം നടക്കുന്നു. കാറിന് സൈഡ് കൊടുക്കാത്തതിനല്ല, ലൈംഗിക ചേഷ്ട കാണിച്ചതിനെ തുടർന്നാണു ബസ് ഡ്രൈവറെ പിന്തുടർന്നത്. ഒരു സ്ത്രീക്കും ഇനി ഇങ്ങനെയാരു സാഹചര്യം ഉണ്ടാകാതിരിക്കാനാണ് പ്രതികരിച്ചത്. എന്തുവന്നാലും നിലപാടിൽ ഉറച്ചുനിൽക്കും. നിയമനടപടികൾ നടക്കുന്നതിനാൽ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ലെന്നും, ആരാണ് കുറ്റക്കാരെന്ന് പോലീസ് കണ്ടെത്തട്ടേയെന്നും മേയർ പറഞ്ഞു.

മുതലപ്പൊഴി: അധികൃതരോട് റിപ്പോർട്ട് തേടി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

തിരുവനന്തപുരം: തിരുവനന്തപുരത്തെ തീരദേശ മേഖലയായ മുതലപ്പൊഴിയിൽ അപകടങ്ങൾ തുടർക്കഥയാകുന്നത് തീരദേശത്ത് ആശങ്ക വർദ്ധിപ്പിക്കുകയാണ്. 2006 ൽ പുലിമുട്ട് നിർമ്മാണം പൂർത്തിയായതിനുശേഷം 125 അപകടങ്ങളിലായി 73 മത്സ്യതൊഴിലാളികളുടെ ജീവൻ നഷ്ടമാവുകയും എഴുനൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളും സംഭവിച്ചു. തീരദേശ മേഖലയിലെ അപകടാവസ്ഥയെക്കുറിച്ച് പതിമൂന്ന് വർഷത്തിനിടയിൽ ഏഴ് വിദഗ്ധ പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നതിനെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ നൽകുവാൻ തുറമുഖ വകുപ്പ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് ഡയറക്ടർ, തീരദേശ പോലീസ് മേധാവി, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവരോട് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അഡ്വ. എ.എ റഷീദ് നിർദ്ദേശിച്ചു.

ആർ. ശങ്കർ കേരളത്തെ സന്പൂർണ സാക്ഷരതയിൽ എത്തിക്കാൻ പരിശ്രമിച്ച നേതാവ്: ചെന്നിത്തല

തിരുവനന്തപുരം: എല്ലാപേർക്കും വിദ്യാഭ്യാസം നൽകാനും കേരളത്തെ സന്പൂർണ സാക്ഷരതയിലെത്തിക്കാനും ആത്മാർഥമായി ശ്രമിച്ച ഭരണാധികാരിയായിരുന്നു ആർ. ശങ്കർ എന്ന് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല.

മുഖ്യമന്ത്രിയും കെപിസിസി പ്രസിഡൻറുമായിരുന്ന ആർ. ശങ്കറിൻറെ 115ാം ജന്മദിനത്തോടനുബന്ധിച്ച് ഫൗണ്ടേഷൻറെ ആഭിമുഖ്യത്തിൽ പാളയം ആർ. ശങ്കർ സ്ക്വയറിൽ നടന്ന സംസ്ഥാനതല അനുസ്മരണ പരിപാടികളുടെ ഉദ്ഘാടനം ചെയ്യുകയായി രുന്നു അദ്ദേഹം.

ആർ. ശങ്കർ ഫൗണ്ടേഷൻ ഓഫ് കേരള പ്രസിഡൻറ് അഡ്വ. ടി. ശരത്ചന്ദ്രപ്രസാദ് വഹിച്ചു. വി.എം. സുധീരൻ, എം.എം. ഹസൻ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. ജി.എസ്. ബാബു, ജി. സുബോധനൻ, മണക്കാട് സുരേഷ്, സദാശിവൻ പൂവത്തൂർ, മൺവിള രാധാകൃഷ്ണൻ, ഡോ. എം.ആർ. തന്പാൻ, ശാസ്തമംഗലം മോഹൻ, ചാല സുധാകരൻ, മുത്തുകൃഷ്ണൻ, ഡി. അനിൽകുമാർ, ടി.പി. പ്രസാദ്, ഹരികുമാർ, സി.ആർ. പ്രാണകുമാർ, പുതുക്കരി പ്രസന്നൻ, എം.എസ്. അനിൽ, ശ്രീകുമാരി, എം. എൽ. ഉഷാരാജ്, ഭുവനേന്ദ്രൻ നായർ, ഋഷികേശൻ, പട്ടം സനിത്ത് തുടങ്ങിയവർ പങ്കെടുത്തു.

ആളില്ലാത്ത സമയം വീട്ടിൽ മോഷണം: പ്രതിയെ ഉടൻ പിടികൂടുമെന്ന് പോലീസ്

കാട്ടാക്കട: ആളില്ലാത്ത സമയം വീട്ടിൽ നിന്നും 42 പവൻ കവർന്ന സംഭവത്തിൽ മോഷ്ടാവിനായി തെരച്ചിൽ ഊർജിതമായി. പ്രതിയെ പറ്റി സൂചന കിട്ടിയതായും വിവരം.സമീപത്തെ സിസിടിവി കാമറ ദൃശ്യം ഉൾപ്പടെ പരിശോധിക്കുകയാണ് പോലീസ്. വിളപ്പിൽശാല കാവിൻപുറത്തെ വീട്ടിൽ ആണ് മോഷണം നടന്നത്. ഞായറാഴ്ച രാത്രി ഒമ്പതിനും തിങ്കളാഴ്ച പുലർച്ചെ ആറിനും ഇടയ്ക്കാണ് കവർച്ച നടന്നിരിക്കുന്നത് എന്നാണ് നിഗമനം.

വീട്ടുടമയായ ജേക്കബ് എത്തിയപ്പോഴാണ് വീടിൻറെ മുൻവാതിൽ തുറന്ന് കിടക്കുന്നത് കാണുന്നത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് മോഷണം നടന്നതായി മനസിലായത്. ശേഷം വിളപ്പിൽശാല പോലിസിനെ വിവരം അറിയിക്കുകയായിരുന്നു. പോലിസും വിരലടയാള വിദഗ്ധരും ഡോഗ് സ്കഡോഡും സ്ഥലത്തെത്തി പരിശോധന നടത്തി തെളിവുകൾ ശേഖരിച്ചു. മുൻ വാതിൽ പൊളിച്ച് അകത്തു കടന്ന മോഷ്ടാവ് കിടപ്പ് മുറിയില അലമാരയിൽ സൂക്ഷിച്ചിരുന്ന 42 പാവനോളം സ്വർണാഭരണങ്ങൾ കവർന്നിരുന്നു.

മേയ്ദിന സന്ദേശ വിളംബര ജാഥ നടത്തി

നേമം: ഐഎൻടിയുസി ജില്ലാ കമ്മിറ്റി ഇന്ന് തലസ്ഥാനത്ത് നടത്തുന്ന മേയ്ദിന റാലിയുടെ സന്ദേശം വിളിച്ചറിയിച്ച് ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചിട്ടുള്ള മെയ്ദിന സന്ദേശ വിളംബര ജാഥകളുടെ ജില്ലാതല ഉദ്ഘാടനം പേരൂർക്കടയിൽ നടന്നു. ഓട്ടോ, ടാക്സി, ചുമട്ടു തൊഴിലാളികളുംമറ്റു വിവിധ യൂണിയനങ്ങളുടെ പ്രതിനിധികളും പങ്കെടുത്ത വിളംബര ജാഥകളുടെ ജില്ലാതല ഉദ്ഘാടനം ഐഎൻടിയുസി ജില്ലാ പ്രസിഡൻറ് വി.ആർ പ്രതാപൻ നിർവഹിച്ചു.

ഐഎൻടിയുസി ജില്ലാ സെക്രട്ടറി ഒ.എസ്.രാജീവ് കുമാർ അധ്യക്ഷത വഹിച്ചു . ബിജു കല്ലറ, താന്നിമൂട് ഷംസുദ്ദീൻ,ആൽബർട്ട്, സജൻ , ജെ.സതികുമാരി , ബിജു തുടങ്ങിയവർ പ്രസംഗിച്ചു. ഐഎൻടിയുസി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ന് തലസ്ഥാനത്ത് നടക്കുന്ന മെയ്ദിന റാലി സെക്രട്ടറിയേറ്റിന് പുറകുവശത്ത് പ്രസ് ക്ലബ്ബിന് മുമ്പിൽ രാവിലെ 9.30 ന് കെപിസിസി ആക്ടിംഗ് പ്രസിഡൻറ് എം.എം. ഹസൻ ഉദ്ഘാടനം ചെയ്യും.

തീരദേശ ജനതയോട് സർക്കാരിന് എന്നും അവഗണന: കെഎൽസിഎ

തിരുവനന്തപുരം: മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ട് മരണം തുടർക്കഥയായിട്ടും സർക്കാരിൻറെ ഇടപെടൽ ഉണ്ടാവാത്തത് തീരദേശ ജനതയോടുള്ള അവഗണനകൊണ്ടാണെന്നു കെഎൽസിഎ ലത്തീൻ അതിരൂപത പ്രസ്താവനയിൽ പറഞ്ഞു.2006ൽ അശാസ്ത്രീയമായി പുലിമുട്ട് നിർമിച്ചതിനുശേഷം 726 ലധികം അപകടങ്ങൾ ഉണ്ടാക്കുകയും 75 ലധികം മരണങ്ങൾ സംഭവിക്കുകയും 707ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.മുതലപ്പൊഴിയിലെ അവസ്ഥകൾ പഠിച്ചശേഷം വിദഗ്ധ സമിതി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ തെക്കുഭാഗത്തെ പുലിമുട്ടിൻറെ നീളം കൂട്ടണമെന്നും പ്രവേശന കവാടം മാറ്റിസ്ഥാപിക്കണമെന്നും നിർദേശിച്ചിട്ടും അതും നടപ്പാക്കിയില്ല. മത്സ്യത്തൊഴിലാളികളും അതിരൂപതയും മുതലപ്പൊഴിയുടെ അശാസ്ത്രീയത പരിഹരിക്കണമെന്നു നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഇക്കാര്യത്തിൽ ഇതുവരെ നടപടി കൾ പൂർത്തിയായിട്ടില്ല. മുതലപ്പൊഴിയിലെ അശാസ്ത്രീയമായ പുലിമുട്ട് നിർമാണങ്ങൾ മത്സ്യത്തൊഴിലാളികളുടെ മരണത്തിന് കാരണമാകുന്നു. ഇത് പരിഹരിക്കാൻ സർക്കാർ നടപടി കൈക്കൊള്ളുന്നില്ല.

ശാസ്ത്രീയമായ പരിഹാരമുണ്ടാക്കുകയെന്നതു ഭരണകൂടത്തിൻറെ ചുമതലയാണെന്നു സർക്കാരിന് വ്യക്തമായി അറിയാമെങ്കിലും മത്സ്യത്തൊഴിലാളികളോടു കാണിക്കുന്ന നിഷേധാത്മക നിലപാട് തുടരുകയാണ്.

മത്സ്യത്തൊഴിലാളികളോട് സർക്കാർ തുടരുന്ന അവഗണന അവസാനിപ്പിക്കണമെന്നും ഇനിയൊരു ജീവൻ കൂടി നഷ്ടപ്പെടാതിരിക്കാനുള്ള അടിയന്തിര മുൻകരുതൽ സർക്കാർ സ്വീകരിക്കണമെന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കണമെന്നും കെഎൽസിഎ തിരുവനന്തപുരം അതിരൂപതാ പ്രസിഡൻറ് പാട്രിക് മൈക്കിൾ, ജനറൽ സെക്രട്ടറി സുരേഷ് സേവ്യർ എന്നിവർ ആവശ്യപ്പെട്ടു.

ജയമോഹനൻ

പാറശാല: ചെങ്കവിള അടയ്ക്കാക്കുഴി ആല്യമൂട് വീട്ടിൽ ജയമോഹനൻ (78) അന്തരിച്ചു. ഭാര്യ: വനജ കുമാരി. മക്കൾ: സായി വി.ജെ (ഏഷ്യാനെറ്റ്), സജിത വി ജെ, സജി വി ജെ. മരുമക്കൾ: ഡോ. ശിവകല (എസ് എൻ കോളേജ് ചെമ്പഴന്തി), ഷാൻ ആർ എസ് (രാഹുൽ), രാഖി എം. സഞ്ചയനം. വെള്ളിയാഴ്ച രാവിലെ ഒമ്പതുമണിക്ക്.

റെയ്ച്ചൽ ഉമ്മൻ

തുരുത്തിക്കാട്: ആനിക്കാട് വടക്കേപറമ്പിൽ റെയ്ച്ചൽ ഉമ്മൻ (കുഞ്ഞൂഞ്ഞമ്മ 93) അന്തരിച്ചു. ഭർത്താവ്: പരേതനായ ഉമ്മൻ. മക്കൾ: സാജൻ, പരേതനായ പ്രസാദ്. മരുമക്കൾ: കൊറ്റൻകുടി ചെന്നയ്ക്കാട്ട് ലിസി, പുല്ലാട് വേലംപറമ്പിൽ അന്ന. പരേത തുരുത്തിക്കാട് നാല്പനാൽ കുടുംബാംഗമാണ്. മൃതദേഹം ഇന്ന് 8:30ന് തുരുത്തിക്കാട് ഐപിസി കർമ്മേൽ സഭാ ഹാളിൽ കൊണ്ടുവരുന്നതും സംസ്കാരം ഇന്ന് 12.30ന് ഐപിസി ചർച്ചിന്റെ ചെങ്കൽ സെമിത്തേരിയിൽ.

ഉദയൻ

പന്തളം: പൂഴിക്കാട് തവളംകുളം മൂലാംതിട്ടയിൽ ഉദയൻ ജി (54) അന്തരിച്ചു. സിപിഐ(എം) പൂഴിക്കാട് തെക്ക് ബ്രാഞ്ച് അംഗമാണ്. സംസ്കാരം ഇന്ന് പകൽ മൂന്നിന് വീട്ടുവളപ്പിൽ. ഭാര്യ: ബിന്ദു. മക്കൾ: ആദിത്യ, അനാമിക.

ത്രേസ്യ

തിരൂർ: പാലമറ്റം ത്രേസ്യ (93) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30ന് തിരൂർ സെന്റ് തോമസ് ദേവാലയത്തിൽ. ഭർത്താവ്: പരേതനായ പോൾ. മക്കൾ: വർഗ്ഗീസ്, സുശീല, മൈക്കിൾ, ജൂലി. മരുമക്കൾ: അൽഫോൺസ, പരേതനായ സണ്ണി, ലീന, വർഗീസ്.

വർഗീസ്

വട്ടപ്പറമ്പ്: കോട്ടുശ്ശേരി ഭരണികുളങ്ങര വർഗീസ് (72) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകീട്ട് മൂന്നിന് കോട്ടശേരി സെന്റ് ജോസഫ് പള്ളിയിൽ. ഭാര്യ: മേരി. മക്കൾ: വിബിൻ, വിബിത, വിജിത. മരുമക്കൾ: മരിയ, ലിജോ, മെയ് മോൻ.

അംബിക

കൊടുങ്ങല്ലൂർ: തിരുവള്ളൂർ നാലുമാക്കൽ പത്മനാഭന്റെ മകൾ അംബിക (68) അന്തരിച്ചു. സഹോദരങ്ങൾ: ഗോപിനാഥ്, ശിവദാസ് പരേതനായ പ്രദീപ്, പുഷ്പലത

സുഭദ്രയമ്മ

ആമ്പല്ലൂർ: ഉള്ളനംകാട്ടിൽ സുഭദ്രയമ്മ (89) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: നെല്ലനാട്ട് പരേതനായ നാരയണൻകുട്ടി മേനോൻ. മക്കൾ: പരേതനായ മോഹനൻ, തങ്കമണി, കല്യാണിക്കുട്ടി, രാധ, ജയന്തി, ജയൻ.

മാധവിക്കുട്ടി അമ്മ

പാപ്പനംകോട്: വിശ്വംഭരൻ റോഡ്, സ്വാതി ലെയ്ൻ, ഐആർഎ-127-ബിയിൽ മാധവിക്കുട്ടി (88) അന്തരിച്ചു. ഭർത്താവ്: പരേതനായ തങ്കപ്പൻ നായർ. മക്കൾ: പരേതനായ റ്റി സുരേന്ദ്രൻ നായർ, ടി വേണുഗോപാലൻ നായർ (റിട്ട. പിഡബ്ല്യുഡി), ടി പ്രതാപചന്ദ്രൻ നായർ (ബിസിനസ്), ടി ശ്രീലത കുമാരി, ടി വിനോദ് കുമാർ (കേരള വിഷൻ). മരുമക്കൾ: അംബിക കുമാരി, ഉഷാകുമാരി, സുമ, രാമചന്ദ്രൻ നായർ (റിട്ട. ബിഎസ്എൻഎൽ), സജി. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 8.30ന്.

പി കെ മാലതി ഭായി

തിരുവനന്തപുരം: വട്ടിയൂർക്കാവ് വിഎആർഎ 53, ടെമ്പിൾ മെഡോ, അറപ്പുര ജങ്ഷനിൽ പി കെ മാലതി ഭായി (റിട്ട. പ്രൊഫസർ-82) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ പി വിജയൻ നായർ. മകൻ: ജയകൃഷ്ണൻ (യുകെ). മരുമകൾ: അഖില (യുകെ). സംസ്കാരം ഇന്ന് ഉച്ചയ്ക്ക് മൂന്നിന് തൈക്കാട് ശാന്തികവാടത്തിൽ. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്.

ഭാസുരാംഗി

തിരുവനന്തപുരം: മുട്ടട ടികെ ദിവാകരൻ റോഡ് ശാന്തി ഭവനിൽ ഭാസുരാംഗി (91) അന്തരിച്ചു. ഭർത്താവ്: പരേതനായ ഭുവനചന്ദ്രപണിക്കർ. മക്കൾ: ശ്യാമള, ചന്ദ്രബാബു, ഗിരിജ, സുധ, ഉഷ, സതി, ഹരിചന്ദ്രബാബു, സുരേന്ദ്ര ബാബു. മരുമക്കൾ : ജഗദമ്മ, ബാലകൃഷ്ണനൻ, സുരേന്ദ്രൻ, രാജൻ, മഞ്ജു, ലേഖ, പരേതരായ സുന്ദരേശൻ, അനിൽകുമാർ. ശവസംസ്കാരം ബുധനാഴ്ച രാവിലെ 10.30 ന് മുട്ടത്തറ മോക്ഷകവാടത്തിൽ വച്ച് സഞ്ചയനം ഞായറാഴ്ച രാവിലെ എട്ടുമണിക്ക്.

ഫിലോമിന

മനക്കൊടി: കിഴക്കുംപുറം മാങ്ങൻ ഫിലോമിന (68) അന്തരിച്ചു.സംസ്കാരം ഇന്ന് രാവിലെ 9ന് അരിമ്പൂർ സെന്റ് ആന്റണീസ് പള്ളിയിൽ. ഭർത്താവ്:പരേതനായ ജോസഫ് . മക്കൾ: ജെയിംസ്, ഫിലിപ്പ്. മരുമക്കൾ: മിനി, സീലിയ.

ലീല

മുറ്റിച്ചൂർ: പാലത്തിനു സമീപം പുന്നപ്പള്ളി ലീല (82) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ ഭാസ്കരൻ. മക്കൾ: ശിവദാസൻ, മണികണ്ഠൻ, സോമൻ. മരുമക്കൾ: തേജ, റിയ, സിമി.

ജെസ്സി

കുന്നംകുളം: ഗാന്ധിജി നഗറിൽ ഏലംകുന്നത്ത് ജെസ്സി (47) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടിന് കല്ലുംപുറം മലങ്കര കാത്തോലിക്ക പള്ളിയിൽ. ഭർത്താവ്: ബാബു വർഗ്ഗീസ്.

കെ മാത്യു

മരുതമൺ പള്ളി പ്ലാവിള പുത്തൻവീട്ടിൽ കെ മാത്യു(84 മാർത്തോമ്മാ സ്കൂൾ റിട്ട. ഹെഡ്മാസ്റ്റർ) അന്തരിച്ചു. ഭാര്യ: കൊട്ടറ ആലുംമൂട്ടിൽ കുടുംബാംഗം കുഞ്ഞന്നാമ്മാ മാത്യു. മക്കൾ: സൂസൻ രാജു(മിനി) , മനോജ് കെ മാത്യു(അധ്യാപകൻ, ഇഇടിയൂപിഎസ്, ഓയൂർ) അനിത കെ മാത്യു. മരുമക്കൾ: രാജു വർഗീസ് (ഖത്തർ) സാലി ജോൺ (അധ്യാപിക ഇഇ ടിയൂപി എസ്, ഓയൂർ) പരേതനായ ഐസക്ക് മാത്യു. സംസ്കാരം വ്യാഴാഴ്ച രണ്ടുമണിക്ക് ഭവനത്തിലെ ശുശ്രൂഷകൾക്ക ശേഷം ചെങ്കുളം ഇമ്മനുവൽ മാർത്തോമ്മാ പള്ളിയിൽ.

ഗംഗാധരൻനായർ

മലയിൻകീഴ്: മച്ചേൽ രോഹിണിയിൽ ഗംഗാധരൻ നായർ(83) അന്തരിച്ചു. ഭാര്യ: ശ്യാമളഅമ്മ. മക്കൾ: രാജശേഖരൻ(വിമുക്തഭടൻ), രഞ്ജന എസ് നായർ. മരുമക്കൾ: സ്മിത, അനിൽകുമാർ(മലയിൻകീഴ് പഞ്ചായത്ത് അംഗം). സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30ന്.

സുമതി അമ്മ

തിരുവനന്തപുരം: തുറവിയ്ക്കൽ കൃഷ്ണ ഭവൻ വിളയിൽ വീട്ടിൽ സുമതി അമ്മ (91) അന്തരിച്ചു. ഭർത്താവ്: പരേതനായ ശിവരാമപിള്ള. മക്കൾ: എസ് ശിവസുധ, എസ് ലീലകുമാരി (റിട്ട. സെക്രട്ടേറിയറ്റ്),എസ്. ശിവകുമാരി, എസ്. മുരളീധരൻ നായർ (ഗൾഫ്), പരേതനായ എസ്. ശിവകുമാർ മരുമക്കൾ: രവീന്ദ്രൻ നായർ (റിട്ട. കെഎസ്ആർടിസി), എ. വിദ്യാധരൻ നായർ, രാമകുമാർ (റിട്ട. പോലീസ്), മിനി. വി. ആർ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

താജുദ്ദീൻ ഹാജി

കിളികൊല്ലൂർ: പുളിയത്ത്മുക്ക് കളിയിലഴികത്ത് വീട്ടിൽ താജുദ്ദീൻ ഹാജി (72) അന്തരിച്ചു. ഭാര്യ: പരേതയായ നബീസത്ത്. മക്കൾ: നിസാമുദീൻ, അബ്ദുൽ ഖലാം ആസാദ്, ഫാത്തിമ, യഹിയ, ഹാഫിസ് അഫ്സൽ ഖാസിമി (പ്രഭാഷകൻ). മരുമക്കൾ: ഷഹീദ, ഷബ്ന, ഷഹാൽ, ഷൈനി, ഹാഫിളത്ത് ജലീല.

വറുത് ജെയ്ക്കബ്

കോതാട്: കൊട്ടുവേലിപറമ്പിൽ വറുത് ജെയ്ക്കബ് (77) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് കോതാട് തിരുഹൃദയ ദേവാലയത്തിൽ. ഭാര്യ:ലില്ലി, മക്കൾ: ലിജി, ലിൻസി ,ജെൻസി,ജെക്സി. മരുമക്കൾ: ജോസി, ആന്റണി, സാബു ആന്റണി.

സിസ്റ്റർ സിൻസി മേനാച്ചേരി

തൃശ്ശൂർ: സിഎച്ച്എഫ് നവജ്യോതി പ്രോവിൻസിലെ ഹോളിഫാമിലി തൃശ്ശൂർ ചെമ്പുക്കാവ് ഭവനാംഗമായ സിസ്റ്റർ സിൻസി മേനാച്ചേരി (ലൂസി- 62) അന്തരിച്ചു. സംസ്കാരം നടത്തി. മുക്കാട്ടുകര മേനാച്ചേരി ദേവസി-റോസ ദമ്പതികളുടെ മകളാണ്.സഹോദരങ്ങൾ: ഗ്രേസി, മേരി,സിസിലി, പരേതനായ ജോർജ്, റപ്പായി.

കെ എം ഫിലിപ്പ്

കല്ലൂപ്പാറ: മേലേക്കുറ്റ് കുനം മുരപ്പേൽ അടുക്കവേലിൽ കെ എം ഫിലിപ്പ്(കുഞ്ഞുമോൻ-76) അന്തരിച്ചു. ഭാര്യ: പുറമറ്റം കരിക്കോട്ട് അമ്മിണി. മക്കൾ: സുജ, സുനി (യുഎസ്എ), സുബി. മരുമക്കൾ: പുറമറ്റം പ്രാടിയോടത്ത് ജോസ്, കുമ്പനാട് പൂഴിക്കാട്ട് സാംജി (യുഎസ്എ), പുതുശ്ശേരി മൂവക്കോട്ട് കൊച്ചുപുരയിൽ സിജു. സംസ്കാരം നാളെ 10.30ന് വസതിയിലെ ശുശ്രൂഷയ്ക്ക് ശേഷം കല്ലൂപ്പാറ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ.

കോമളവല്ലി അമ്മ

ശ്രീകാര്യം: കുളത്തൂർ മൺവിള കൊച്ചുകുന്നിൽ വീട്ടിൽ കോമളവല്ലി അമ്മ (86) അന്തരിച്ചു. സഹോദരി ശകുന്തള അമ്മ ജി. സംസ്കാരം ബുധനാഴ്ച രാവിലെ ഒമ്പതിന് സ്വവസതിയിൽ. സഞ്ചയനം തിങ്കളാഴ്ച രാവിലെ ഒമ്പതിന്.

പി എസ് രാമചന്ദ്ര നായർ

മലയിൻകീഴ്: മലയം വേങ്കർ ശ്രീലകത്തിൽ പി എസ് രാമചന്ദ്രൻനായർ(72, റിട്ട. എയർഫോഴ്സ്, റിട്ട. എജിഎസ്)അന്തരിച്ചു. ഭാര്യ : പരേതയായ കമലാകുമാരി. മക്കൾ: പി ആർ സംഗീത(ഐഒബി), പി ആർ സവിശേഷ്(ഡിഡ്ബി). മരുമക്കൾ: കെ ബാലസുബ്രഹ്മണ്യം, (ഐഒബി), ബീനമോഹൻ. സഞ്ചയനം: വ്യാഴാഴ്ച രാവിലെ 8.30ന്.

മുഹമ്മദ് ഇല്യാസ്

പരവൂർ: തെക്കുംഭാഗം മേങ്ങാണി കൊച്ചു വീട്ടിൽ മുഹമ്മദ് ഇല്യാസ് (88) അന്തരിച്ചു. ഖബറടക്കം ഇന്ന് രാവിലെ 10ന് തെക്കുംഭാഗം പുത്തൻ പള്ളിയിൽ. ഭാര്യ: ഐഷബീവി. മക്കൾ: സാജിത, താജുന്നിസ, ഷാജഹാൻ, അഷറഫ്, കബീർ, അൻസാർ. മരുമക്കൾ: കരീം, നസീമുദ്ദീൻ, ശൈലജ, സാജിത, റസിയ, ഷക്കീല.

അമ്മിണി

കാള്ളൂർ: വേലംപ്ലക്കിൽ അമ്മിണി (75)അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10 ന് വീട്ടുവളപ്പിൽ ഭർത്താവ്: പരേതനായ രാമൻ(കുന്നമ്മൻ). മക്കൾ: ഉഷ, സുജാത,ബാബു, സിന്ധു, ബൈജു.

ഏലിക്കുട്ടി

പാലാ: കുന്നത്ത് ഏലിക്കുട്ടി (84)അന്തരിച്ചു.സംസ്കാരം ഇന്ന് രാവിലെ 10ന് പാലാ സെന്റ് തോമസ് കത്തീഡ്രലിൽ. ഭർത്താവ്: പരേതനായ ജോസഫ്. മക്കൾ: ജെയിക്, ജെയിൻ, ജാസ്മിൻ, ജൂലിയറ്റ്, ജസ്റ്റീഷ്യ, ജാനറ്റ്. മരുമക്കൾ: മേരിക്കുട്ടി, പരേതനായ ജോസഫ്കുഞ്ഞ്, റോയി, ജോജോ കല്ലാനിയിൽ, ജോജോ തൊടുവനാൽ, ആന്റോ.

ശാന്ത എ

പറണ്ടോട്: വലിയകലുങ്ക് സിന്ധുഭവനിൽ എ ശാന്ത (77) അന്തരിച്ചു. ഭർത്താവ്: പി കെ സുരേന്ദ്രൻ. മക്കൾ: സന്തോഷ് കുമാർ (ഹെഡ് ക്ലാർക്ക് എൽഎസ്ജിഡി, കായക്കൊടി ഗ്രാമപഞ്ചായത്ത്), സിന്ധു (എസ്എഫ്എസ് സ്കൂൾ- വെങ്ങാനൂർ). മരുമക്കൾ: ശുഭലക്ഷ്മി (സീനിയർ ക്ലാർക്ക്, എൽഎസ്ജിഡി, ബൈസൻവാലി ഗ്രാമ പഞ്ചായത്ത്), ലാൽകിഷോർ. സഞ്ചയനം: തിങ്കളാഴ്ച രാവിലെ ഒമ്പതിന്.

അനിൽ കുമാർ

പോത്തൻകോട്: തച്ചപ്പള്ളി, പറങ്കിമാംവിള ദേവിക നിവാസിൽ അനിൽ കുമാർ (54) അന്തരിച്ചു. ഭാര്യ: സുമ. മക്കൾ: ദേവിക, വിഷ്ണു. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 7.30ന്.

ശശിധരൻ നായർ

ഇലന്തൂർ: ശ്രീനിലയം (കല്ലിൽ)ശശിധരൻ നായർ (75) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ പത്തിന് വീട്ടുവളപ്പിൽ. ഭാര്യ: രോഹിണി അമ്മ. മക്കൾ: ധന്യ എസ് നായർ, സൗമ്യ എസ് നായർ. മരുമക്കൾ. വിജയശങ്കർ, സന്തോഷ് കുമാർ. സഞ്ചയനം മെയ് അഞ്ചിന് രാവിലെ ഒൻപതിന്.

നബീസാ ബീവി

പരവൂർ: തെക്കുംഭാഗം വേലിക്കകത്തു വീട്ടിൽ നബീസാ ബീവി (85) അന്തരിച്ചു. ഭർത്താവ്: പരേതനായ ജലാലുദീൻ. മക്കൾ: ഷാനവാസ്, ഷാലിമാൻ, ഷൈല, ഷാജഹാൻ, സാജിദ, മിനി, സജീവ്. മരുമക്കൾ: കൊച്ചുകുഞ്ഞ്, അസീസ്, മസൗദ്, ഷാജി, ഷൈമ, ഷീജ, ജാസ്മി.

രാജു പീറ്റർ

തഴുത്തല: പേരയം ബിനോയ് ഭവനിൽ രാജുപീറ്റർ (ബാബു- 54) അന്തരിച്ചു. ഭാര്യ: ബേബി. മക്കൾ: ബിനോയ്, ബിജോയ്.

സിസ്റ്റർ മേഴ്സി

മൂവാറ്റുപുഴ: എഫ്സിസി വിമലഗിരി ഭവനാംഗമായ സിസ്റ്റർ മേഴ്സി പാറത്താഴം (81) അന്തരിച്ചു. സംസ്കാരം നാളെ വൈകിട്ട് മൂന്നിന് വാഴപ്പിള്ളി ഈസ്റ്റ് (നിരപ്പ്) മഠം വക സെമിത്തേരിയിൽ. പരേത കരിമണ്ണൂർ ഇടവക പാറത്താഴം പരേതരായ ജോസഫ് - ത്രേ സ്യാമ്മ ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ : റോക്കി ജോസഫ് ,സിസ്റ്റർ എമിലി ജോസ് ,മാർഗ്രറ്റ് പി. ജോസഫ് ,ലൂയിസ് ജെ പാറത്താഴം,ജെസി പി ജോസഫ് ,സൈമൺ ജെ പാറത്താഴം,ഫുൾട്ടൻ ജെ പാറത്താഴം(എഫ്എസിടി, ഉദ്യോഗമണ്ഡൽ ആലുവ), പരേതരായ സിസ്റ്റർ സുജാത എ ഫ്സിസി കാമാറെഡി, അലക്സാർ ജെ. പാറത്താഴം.

ഉഷ

ആറ്റിങ്ങൽ: അരികത്തുവാർ സൂര്യരശ്മിയിൽ ഉഷ (65) അന്തരിച്ചു. ഭർത്താവ്: സുരേഷ്. മക്കൾ: സൂര്യ, അനീഷ്, രശ്മി. മരുമക്കൾ: സുലിൽ, സിജു. സംസ്കാരം നാളെ ഉച്ചക്ക് 12ന്.

രാമചന്ദ്രൻ നായർ

വെള്ളറട: ചിമ്മിണ്ടി നെട്ടറത്തല നാരായണവിലാസം ബംഗ്ലാവിൽ രാമചന്ദ്രൻ നായർ (70) അന്തരിച്ചു. ഭാര്യ: സി സുധ. മക്കൾ: മഹേഷ് ചിമ്മിണ്ടി (ബിസിനസ്) ചിത്ര എസ് ആർ (അധ്യാപിക ഇംഗ്ലീഷ് മീഡിയം സ്കൂൾ ധനുവച്ചപുരം). മരുമകൻ: ഷൈനു (പൊലീസ് കോൺസ്റ്റബിൾ വെള്ളറട). സഞ്ചയാനം ഞായറാഴ്ച രാവിലെ ഒമ്പതിന്.

ഉണ്ണികൃഷ്ണൻ നായർ

തിരുവല്ല: പാലിയേക്കര കാർത്തിക വീട്ടിൽ ഉണ്ണികൃഷ്ണൻ നായർ (റിട്ട. നഗരസഭ ഉദ്യോഗസ്ഥൻ - 66) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ 11-ന് വീട്ടുവളപ്പിൽ. ഭാര്യ: ഉഷാകുമാരി. മക്കൾ: വൈശാഖ്, വിവേക്. മരുമക്കൾ: പൂജ (മുനിസിപ്പൽ കൗൺസിലർ), ധനലക്ഷ്മി.

സഹദേവൻ

പന്മന: വടുതല ആശാരിശേരിൽ ആശാരിശേരിൽ സഹദേവൻ (81-റിട്ട. മിലട്ടറി, എസ്എൻഡിപി യോഗം മുൻ ഡയറക്ടർ ബോർഡ് അംഗം, എസ്എൻ ട്രസ്റ്റ് ബോർഡ് അംഗം, ചവറ എസ്എസ്എൻ ഡിപി യൂണിയൻ വൈസ് പ്രസിഡന്റ്, ചോല എസ്എൻഡിപി ശാഖാ സെക്രട്ടറി, സ്റ്റേറ്റ് എക്സ് സർവീസ് ലീഗ് മുൻ ജില്ലാ കമ്മിറ്റിയംഗം, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പുത്തൻചന്ത യൂണിറ്റ് സ്ഥാപക ഖജാൻജി തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്)അന്തരിച്ചു. സംസ്കാരം: നാളെ പകൽ 11-ന് വീട്ടുവളപ്പിൽ. ഭാര്യ: രാജമ്മ (റിട്ട. അധ്യാപിക). മക്കൾ: നികേഷ് (എയർഫോഴ്സ്), രാജേഷ് (യുഎസ്എ), രതീഷ് (വിഎസ്എസ്സി). മരുമക്കൾ: ഷൈനി (കെഎസ്എഫ്ഇ), സജിത (യുഎസ്എ), സ്മിത (വിഎസ്എസ്സി).

തോംസൺ

നീറിക്കോട് : ആശാരിപള്ളം റോഡ് മാനാടൻ ചാക്കോച്ചന്റെ മകൻ തോംസൺ (45) യു കെ യിൽ അന്തരിച്ചു.ഡൽഹി കേരള ഹൗസ് ജീവനക്കാരൻ ആയിരുന്നു.സംസ്കാരം പിന്നീട് നീറിക്കോട് സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ.ഭാര്യ: മേരി സൗമ്യ(നഴ്സ്,യു കെ).മക്കൾ : ജോഹാൻ, ജോഅന്ന.

സി വി ബാബു

കോതാട്: കണ്ടനാട് ചക്കളുങ്ങര സി വി ബാബു (58) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11 ന് പച്ചാളം ശാന്തികവാടത്തിൽ. ഭാര്യ :സുലഭ .മകൻ: ആഷ്ഖ് ബാബു.

ഗീത ജെ

ചിറയിൻകീഴ്: ശാർക്കര ഐക്കം വിളാകത്തിൽ ഗീത ജെ (58) അന്തരിച്ചു. ഭർത്താവ്: ഉണ്ണികുമാർ ഡി. സഞ്ചയനം: ഞായറാഴ്ച രാവിലെ എട്ടിന് വട്ടിയൂർക്കാവ് കലശേഖരം ശിവാലയത്തിൽ വച്ച്.

ജഗദമ്മ ആർ

തൈയ്ക്കാട്: പൗണ്ടുകുളം ടിസി 24/3 ടിപിആർഎ 107 ൽ ജഗദമ്മ ആർ (81) അന്തരിച്ചു. ഭർത്താവ്: പരേതനായ മണിയൻ. മക്കൾ: ചന്ദ്രിക, പരേതനായ സതീശൻ, അജി, അജിത മരുമക്കൾ: പരേതനായ വിജയൻ, രാജം, രതീഷ് കുമാർ. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ ഒമ്പതിന്.

രാധാകൃഷ്ണൻ നായർ

വിളവൂർക്കൽ: നാലാംകല്ല് തേരിക്കൽ മേലെ പുത്തൻ വീട്ടിൽ രാധാകൃഷ്ണൻ നായർ (48) അന്തരിച്ചു. ഭാര്യ: രാധിക. മക്കൾ: കാവ്യകൃഷ്ണ, ഗൗരി കൃഷ്ണ. സഞ്ചയനം ഞായർ എട്ടിന്.

പി വത്സലകുമാരൻ നായർ

ശ്രീകാര്യം: മത്തുനട ശിവകൃപയിൽ പി. വത്സലകുമാരൻ നായർ (62) അന്തരിച്ചു. ഭാര്യ : ജയകുമാരി. എസ് മക്കൾ : അരുണിമ. വി.ജെ., പരേതനായ അരുൺ വി. ജെ. മരുമക്കൾ : രതീഷ് കുമാർ.വി, ശ്രീക്കുട്ടി. സഞ്ചയനം തിങ്കളാഴ്ച രാവിലെ ഒമ്പതിന്.

ജെറോം ആന്റണി ഫെർണാണ്ടസ്

ചവറ: പുതുക്കാട് തെക്കേ വീട്ടിൽ (മാടത്തിൽ) ജെറോം ആന്റണി ഫെർണാണ്ടസ് (75,ഡെപ്യൂട്ടി സെക്രട്ടറി, നിയമം, കെഎസ്ഇബി) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ 3.30 ന് പുതുക്കാട് തലമുകിൽ സെന്റ് അഗസ്റ്റിൻസ് ദേവാലയ സെമിത്തേരിയിൽ. കൊല്ലം ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. കെഎസ്ഇബി ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയും ആയിരുന്നു. ഭാര്യ: ജോയിസ് ജെറോം (റിട്ട. പ്രധാനാധ്യാപിക, സെന്റ് മേരീസ് എൽ പി സ്കൂൾ പുല്ലിച്ചിറ, കൊല്ലം). മക്കൾ: അമ്മു ജ്യോതി ജെറോം(ദുബായ്), ചിന്നു ജോളി ജെറോം (യുകെ). മരുമക്കൾ: ഇമ്മാനുവൽ വില്യം (ദുബായ്), കാർത്തിക് സുനിൽ (യുകെ).

ബേബി

കാരമുക്ക്: എസ്എൻജിഎസ് റോഡിൽ ചിറയത്ത് മഞ്ഞിയിൽ ബേബി (75) അന്തരിച്ചു. സംസ്കാരം നടത്തി.ഭർത്താവ്:പാവു .മക്കൾ: അനീഷ്,വിനീഷ്,മേരിനിഷ. മരുമക്കൾ: ജൂലിയറ്റ്, ടോളി, വില്യംസ്.

അബ്ബു

വൈപ്പിൻ: എടവനക്കാട് ചാത്തങ്ങാട് വടക്കേക്കര കണ്ടത്തിപറമ്പ് റോഡ് പുതിയ വീട്ടിൽ അബ്ബു (69) അന്തരിച്ചു.ഖബറടക്കം നടത്തി.ഭാര്യ: ലൈല . മക്കൾ: അനീഷ്, അനീറ, അഷീർ.

ഏലിയാമ്മ തോമസ്

വായ്പൂര്: കരിംകുറ്റിയിൽ ഏലിയാമ്മ തോമസ് (80) അന്തരിച്ചു. ഭർത്താവ്: കെ വി തോമസ്(മധ്യപ്രദേശ് റിട്ട. ഫോറസ്റ്റ് ഓഫീസർ). മക്കൾ: ഷാൻലി, ഷാജൻ, ഷിബു, ഷിജു. മരുമക്കൾ: ജോളി, മീന, മീനു, സോളി. പരേത കളരിമുറിയിൽ കുടുംബാംഗമാണ്. സംസ്കാരം നാളെ 10ന് വായ്പൂര് സെന്റ് മേരീസ് പഴയ പള്ളിയിൽ.

ബി വിലാസിനി

പൂവാർ: അരുമാനൂർ കൊറ്റൻവിള കടയാറ പുത്തൻ വീട്ടിൽ ബി വിലാസിനി (82) അന്തരിച്ചു. ഭർത്താവ്: പരേതനായ പി സുകുമാരപ്പണിക്കർ. മക്കൾ: ഷിജു വി എസ് (പിഎസ്ഒഎസ് സിറ്റി ഐഎൻഎസ്ടി), ഷിനു വി എസ് (പൂവാർ ഗ്രാമപഞ്ചായത്ത് മെമ്പർ). മരുമക്കൾ: നിത്യ എസ് പി (എസ്ആർഇഒ എംഒഎൽ ആന്റ് ഇ) സഞ്ചയനം ഞായറാഴ്ച രാവിലെ ഒമ്പതുമണിക്ക്.

ബാലമോഹനൻ

ആല്യംകടവ്: ചെറമണ്ണേൽ സി വി ബാലമോഹനൻ (ബാലൻ-72) അന്തരിച്ചു. ഭാര്യ: ശാന്ത. മക്കൾ: അരുൺ മോഹൻ, അഖിൽ മോഹൻ, ആദർശ് മോഹൻ. മരുമക്കൾ: മേഘ അരുൺ, അനശ്രീ.

ഗോപാലകൃഷ്ണകുറുപ്പ്

തട്ടാർകോണം: പുത്തൻവിളവീട്ടിൽ ഗോപാലകൃഷ്ണകുറുപ്പ് (92) അന്തരിച്ചു. ഭാര്യ: പരേതയായ അമൃതവല്ലിഅമ്മ. മക്കൾ: റീനകുമാരി, താരാകുമാരി, സലിലകുമാരി,സന്തോഷ് കുമാർ, ഷാജി. മരുമക്കൾ: കുട്ടപ്പൻപിള്ള, ശശിധരൻ ഉണ്ണിത്താൻ, രത്നാകരകുറുപ്പ്, ജയലക്ഷ്മി, വിനീത.

വിരാർജ്ജുനൻ

ചെറുമൂട്: പടീറ്റവിള വീട്ടിൽ വിരാർജ്ജുനൻ(92) അന്തരിച്ചു. ഭാര്യ: ബി ചന്ദ്രമതി. മക്കൾ: ശിവപ്രസാദ്, ജയപ്രകാശ്, പ്രതിഭ ഭായി. മരുമക്കൾ: ആർ പ്രീത, എസ് ആരിതി.

ഐഷാബീവി

മരട് : ഉദയത്തുംവാതിൽ, മരോട്ടിക്കൽ വീട്ടിൽ ഐഷാബീവി (85) അന്തരിച്ചു. ഖബറടക്കം നടത്തി.ഭർത്താവ്:പരേതനായ അബ്ദുൽറഹ്മാൻ.മക്കൾ:നെജ്ജുമ്മ, സീനത്ത്, റംലത്ത്, ഹസൻകുഞ്ഞു, ജബ്ബാർ,റഹിയാനത്ത്, ആരിഫ,സക്കീർ, ഷിഹാബ്.

കെ കെ സാബു

പള്ളുരുത്തി:നമ്പ്യാപുരം കണ്ടത്തിൽപറമ്പിൽ വീട്ടിൽ കെ കെ സാബു (63) അന്തരിച്ചു.ഖബറടക്കം രാവിലെ 11ന് മട്ടാഞ്ചേരി പടിഞ്ഞാറെക്കോട് മുഹിയുദീൻ പള്ളി ഖബർസ്ഥാനിൽ .ഭാര്യ : മെഹറ.മക്കൾ : ഉബാസ് സാബു , മുഹാസ് സാബു.മരുമക്കൾ : ഷമീന, സൽമ.

ജോസഫ് ജോർജ്

ചേത്തയ്ക്കൽ: ഇടമുറി പാറേക്കടവ് മരുതിപറമ്പിൽ ജോസഫ് ജോർജ്ജ് (71) അന്തരിച്ചു. സംസ്കാരം ഇന്ന് പകൽ 10: 30ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം ഇടമുറി സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ദേവലയത്തിൽ. ഭാര്യ: തിരുവല്ല ഓലിതാഴ്ച്ചയിൽ അന്നമ്മ. മക്കൾ: പരേതയായ ജെസ്സി, പരേതനായ സാംകുട്ടി, കൊച്ചുമോൾ. മരുമക്കൾ: ബിൻസി, മത്തായി.

തങ്കമ്മ

ചവറ: പുതുക്കാട് ചാപ്രായിൽ തങ്കമ്മ (95) അന്തരിച്ചു. ഭർത്താവ്: പരേതനായ മാധവൻ. മക്കൾ: കമല, വിമല, നിർമ്മല, കുശല, ലീല, പരേതനായ ദേവരാജൻ. മരുമക്കൾ: പരേതനായ അരവിന്ദൻ, പരേതനായ സോമൻ, പരേതനായ രാജേന്ദ്രൻ, ഷാജി (വിദേശം), സത്യൻ (റിട്ട. എഇഒ), ശോഭ.

പത്മാവതി

കൊട്ടിയം: പേരയം വിദ്യാഭവനിൽ പത്മാവതി(83) അന്തരിച്ചു. ഭർത്താവ്: പരേതനായ ശങ്കരനാരായണൻ. മക്കൾ: ലക്ഷ്മി, രാമലിംഗം (പൂജ ഡിസ്ട്രിബ്യൂട്ടേഴ്സ്, കൊട്ടിയം), എസ് പളനി (പത്മ ജ്വല്ലേഴ്സ്, കൊട്ടിയം), പാർവതി, ജയ, വിനോദ്. മരുമക്കൾ: പരേതനായ പി രാജു, ജലജ, ആർ ചിത്ര, സെൽവം, രാധാകൃഷ്ണൻ, സെൽവി.

സരോജിനിയമ്മ

വെള്ളറട: കുന്നത്തുകാൽ പുരവൂർ നരിക്കൽവിള വീട്ടിൽ സരോജിനിയമ്മ (80) അന്തരിച്ചു. ഭർത്താവ്: സുകുമാരൻ നായർ. മക്കൾ: വിജയകുമാരൻ നായർ, ജയകുമാരി എസ്, അമ്പിളി എസ്. മരുമക്കൾ: ലളിതകുമാരി, സുരേന്ദ്രൻ നായർ, ചന്ദ്രൻ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ ഒമ്പതിന്.

ഡോ. കെ എം സുലൈമാൻ

തിരുവനന്തപുരം: പുലയനാർക്കോട്ട ലാൻഡ്സ് ഡൗൺ പാർക്കിൽ ഡോ. കെ എം സുലൈമാൻ (റിട്ട. പ്രൊഫ. ഓർത്തോപീഡിക് വിഭാഗം മേധാവി. ഗവ. മെഡിക്കൽ കോളജ് കോട്ടയം-87) അന്തരിച്ചു. ഇന്ത്യൻ സൈനിക മെഡിക്കൽ സർവീസിലും സംസ്ഥാനത്തെ വിവിധ ഗവ. മെഡിക്കൽ കോളജുകളിലും സേവനം അനുഷ്ഠിച്ചിരുന്നു. പത്തനംതിട്ട കാട്ടൂർപേട്ട മല്ലക്കൻപറമ്പിൽ കുടുംബാംഗമാണ്. ഖബറടക്കം നടത്തി. ഭാര്യ: കോട്ടയം കാരാപ്പുഴ വടശ്ശേരിയിൽ പരേതയായ ഐഷബീവി. മക്കൾ: ബീന, മുംതാസ്, നസീം, സീനത്ത്, ജാസ്മിൻ, മുഹമ്മദ് ഇസ്മായിൽ (നിയമവകുപ്പ്), മുഹമ്മദ് ഹുസൈൻ (സ്വിറ്റ്സർലാൻഡ്). മരുമക്കൾ: അയൂബ്, ഷംസുദീൻ, സവാദ്, ഷംസുദീൻ കുട്ടി, ഷാജി, ഐഷ (എം. എ. സി. ടി കോടതി, പത്തനംതിട്ട), ഷാനിദ.

അഹമ്മദ് കുഞ്ഞ്

ആലുവ:തായിക്കാട്ടുകര അങ്കത്തിക്കടി വീട്ടിൽ അഹമ്മദ് കുഞ്ഞ് (60) അന്തരിച്ചു. ഭാര്യ: സഫിയ. മക്കൾ: ആഷിക്ക് അഹമ്മദ്, അൻസാർ അഹമ്മദ്. മരുമക്കൾ: ഫെബീന, ഹിസാന.

ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് യുവാവ് മരിച്ചു

കോന്നി: മലയാലപ്പുഴ മുക്കുഴിയിൽ ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞു യുവാവ് മരിച്ചു. മുക്കുഴി ചെങ്ങോലോക്കൽ, കുറുപ്പത്തറയിൽ കെ ആർ രാധാകൃഷ്ണന്റെ മകൻ രാഹുൽ (23) ആണ് മരിച്ചത്. മുക്കുഴി വടശേരിക്കര മനോരമമുക്ക് റോഡിലെ മുക്കുഴി അങ്കൺവാടിക്ക് സമീപം ചൊവ്വാഴ്ച രാത്രി ഒന്നരക്കായിരുന്നു സംഭവം. മുക്കുഴിയിൽ ജങ്ഷനിൽ നിന്നും തെക്കുംമല ഭാഗത്തേക്ക് രാഹുലും പ്രവീണും ബൈക്കിൽ വരുമ്പോൾ നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. അപകടത്തിൽ പരിക്കേറ്റ രാഹുലിനെ വടശേരിക്കര അയ്യപ്പ മെഡിക്കൽ കോളജിലും തുടർന്ന് പത്തനംതിട്ട ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചിരുന്നു. കോന്നിയിലെ വസ്ത്ര വ്യാപാര സ്ഥാപനത്തിലെ ജീവനക്കാരനായിരുന്നു. ഒപ്പമുണ്ടായിരുന്ന മലയാലപ്പുഴ, പൊതീപ്പാട്, പുന്നത്തുകിഴക്കേതിൽ പ്രദീപിന്റെ മകൻ പ്രവീണിനെ (23) പരിക്കുകളോടെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വോട്ടു ചെയ്യാനെത്തി കുഴഞ്ഞു വീണ് ചികിത്സയിൽ കഴിഞ്ഞ വയോധിക മരിച്ചു

റാന്നി: വോട്ടു രേഖപ്പെടുത്താൻ വരിയിൽ കാത്തു നിൽക്കവെ കുഴഞ്ഞു വീണ ചികിത്സയിൽ കഴിഞ്ഞ വയോധിക മരിച്ചു. പരേതനായ പുത്തൻപറമ്പിൽ പി എം ജോണിയുടെ ഭാര്യ അച്ചാമ്മ ജോണി (79) യാണ് മരിച്ചത്. വടശ്ശേരിക്കര ടിടിഎം വൊക്കേഷണൽ സ്കൂളിലെ ബൂത്തിൽ വോട്ട് ചെയ്യാൻ വന്നപ്പോഴാണ് കുഴഞ്ഞു വീണത്. തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. തിങ്കളാഴ്ച രാത്രിയാണ് മരിച്ചത്. മക്കൾ: സജി, സാബു, അനി. മരുമക്കൾ: ജിജി, ബിന്ദു, ജിൻസി. സംസ്കാരം പിന്നീട്.

മധ്യവയസ്കൻ വെള്ളത്തിൽ വീണു മരിച്ച നിലയിൽ

കോഴഞ്ചേരി: തിരുവല്ല കുമ്പഴ റോഡിലെ പുല്ലാട് മുട്ടുമൺ കനാൽ പാലത്തിന് സമീപം കനാലിൽ 56 കാരൻ വെള്ളത്തിൽ വീണ മരിച്ച നിലയിൽ കാണപ്പെട്ടു. ലോട്ടറി വിൽപ്പന ഉപജീവനമാർഗമായി സ്വീകരിച്ചിരുന്ന കല്ലൂപ്പാറ കടമാൻ കുളം സ്വദേശി ചാമക്കുന്നിൽ മത്തായിക്കുട്ടി (56) ആണ് മരിച്ചത്. ഇയാൾക്കു അപസ്മാര രോഗമുണ്ടായിരുന്നതായി കോയിപ്രം പൊലീസ് അറിയിച്ചു. ഉച്ചയോടടുത്ത സമയത്ത് കനാലിൽ കുളിക്കാനിറങ്ങിയപ്പോൾ രോഗവസ്ഥയിൽ വെള്ളത്തിൽ വീണ് മരണം സംഭവിച്ചതാകാമെന്ന് പൊലീസ് നിഗമനത്തിലെത്തിയത്. ചൊവ്വാഴ്ച്ച 3.30 ഓടെയാണ് മൃതദേഹം കനാലിൽ കണ്ടെത്തിയതെന്ന് പൊലീസ് പറഞ്ഞു. ബന്ധുക്കൾ എത്തി മൃതദേഹം തിരിച്ചറിഞ്ഞു. കുമ്പനാട്ടെ സ്വകാര്യ ആശുപത്രിയിൽ മൃതദേഹം സൂക്ഷിച്ചിട്ടുണ്ട്. പോസ്റ്റുമാർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. കോയിപ്രം പൊലീസ് മേൽ നടപടികൾ സ്വീകരിച്ചു.

Anveshi
Daily Morning News Paper

2024 May 03 Friday
Email: anveshinews11@gmail.com

കൈറ്റിന്റെ എ ഐ പ്രായോഗിക പരിശീലനം

തൊഴിലുറപ്പു പദ്ധതിയിൽ ക്രമക്കേട്; ഓംബുഡ്സ്മാനിൽ വീണ്ടും പരാതി

ഉപ്പുതറ: അയ്യപ്പൻകോവിൽ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ നടന്ന ക്രമക്കേടിൽ നടപടി ആവശ്യപ്പെട്ട് വീണ്ടും ഓംബുഡ്സ്മാന് പരാതി. വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരേ നടപടി ആവശ്യപ്പെട്ട് ബിജെപി പഞ്ചായത്തു കമ്മിറ്റി പ്രസിഡൻറ് ഒ.എസ്. ബിനുവാണ് ഓംബുഡ്സ്മാന് വീണ്ടും പരാതി നൽകിരിക്കുന്നത്.

ഏയ്ഞ്ചൽ ആക്ടിവിറ്റി ഗ്രൂപ്പ് രൂപവത്കരിച്ച് 201718 മുതൽ രണ്ടുവർഷം നടത്തിയ മെറ്റീരിയൽ വർക്കിൽ ക്രമക്കേടു നടന്നതായി പഞ്ചായത്ത് സെക്രട്ടറി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. 2.85 ലക്ഷം രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്. പരാതിയുടെ അടിസ്ഥാനത്തിൽ ഇൻറേണൽ വിജിലൻസ് സെൽ അഡീഷണൽ ഡയറക്ടർ ജനറൽ ശ്രീലേഖയുടെ നേതൃത്വത്തിൽ വിശദമായ പരിശോധന നടത്തി 2,67,132 രൂപയുടെ ക്രമക്കേടുണ്ടെന്ന് കണ്ടെത്തുകയും തുക കുറ്റക്കാരിൽനിന്നു തിരിച്ചുപിടിക്കാൻ ജില്ലാ കളക്ടർ ഉത്തരവു നൽകുകയും ചെയ്തിരുന്നു. അഞ്ച് താത്കാലിക ജീവനക്കാരെയും പിരിച്ചു വിട്ടു.

അതിനിടെ, സത്യപ്രതിജ്ഞ ചെയ്ത ദിവസം ഉൾപ്പെടെ ഔദ്യോഗിക പരിപാടികളിൽ പങ്കെടുത്ത ദിവസങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിൽ പണി ചെയ്തുവെന്ന് രേഖയുണ്ടാക്കി പ്രസിഡൻറടക്കമുള്ള പഞ്ചായത്ത് അംഗങ്ങൾ കൂലി കൈപ്പറ്റിയെന്ന ഗുരുതരമായ പരാതിയും ഉയർന്നു.

തുടർന്ന് വിശദമായ അന്വേഷണം നടത്താൻ സംസ്ഥാന തൊഴിലുറപ്പ് മിഷൻറെ പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തി ഓംബുഡ്സ്മാൻ ഉത്തരവായി. മൂന്നു മാസത്തിനകം അന്വേഷണം പൂർത്തിയാക്കാനായിരുന്നു നിർദേശം.എന്നാൽ, അഞ്ചു വർഷമായിട്ടും ഒരു നടപടിയും ഉണ്ടായില്ല. ഇതിനെത്തുടർന്നാണ് വീണ്ടും ഓംബുട്സ്മാന് പരാതി നൽകിയിരിക്കുന്നത്.

ഭാരതപ്പുഴയിൽ ചാലുകീറി വെള്ളം കണ്ടെത്താൻ ജല അഥോറിറ്റി

ഷൊർണൂർ: രൂക്ഷമായ വരൾച്ചയെ തുടർന്ന് ഭാരതപ്പുഴയിൽ ചാലുകീറി വെള്ളം കണ്ടെത്താനുള്ള ശ്രമവുമായി ജല അഥോറിറ്റി.

അഥോറിറ്റിയുടെയും ഷൊർണൂർ നഗരസഭയുടെയും നേതൃത്വത്തിലാണ് വെള്ളം കണ്ടെത്താൻ ശ്രമിക്കുന്നത്. 500 മീറ്ററോളം മണൽ മാറ്റി വേണമിത്.

നിലവിൽ ജല അഥോറിറ്റിയുടെ ഒരു മോട്ടോർ പ്രവർത്തിപ്പിക്കാനുള്ള വെള്ളം മാത്രമേ പുഴയിൽനിന്ന് ലഭിക്കുന്നുള്ളൂ. ഇതു കൊണ്ടുതന്നെ ദിവസത്തിലൊരിക്കലാണ് ഇപ്പോൾ കുടിവെള്ളം വിതരണം ചെയ്യുന്നത്. ഇതുതന്നെ ഉയർന്ന പ്രദേശങ്ങളിലേക്ക് എത്തുന്നുമില്ല. ഉയർന്ന പ്രദേശങ്ങളിലേക്ക് ടാങ്കറുകളിലാണ് വെള്ളം എത്തിക്കുന്നത്. വാണിയംകുളം, ചളവറ പഞ്ചായത്തുകളിലേക്കും ഷൊർണൂരിൽ നിന്നാണ് ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നത്.

കടുത്ത വേനലിൽ തടയണ വറ്റിയതോടെ ഷൊർണൂരും സമീപപ്രദേശങ്ങളും കടുത്ത കുടിവെള്ളക്ഷാമത്തിലാണ്. ഇതേ അവസ്ഥ തുടർന്നാൽ വലിയ പ്രതിസന്ധിയാണ് ഷൊർണൂരിനെ കാത്തിരിക്കുന്നത്. വരുംദിവസങ്ങളിൽ വേനൽ ഇതേ പോലെ തുടരുകയാണെങ്കിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാകുന്ന സാഹചര്യമാണുള്ളത്.

അപ്പർ ഭവാനി ഡാമിൽനിന്നും പുഴയിലേക്കു വെള്ളം തുറന്നു

അഗളി: അട്ടപ്പാടിയുടെ ജീവനാഡിയായ ഭവാനിപ്പുഴ വരണ്ടുങ്ങിയ സാഹചര്യത്തിൽ അപ്പർ ഭവാനി ഡാമിൽനിന്നും ഭവാനിപ്പുഴയിലേക്ക് വെള്ളം തുറന്നുവിട്ടു. ഇന്നലെ രാത്രി ഏഴോടെയാണ് പുഴയിലേക്ക് വെള്ളം തുറന്നുവിട്ടത്.

അഞ്ചുമണിക്കൂർ സമയത്തിനു ശേഷമാണ് അട്ടപ്പാടി ജനവാസ കേന്ദ്രത്തിലേക്ക് വെള്ളമെത്തിയത്. പുഴയിൽ വെള്ളം അധികരിക്കുമെന്നും ജനങ്ങൾ കരുതിയിരിക്കണമെന്നും പോലീസും ബന്ധപ്പെട്ട വകുപ്പുകളും നേരത്തെ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. അപ്പർ ഭവാനി ഡാമിൽ നിന്നും ഭവാനിപ്പുഴയിലേക്ക് വെള്ളം തുറന്നു വിടണമെന്ന ആവശ്യം മാസങ്ങളായി ഉന്നയിച്ചു വരികയായിരുന്നു. ഏതാനും ആഴ്ചകളായി ഭവാനിപ്പുഴ വറ്റിവരണ്ട നിലയിലായിരുന്നു.

കുടിവെള്ളത്തിനു വരെ ഗുരുതരമായ ക്ഷാമമാണ് നേരിട്ടിരുന്നത്. പുതൂർ പഞ്ചായത്തിലൂടെ ഒഴുകി ചാവടിയൂരിൽ ഭവാനിപ്പുഴയിൽ ലയിക്കുന്ന വരഗാർ പുഴയിലും വെള്ളം വറ്റി.

കേരള തമിഴ്നാട് അതിർത്തി പങ്കിടുന്ന കൊടുങ്ങര പ്പള്ളവും മരുപ്രദേശമായി മാറി. മുത്തികുളം വനമേഖലകളിൽ നിന്നും ഒഴുകിയെത്തുന്ന ശിർവാണി പുഴയും ഇടമുറിയുന്ന അവസ്ഥയിലാണ്.

ഓർമയിൽ ആദ്യമായാണ് ഭവാനിപ്പുഴ ഇത്രമാത്രം വറ്റി വരളുന്നതെന്ന് പഴമക്കാർ പറയുന്നു. 198283 കാലഘട്ടത്തിൽ മൺസൂൺ മഴ പതിക്കാതെ അട്ടപ്പാടി വൻ വരൾച്ച നേരിട്ടപ്പോൾ പോലും ഭവാനിപ്പുഴ ഇടമുറിഞ്ഞിരുന്നില്ലന്നു നാട്ടുകാർ ചൂണ്ടിക്കാട്ടി.

അപ്പർഭവാനി ഡാം തുറന്നു വിട്ടതോടെ പുതൂർ പഞ്ചായത്തിലെ ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാകുമെന്നാണ് പ്രതീക്ഷ.

പൂർത്തീകരിച്ച വീടുകൾ ഉടൻ അനുവദിക്കണം

കോയന്പത്തൂർ: പൂർത്തീകരിച്ച വീടുകൾ ഉടൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീലങ്കൻ തമിഴർ ജില്ലാ കളക്ടർക്കു നിവേദനം നൽകി.

കോയമ്പത്തൂരിലെ പൊള്ളാച്ചി കോട്ടൂരിലെ ശ്രീലങ്കൻ അഭയാർഥി ്യാമ്പിൽ താമസിക്കുന്നവർക്ക് അനുവദിച്ച വീടുകളുടെ നിർമാണപ്രവൃത്തികളാണ് പൂർത്തിയായിരിക്കുന്നത്. നേരത്തെ 12 വീടുകൾ ഉദ്ഘാടനം ചെയ്തിരുന്നു. ഇനി 15 കുടുംബങ്ങൾക്കുകൂടിയാണ് വീട് നല്കേണ്ടത്.

വൈദ്യുതി, സൗകര്യക്കുറവ് തുടങ്ങി നിരവധി കാരണങ്ങളാണ് വൈകാൻ കാരണം. ഈ സാഹചര്യത്തിൽ ആ 15 കുടുംബങ്ങളിലെ അംഗങ്ങൾ കോയമ്പത്തൂർ ജില്ലാ ഭരണകൂടത്തിന് നിവേദനം നൽകി. പൂർത്തീകരിച്ച വീടുകൾ അടിയന്തരമായി അനുവദിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും നിവേദനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

അപകടഭീഷണിയായി നഗരത്തിലെ സ്റ്റേ വയർ, നടപടിയെടുക്കാതെ അധികൃതർ

വണ്ടിത്താവളം: വൈദ്യുതി ലൈനിടയിലൂടെ സ്റ്റേ വയർ ഘടിപ്പിച്ചിരിക്കുന്നത് അപകടഭീഷണിയാകുന്നു. വണ്ടിത്താവളം ടൗൺ ശെൽവ ഗണപതി ക്ഷേത്രത്തിനു പരിസരത്തുള്ള പൂച്ചെടിക്കിടയിലാണ് സ്റ്റേ വയറുള്ളത്. സ്റ്റേ വയറിൽ വൈദ്യുതി ചോർച്ച ഉണ്ടാവാതാരിക്കാൻ കപ്ലിംഗ് ഉണ്ടെങ്കിലും മഴസമയങ്ങളിൽ ഈ സംവിധാനം സുരക്ഷിതമല്ല. ക്ഷേത്രത്തിൽ പ്രഭാത സായാഹ്ന സമയങ്ങളിൽ നിരവധി വിശ്വാസികൾ ക്ഷേത്രത്തിൽ പതിവായെത്താറുള്ള സ്ഥലമാണിത്. ശക്തമായ കാറ്റുണ്ടായാൽ വൈദ്യുതി ലൈൻ സ്റ്റേ വയറിൽ തട്ടാനുള്ള സാധ്യതയും ആശങ്കക്കിടയാവുന്നത്. ഈ സ്ഥലത്ത് ആളപായം ഉണ്ടാവാതാരിരിക്കാൻ വകുപ്പ് അധികൃതരിൽ നിന്നും നടപടി ഉണ്ടാവണമെന്നത് അത്യാവശ്യമായിരിക്കുകയാണ്.

സാമ്പത്തിക പ്രതിസന്ധി; കമ്യൂണിറ്റി കോളജ് കെട്ടിടനിർമാണം ആറുവർഷമായിട്ടും തീർന്നില്ല

വടക്കഞ്ചേരി: സംസ്ഥാനത്തെ ഏക കമ്യൂണിറ്റി കോളജിനുള്ള കെട്ടിടത്തിൻറെ നിർമാണം ആറു വർഷമായി തുടരുകയാണ്. ഒരു വർഷത്തിലേറെ കാലം നിർത്തിവച്ച് വീണ്ടും തുടർന്നെങ്കിലും കരാർ കമ്പനിയുടെ ബില്ലുകൾ പാസാക്കി പണം നൽകാത്തതാണ് നിർമാണത്തിൻറെ മെല്ലെപ്പോക്കിന് കാരണമാകുന്നത്. രണ്ട് കോടിയിൽപരം രൂപ കരാർ കമ്പനിക്ക് നൽകാനുണ്ടെന്ന് പറയുന്നു. പണം ലഭ്യമായാൽ ആറ് മാസം കൊണ്ട് മുഴുവൻ പണികളും പൂർത്തിയാക്കാമെന്നാണ് കരാർ കമ്പനി പ്രതിനിധികൾ പറയുന്നത്.

ഇടക്ക് കരാറുകാരൻ മാറിയും പുതിയ കരാർ കമ്പനി വന്നും തുടക്കത്തിലുണ്ടായ വേഗത പിന്നീടുണ്ടായില്ല. അഞ്ച് കോടി രൂപ ചെലവിലാണ് കണക്കൻ തുരുത്തി റോഡിൽ മണ്ണാംപറമ്പിൽ കോളജിനുള്ള കെട്ടിടം നിർമിക്കുന്നത്. 2012ൽ കോളജ് ആരംഭിച്ചതു മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വടക്കഞ്ചേരി ടൗണിനടുത്ത് കിഴക്കഞ്ചേരി റോഡിൽ സാമൂഹ്യാരോഗ്യ കേന്ദ്രത്തിനു സമീപത്തെ പഴയ കെട്ടിടത്തിലാണ് കോളജിൻറെ പ്രവർത്തനം. 2018 ജൂൺ 16 നാണ് മണ്ണാംപറമ്പിൽ റവന്യൂവകുപ്പിന് അനുവദിച്ച സ്ഥലത്ത് കോളജിനായി അന്നത്തെ മന്ത്രിയായിരുന്ന എ. കെ. ബാലൻ കെട്ടിടത്തിൻറെ ശിലാസ്ഥാപനം നടത്തിയത്. 18 മാസത്തിനുള്ളിൽ കെട്ടിട നിർമാണം പൂർത്തിയാക്കി കോളജിൻറെ പ്രവർത്തനം പുതിയ കെട്ടിടത്തിലാകുമെന്നായിരുന്നു പ്രഖ്യാപനം.

പല 18 മാസങ്ങൾ കടന്നുപോയെങ്കിലും കെട്ടിട നിർമാണം പൂർത്തിയായില്ല. സ്ഥലം എംഎൽഎ കൂടിയായിരുന്ന എ. കെ. ബാലൻ പ്രത്യേക താത്പര്യമെടുത്തായിരുന്നു കേരളത്തിലെ തന്നെ ഏക കമ്യൂണിറ്റി കോളജ് വടക്കഞ്ചേരിയിൽ കൊണ്ടുവന്നത്.

കോളജിന് സ്വന്തം കെട്ടിടം എന്ന സ്വപ്നസാക്ഷാത്കാരത്തിനായി ബാലൻ തന്നെ ഇടപെടലുകൾ നടത്തുകയും ചെയ്തു. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷനിസ്റ്റ് എന്ന കോഴ്സാണ് കോളജിലെ പ്രധാന പാഠ്യഭാഗം. വാഹന നിർമാണ കമ്പനിയിൽ മെഷനിസ്റ്റ് എന്ന പോസ്റ്റിലാണ് ഈ കോഴ്സ് കഴിഞ്ഞവർക്ക് ജോലി സാധ്യതയുള്ളത്.

ലെയ്ത്ത്, ഡ്രില്ലിംഗ് തുടങ്ങിയവയാണ് കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പത്താം ക്ലാസാണ് കോഴ്സിനു വേണ്ട യോഗ്യത. തുടക്കത്തിൽ 20 സീറ്റ് ആയിരുന്നത് ഇപ്പോൾ 40 സീറ്റാക്കി വർധിപ്പിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിനാണ് മുൻഗണന.

പട്ടിക വർഗ വിഭാഗത്തിനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും സംവരണമുണ്ട്. കോളജ് പ്രവർത്തിച്ചു വരുന്ന വാടക കെട്ടിടം സുരക്ഷിതമല്ലാത്തതിനാൽ ലക്ഷങ്ങൾ വിലമതിക്കുന്ന മെഷീനറികളെല്ലാം പൊടിമൂടി ഉപയോഗശൂന്യമാകുന്ന സ്ഥിതിയുണ്ട്.

രണ്ടു കോടിയിൽപരം രൂപ വിലമതിക്കുന്ന മെഷീനറികളാണ് കോളജിൽ കുട്ടികളുടെ പഠനത്തിനായുള്ളത്.

റബർ വില താഴോട്ടു പതിക്കുന്നു

കോട്ടയം: ടാപ്പിംഗ് പുനരാരംഭിച്ച് ഒരാഴ്ച പിന്നിട്ടപ്പോഴേക്കും റബർ വില ഇടിഞ്ഞുതുടങ്ങി. ആർഎസ്എസ് നാല് ഗ്രേഡ് 180.50, ഗ്രേഡ് അഞ്ച് 177.50 നിരക്കിലേക്കാണ് വില താഴ്ന്നത്. ഒറ്റപ്പെട്ട വേനൽമഴ ലഭിച്ചെങ്കിലും കനത്ത ചൂടിൽ ഉത്പാദനം നാമമാത്രമാണ്.

ലാറ്റക്സ് തോത് കുറവായതിനാൽ ഷീറ്റ് ഉത്പാദനം തുടങ്ങിയിട്ടുമില്ല. ഏറെ കർഷകരും ചണ്ടിപ്പാൽ വിൽക്കുകയാണ്.

വിദേശരാജ്യങ്ങളിലും കാര്യമായി ഉത്പാദനമില്ല. മുൻ മാസങ്ങളിൽ ക്രംബ് വില താഴ്ന്ന വേളയിൽ ടയർ വ്യവസായികൾ വലിയ തോതിൽ ക്രംബ് റബർ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. അതിനാൽ മുൻനിര ടയർ കമ്പനികൾ നാമമാത്രമായി മാത്രമേ ഷീറ്റ് വാങ്ങാൻ താത്പര്യപ്പെടുന്നുള്ളൂ. ആസാം, മിസോറാം, മേഘാലയ സംസ്ഥാനങ്ങളിൽനിന്ന് നിലവാരം കുറഞ്ഞ ഷീറ്റ് കുറഞ്ഞ വിലയ്ക്ക് ലഭ്യമാണ്. ഏതാനും കമ്പനികളും വ്യവസായികളും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള മേന്മ കുറഞ്ഞ ചരക്ക് മാത്രമേ വാങ്ങുന്നുള്ളൂ.

സ്കൂൾ, കോളജ് തുറക്കൽ മാസം സാമ്പത്തിക പ്രതിസന്ധിക്കു പരിഹാരമായി ടാപ്പിംഗ് പുനരാരംഭിച്ച കർഷകർ വലിയ നഷ്ടത്തെ നേരിടുകയാണ്. ആഗോള തലത്തിൽ ഉത്പാദനത്തിൽ വലിയ കുറവുണ്ടായിട്ടും വില ഉയരാത്തതിൽ ആശങ്കയുണ്ട്. സംസ്ഥാന സർക്കാർ കുറഞ്ഞത് ആറു മാസത്തേക്കെങ്കിലും മിനിമം സബ്സിഡി വില 250 രൂപയായി പ്രഖ്യാപിച്ചാൽ കർഷകർ രക്ഷപ്പെടും.

സബ്സിഡി നിരക്ക് 180 രൂപയാക്കി ബജറ്റിൽ വകയിരുത്തിയ 500 കോടി രൂപ സബ്സിഡിയിൽ നയാപൈസ പോലും ഇതുവരെ സർക്കാരിന് ചെലവഴിക്കേണ്ടിവന്നിട്ടില്ല . കേരളത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം റബർ ഉത്പാദനത്തിൽ 30 ശതമാനം കുറവാണുണ്ടായിരിക്കുന്നത്. റബർ ബോർഡ് ഇക്കാര്യം മറച്ചുവച്ച് എല്ലാ മാസവും ശരാശരി അര ലക്ഷം ടൺവീതം ഉത്പാദനക്കണക്ക് പുറത്തുവിടുന്നു. മഴക്കാലത്തും മഞ്ഞുകാലത്തും റബർ ബോർഡിൻറെ ഉത്പാദനക്കണക്ക് ഒരേ തോതിലാണ്.എട്ടര ലക്ഷം ടൺ വരെ ഉയർന്ന ആഭ്യന്തര ഉത്പാദനം അഞ്ചു ലക്ഷം ടണ്ണിലേക്ക് താഴ്ന്നിരിക്കെയും വിലയിൽ കൃഷിക്കാർക്ക് നേട്ടമില്ല. വ്യവസായ താത്പര്യം മാത്രം സംരക്ഷിക്കുന്ന റബർ ബോർഡ് റബർ സംബന്ധമായ വിവരങ്ങളൊന്നും പുറത്തുവിടാൻ താത്പര്യപ്പെടുന്നില്ലെന്ന് കർഷക സംഘടനകൾ പറയുന്നു.

വരാപ്പുഴയിൽ വ്യാപാര സ്ഥാപനങ്ങളിൽ തീപിടുത്തം, 60 ലക്ഷം രൂപയുടെ നഷ്ടം

വരാപ്പുഴ: വരാപ്പുഴ ടൗണിൽ ചെട്ടിഭാഗത്ത് രണ്ട് വ്യാപാര സ്ഥാപനങ്ങൾക്ക് തീപിടുത്തം. ആളപായമില്ല. ഇന്നലെ രാവിലെ 7.30നായിരുന്നു സംഭവം. കളത്തിപ്പറമ്പിൽ വീട്ടിൽ സീമ ഷിബുവിൻറെ ഉടമസ്ഥതയിലുള്ള ഫോർ എസ് ലേഡീസ് സെൻററും ഇവരുടെ തന്നെ തൊട്ടടുത്തുള്ള പ്രവർത്തിക്കാതെ കിടക്കുന്ന മറ്റൊരു മുറിയിലുമാണ് തീപടർന്നത്. ആധുനിക രീതിയിൽ ഫർണീഷ് ചെയ്ത് ശീതീകരിച്ച ലേഡീസ് സെൻററിലുണ്ടായിരുന്ന മുഴുവൻ സാധനങ്ങളും പൂർണമായും കത്തിനശിച്ചു.

തൊട്ടടുത്ത മുറിയിൽ ഫർണീച്ചറുകളും കുറച്ചു സാധനങ്ങളുമാണ് ഉണ്ടായിരുന്നത്. അവയും കത്തിനശിച്ചു. എതിർവശത്തുള്ള സ്ഥാപനം നടത്തുന്നയാളാണ് മുറിയിൽ നിന്നും പുക ഉയരുന്ന വിവരം സീമ ഷിബുവിനെ അറിയിച്ചത്.

ഉടൻ പോലീസിൽ വിവരമറിയിക്കുകയായിരുന്നു. ഏലൂരിൽ നിന്ന് ഫയർഫോഴ്സ് യൂണിറ്റുകളെത്താൻ കുറച്ചു സമയമെടുത്തു. പിന്നീട് പറവൂരിൽ നിന്ന് മറ്റൊരു യൂണിറ്റു കൂടി സ്ഥലത്തെത്തി. മൂന്നു യൂണിറ്റുകളുടെ ഏറെ നേരത്തെ ശ്രമത്തിനൊടുവിലാണ് തീ പൂർണമായും അണച്ചത്. വരാപ്പുഴ ടൗൺ റോഡുകളിലെ ഗതാഗതം പൂർണമായും സ്തംഭിച്ചു. മൂന്നു മണിക്കൂറിനു ശേഷമാണ് ഗതാഗതം പോലീസിൻറെ നേതൃത്വത്തിൽ പുനഃസ്ഥാപിച്ചത്. ഷോർട്ട് സർക്യൂട്ടാണ് തീ പിടിക്കാനുള്ള കാരണമെന്നാണ് നിഗമനം.

ലേഡീസ് സെൻററിൽ പെർഫ്യൂമുകൾ, നെയിൽ പോളീഷുകൾ തുടങ്ങി പെട്ടെന്ന് തീ പിടിക്കുന്ന സാധനങ്ങൾ ഉണ്ടായതാണ് തീ ആളിപ്പടരാൻ കാരണം. ഏകദേശം 60 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി ഉടമ പറഞ്ഞു. സംഭവത്തിൽ വരാപ്പുഴ പോലീസിൽ പരാതി നൽകി.

തടി കയറ്റിവന്ന ലോറി നിയന്ത്രണംതെറ്റി ഇടിച്ചുകയറി രണ്ടു കാറുകളും കടയും തകർത്തു

ചിങ്ങവനം: എംസി റോഡിൽ മണിപ്പുഴയിൽ തടി കയറ്റിവന്ന ലോറി നിയന്ത്രണം തെറ്റി രണ്ടു കാറുകളും കടകളുടെ മുൻഭാഗവും തകർത്തു. പിന്നീട് മുൻപോട്ട് നീങ്ങി സമീപത്തെ സ്വകാര്യ സ്കൂളിൻറെ പ്രവേശന കവാടവും തകർത്താണ് നിന്നത്.

ചൊവ്വാഴ്ച പുലർച്ചെ അഞ്ചിന് മണിപ്പുഴ ജംഗ്ഷന് സമീപമാണ് അപകടം നടന്നത്. ചിങ്ങവനം ഭാഗത്തു നിന്നു വരികയായിരുന്ന ലോറിയാണ് അപകടത്തിൽപ്പെട്ടത്. പുലർച്ചെ ആയതിനാൽ ആളുകൾ വഴിയിൽ ഇല്ലാതിരുന്നതും കാറുകൾ തലേ ദിവസം പാർക്ക്ചെയ്തിട്ടിരുന്നതിനാലും വൻ അപകടം ഒഴിവായി.

ലോറി ഡ്രൈവർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. ഡ്രൈവർ ഉറങ്ങിയതാകാം അപകട കാരണമെന്ന് ചിങ്ങവനം പോലീസ് പറഞ്ഞു. സംഭവത്തെത്തുടർന്ന് മണിക്കൂറുകളോളം എംസി റോഡിൽ ഗതാഗതം തടസപ്പെട്ടു. ചിങ്ങവനം പോലീസെത്തിയാണ് ഗതാഗത തടസം ഒഴിവാക്കിയത്. കാറുകൾ പൂർണമായും തകർന്ന നിലയിലാണ്.

കുമരകത്ത് കോഴികൾ കൂട്ടത്തോടെ ചാകുന്നു

കുമരകം: കുടുംബം പുലർത്താൻ കോഴി കൃഷി നടത്തിയ കുമരകം സ്വദേശി വിത്തുവട്ടിൽ ഫിലിപ്പ് വി. കുര്യന് നഷ്ടമായത് 60ൽ അധികം കോഴികൾ.ഉയർന്ന അന്തരീക്ഷതാപനിലയാണ് കോഴികൾ കൂട്ടത്തോടെ ചാകാൻ കാരണമെന്ന് വീട്ടുകാർ വിശ്വസിക്കുന്നു. അതേ സമയം ആലപ്പുഴയിൽ പടർന്നുകൊണ്ടിരിക്കുന്ന പക്ഷിപ്പനി ബാധയാണോ കുമരകത്ത് അഞ്ചാം വാർഡിൽ കോഴികൾ കൂട്ടമായി ചത്തതെന്നറിയാൻ പരിശോധനാ ഫലം എത്തേണ്ടതായിട്ടുണ്ട്. രണ്ടു ദിവസമായി കോഴികൾ കൂട്ടത്തോടെ ചത്തുവീണ് തുടങ്ങിയത് ഈ കർഷകന് വലിയ ഇരുട്ടടിയായി മാറി.തൻറെ രണ്ട് വലിയ കൂടുകളിലായി വളർത്തിയിരുന്ന 100 കോഴികളിൽ 60 ലധികം കോഴികൾ കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി ചത്തത്.

അന്തരീക്ഷത്തിലെ വലിയ ചൂട് സഹിക്കാനാകാത്തതാണ് കോഴികൾ കൂട്ടത്തോടെ ചാകാൻ കാരണമെന്നാണ് ഫിലിപ്പിൻറെ ഭാര്യ മേഴ്സി പറഞ്ഞത്. ചൂട് സഹിക്കാനാകാതെ കുടിക്കാൻ വെള്ളം കൊടുക്കുന്ന പാത്രത്തിലെ വെള്ളത്തിൽ കോഴികൾ കൂടെ കൂടെകയറി ഇരുന്നിരുന്നതായും വീട്ടമ്മ പറഞ്ഞു. അവശേഷിക്കുന്ന കോഴികളും താമസംവിന ചാകുന്ന ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്.

RNI NO. 5184, Vol - 4, Issue -156, Printed, Published and owned by M.B Afsal, Anveshi Publications, Printed at Kallathingal printers, Thiruvananthapuram. Published at Kollam, Thiruvananthapuram and Kozhikode. Editorial : Anveshi, Vazhuthacaud, Thiruvananthapuram, Kerala - 695014, Editor : M. B. Afsal, Kollam, Kerala . Phone : +914712317756, +914713552750, +918281552088, email: anveshinews11@gmail.com, anveshionline@gmail.com. Website : www.anveshi.in, www.anveshionline.com (Editor, Responsible for selection of news under PRB Act.)